/samakalikajanapadham/ /prd.kerala.gov.in/publications

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് | കേരള സർക്കാർ

₹12

# സമകാലിക ജനപഥം

2025 സെപ്റ്റംബർ പുസ്തകം 12 ലക്കം 2

# ഇതാണ് കേരള സ്റ്റോറി



പലവിധ കാരണങ്ങളാൽ
അതിദാരിദ്ര്യത്തിലേക്ക്
എടുത്തെറിയപ്പെട്ട
മനുഷ്യരെ ഒരു നാട്
കൈപിടിച്ചുയർത്തുകയാണ്.
64,000 വ്യത്യസ്ത
ജീവിതാനുഭവങ്ങൾ
കൂടിയാണ് അവ.

അവരുടെ
പുഞ്ചിരികളിൽ
തിളങ്ങുകയാണ്
കേരളം


കേരള സർക്കാർ
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ
LSGD
തദ്ദേശ സ്വയംഭരണ വകുപ്പ്
ഡിജി കേരളം പദ്ധതിയിലൂടെ
ഇന്ത്യയിലെ ആദ്യത്തെ
സമ്പൂർണ ഡിജിറ്റൽ സാക്ഷര
സംസ്ഥാനമായി
കേരളം
പരിശീലനം പൂർത്തിയാക്കിയവർ
21,87,966
വിജയശതമാനം
99.99%
സർവേ നടത്തിയ വീടുകൾ
83,45,879
വളണ്ടിയർമാർ
2,57,048
തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള സർക്കാർ
കേരള ജോഡൽ
മയക്കുമരുന്നുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിന്
ഹെൽപ്പ് ലൈൻ നമ്പർ 1933
9497979794, 9497927797

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

**സമകാലിക**
**ജനപഥം**

2025 സെപ്റ്റംബർ 1 • പുസ്തകം 12 • ലക്കം 2

**എഡിറ്റർ** ടി വി സുഭാഷ് ഐ എ എസ്
**അഡീഷണൽ എഡിറ്റർ** കെ ജി സന്തോഷ് **ഡപ്യൂട്ടി എഡിറ്റർ** നാഫിഹ്.എം
**എഡിറ്റർ-ഇൻ-ചാർജ്** കെ എസ് ഇന്ദുശേഖർ
**അസിസ്റ്റന്റ് എഡിറ്റർ** ഡെസ്നി സുൽഹ് **സർക്കുലേഷൻ ഓഫീസർ** മെർലിൻ ജെ എൻ
**കവർ & ലേഔട്ട്** രതീഷ് കുമാർ (ഡിജിക്രോ) **ടൈപ്പ് സെറ്റിങ്** വിനിത വി എസ്

എഡിറ്റോറിയൽ >>

# ലോകത്തിനു മുന്നിൽ മറ്റൊരു അഭിമാനമാതൃക കൂടി



ഈ കേരളപ്പിറവി ദിനത്തിൽ കൊച്ചുകേരളം വികസിത ലോകരാഷ്ട്രങ്ങൾക്കൊപ്പം നിൽക്കാനാവുന്ന അഭിമാനദീപ്തമായ ഒരു പ്രഖ്യാപനത്തിന് കാതോർക്കാൻ ഒരുങ്ങുകയാണ്. കേരളം അതിദാരിദ്ര്യമുക്തമായ സംസ്ഥാനമായെന്ന പ്രഖ്യാപനം. ചൈനയ്ക്ക് ശേഷം ഈ നേട്ടം കൈവരിക്കുന്ന ലോകത്തിലെ രണ്ടാമത്തെ ഭൂപ്രദേശമാവുകയാണ് നമ്മുടെ നാട്. കണ്ടെത്തിയ 64,006 അതിദരിദ്രരാണ് ദാരിദ്ര്യത്തിൽനിന്ന് മോചിപ്പിക്കപ്പെടുന്നത്. അതു മാത്രമല്ല, അവർക്ക് തുടർന്ന് അന്തസ്സുള്ള ജീവിതം ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സംസ്ഥാനം കൈക്കൊള്ളുന്നു.

ഇപ്പോൾത്തന്നെ ഇന്ത്യയിൽ ദാരിദ്ര്യം ഏറ്റവും കുറവുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. നീതി ആയോഗിന്റെ കണക്കനുസരിച്ച്. നമ്മുടെ ജനസംഖ്യയുടെ 0.55 ശതമാനം മാത്രമാണ് അതിദരിദ്രർ. ചിട്ടയായ പ്രവർത്തനത്തിലൂടെ ഈ കുറഞ്ഞ ശതമാനം ദാരിദ്ര്യവും ഇല്ലാതാക്കാൻ സംസ്ഥാന സർക്കാരിനു സാധിച്ചു. ഭക്ഷണം, ആരോഗ്യം, ഉപജീവനമാർഗം, പാർപ്പിടം തുടങ്ങി ദാരിദ്ര്യമുക്തിയിലേക്കുള്ള ഓരോ പ്രശ്നങ്ങളും ഘട്ടം ഘട്ടമായി പരിഹരിച്ചാണ് ഈ നേട്ടത്തിലെക്കെത്തിയത്.

പലവിധ കാരണങ്ങളാൽ അതിദാരിദ്ര്യത്തിലേക്ക് എടുത്തെറിയപ്പെട്ട മനുഷ്യരെ ഒരു നാട് കൈപിടിച്ചുയർത്തിയതിന്റെ അനുഭവകഥകൾ കൂടിയാണത്. എല്ലാ ഭേദചിന്തകളും മറന്ന് സംസ്ഥാന സർക്കാരിനൊപ്പം കേരളം നിലകൊണ്ട അനന്യമായ ദേശീയമാതൃക.

**ടി വി സുഭാഷ് ഐ എ എസ്**
എഡിറ്റർ

2025 SEPTEMBER 1 VOLUME 12 ISSUE 2 E-MAIL : prdmalayalam@gmail.com WEBSITE : www.prd.kerala.gov.in

**പ്രതികരണങ്ങൾ അയക്കേണ്ട വിലാസം**
എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
ഇമെയിൽ prdmalayalam@gmail.com
ഫോൺ 0471 2518171

**വരിക്കാരാകാൻ 120 രൂപയുടെ മണി ഓർഡർ**
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ വിഭാഗം, ഒന്നാം നില,
സെക്രട്ടേറിയറ്റ് അനക്സ്-1, തിരുവനന്തപുരം-1
ഫോൺ 0471 2517036
ഇമെയിൽ iocirculation@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും

/samakalikajanapadham/ /prd.kerala.gov.in/publications/ https://janapadham.kerala.gov.in/

# ഉള്ളടക്കം




5 പട്ടിണിപ്പാവങ്ങളില്ലാത്ത കേരളം
**പിണറായി വിജയൻ**

8 ചരിത്ര നേട്ടത്തിലേക്ക് ഒരു ചുവട്
**എം. ബി. രാജേഷ്**

11 ഇതാണ് കേരള സ്റ്റോറി
**ഡെസ്നി സുൽഫ്**

17 തദ്ദേശീയ ജനവിഭാഗങ്ങൾക്ക് സവിശേഷ ശ്രദ്ധ
**ഒ. ആർ. കേളു**

19 കുടുംബശ്രീ സമാനതകളില്ലാത്ത മാതൃക
**ശാരദ മുരളീധരൻ**

23 വഴികാട്ടിയായി കോട്ടയം
**ഷിബു ഇ. വി**

25 ചരിത്ര പാതകൾ
**ബിജോ വേലിക്കകത്ത്**

34 ഉണ്ണിയെ കണ്ടാലറിയാം ഊരിന്റെ നിറവ്
**രാവുണ്ണി**

36 ഭൂപ്രശ്നത്തിനും പരിഹാരം
**കെ രാജൻ**

38 ഒളകരയിൽ മണ്ണിനവകാശം
**നിർമാല്യ ടി സുന്ദർ**

40 തിളങ്ങുന്ന കേരളം
**അനുഷ പോൾ**

42 കേരളം ഡിജിറ്റലായ കഥ
**സജിനാ സത്താർ**

46 പാട്ടിന് കൂട്ട് മുതൽ ബിസിനസ് പാർട്ട്ണർ വരെ

48 അറിവുലകം


കവർച്ചിത്രം: എഐ പ്രതീകാത്മക ചിത്രം

**പിണറായി വിജയൻ**
മുഖ്യമന്ത്രി



**2025 നവംബർ ഒന്നിന് കേരളപ്പിറവി ദിനത്തിൽ മുഴുവൻ അതിദരിദ്രരേയും ദാരിദ്ര്യത്തിൽ നിന്ന് മുക്തമാക്കിയ സംസ്ഥാനമായി കേരളം മാറും. ഇതോടെ ലോകത്ത് ചൈനയ്ക്ക് ശേഷം അതിദാരിദ്ര്യനിർമ്മാർജന പ്രവർത്തനം സമഗ്രമായി നടപ്പിലാക്കുന്ന ആദ്യ പ്രദേശമാവുകയാണ് കേരളം**

# പട്ടിണിപ്പാവങ്ങളില്ലാത്ത കേരളം

ജനാധിപത്യത്തിന്റെ അടിസ്ഥാന മൂല്യങ്ങളിൽ ഒന്നാണ് സാമ്പത്തിക സമത്വം. ദരിദ്രരും ധനികരും എന്ന വ്യത്യാസമില്ലാതാക്കി നാടിന്റെ സമ്പത്തിന്റേയും വിഭവങ്ങളുടേയും ഗുണഫലം ഏവർക്കും ഒരുപോലെ ലഭിക്കുന്ന ഒരു ലോകത്തു മാത്രമാണ് ജനാധിപത്യം അർഥപൂർണ്ണമാകുന്നത്. നാം വിഭാവനം ചെയ്യുന്നതും എല്ലാവരെയും ചേർത്തുപിടിക്കുന്ന സമഗ്രവും സർവതലസ്പർശിയുമായ വികസനമാണ്. അത്തരമൊരു നവകേരളനിർമ്മിതിയെന്ന ലക്ഷ്യത്തിനായി കഴിയാവുന്നത്ര ശ്രമിക്കുകയാണ് സർക്കാർ.


ഈ ലക്ഷ്യത്തിലെ അതീവപ്രാധാന്യമുള്ള ഒരു പ്രഖ്യാപനത്തിനൊരുങ്ങുകയാണ് നാം. 2025 നവംബർ ഒന്നിന് കേരളപ്പിറവി ദിനത്തിൽ മുഴുവൻ അതിദരിദ്രരേയും ദാരിദ്ര്യത്തിൽ നിന്ന് മുക്തമാക്കിയ സംസ്ഥാനമായി കേരളം മാറും. ഇതോടെ ലോകത്ത് ചൈനയ്ക്ക് ശേഷം അതിദാരിദ്ര്യ നിർമ്മാർജന പ്രവർത്തനം സമഗ്രമായി നടപ്പിലാക്കുന്ന ആദ്യ പ്രദേശമാവുകയാണ് കേരളം. ഇന്ത്യൻ സംസ്ഥാനങ്ങളിൽ ദാരിദ്ര്യം ഏറ്റവും കുറവുള്ളതും കേരളത്തിലാണ്. നീതി ആയോഗിന്റെ സൂചികകൾ ഇത് ഉറപ്പിക്കുന്നു.



ഈ സർക്കാർ അധികാരത്തിലെത്തു മ്പോൾ ആദ്യ മന്ത്രിസഭായോഗത്തിൽ തന്നെ എടുത്ത തീരുമാനമായിരുന്നു അതിദാരിദ്ര്യ നിർമ്മാർജനം നടപ്പാക്കുക എന്നത്. അതിദരിദ്രരായി കണ്ടെത്തിയ 64006 കുടുംബങ്ങളിൽ 2025 ആഗസ്റ്റി ലെ കണക്ക് പ്രകാരം ഇതിനകം 53027 കുടുംബങ്ങളെ ദാരിദ്ര്യമുക്തമാക്കി. ഇത് 83 ശതമാനമാണ്. പദ്ധതിയുടെ ആദ്യ ഘട്ട പ്രവർത്തനങ്ങൾ 2023 നവംബർ ഒന്നിന് പൂർത്തിയായിരുന്നു. 30658 (47.89%) കുടുംബങ്ങളെ അതിദാരിദ്ര്യ ത്തിൽ നിന്ന് മുക്തരാക്കിയതായി പ്രഖ്യാപിച്ചു.

അതിദരിദ്രരെയും അഗതികളെയും കണ്ടെ ത്തുന്നതിനും, അവരെ അതിജീവനത്തിന് സഹായിക്കുന്നതിനുമായി 2016-ൽ അഗതി രഹിത കേരളം പദ്ധതി നടപ്പാക്കിയിരുന്നു. ഈ പദ്ധതിയിലും മറ്റ് ദാരിദ്ര്യനിർമ്മാർജന പദ്ധതികളിലും ഉൾപ്പെടാതെ പോയ അതിദരിദ്രരെക്കൂടി ഉൾക്കൊള്ളുന്ന ഒരു പദ്ധതിയായാണ് അതിദാരിദ്ര്യ നിർമ്മാർ ജനത്തെ സർക്കാർ വിഭാവനം ചെയ്തത്.

സമഗ്രവും ശാസ്ത്രീയവും ജനകീയവുമായ നിർണ്ണയ പ്രക്രിയയിലൂടെയാണ് കേരളം അതിദരിദ്രരെ കണ്ടെത്തിയത്. ഭക്ഷണം, സുരക്ഷിതമായ വാസസ്ഥലം, അടിസ്ഥാന വരുമാനം, ആരോഗ്യസ്ഥിതി എന്നീ നാലു



> **സമഗ്രവും ശാസ്ത്രീയവും ജനകീയവുമായ നിർണ്ണയ പ്രക്രിയയിലൂടെയാണ് കേരളം അതിദരിദ്രരെ കണ്ടെത്തിയത്**

ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് അതിദാരിദ്ര്യം നിർണ്ണയിച്ചത്. അതിദരിദ്ര രുടെ പട്ടിക ജനകീയ പങ്കാളിത്തത്തോടെ സാമൂഹിക സംഘടനാപ്രവർത്തകരു ടെയും കുടുംബശ്രീ അയൽക്കൂട്ടം പ്രവർ ത്തകരുടെയും ഫോക്കസ് ഗ്രൂപ്പ് ചർച്ചക ളിലൂടെയും വാർഡുകളിലെ ക്ലസ്റ്റർതല ചർച്ചകളിലൂടെയും തയ്യാറാക്കപ്പെട്ട വിവിധ പട്ടികകൾ ഏകോപിപ്പിച്ചു കൊണ്ടാണ് തയ്യാറാക്കിയത്.

പട്ടികയിൽ ഉൾപ്പെട്ട ഓരോ കുടുംബത്തേ യും സന്ദർശിച്ച് നിശ്ചിത മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള വിവരശേഖരണം നടത്തുക എന്നതായിരുന്നു അടുത്ത ഘട്ടം. പ്രത്യേകം തയ്യാർ ചെയ്ത ഒരു മൊബൈൽ ആപ്ലിക്കേഷൻ വഴിയാണ് ഈ പ്രവർത്ത നം നടത്തിയത്. തുടർ ഇടപെടലുകൾക്കു സഹായകമായ രീതിയിൽ, ഓരോ വീടി ന്റെയും ലൊക്കേഷൻ കൂടി ഇതിൽ രേഖ പ്പെടുത്തി. ഈ പട്ടികകൾ വാർഡ് / ഗ്രാമ സഭകളുടെ അംഗീകാരത്തിന് സമർപ്പിച്ച്, പരാതികൾ പരിഹരിച്ച് അന്തിമ പട്ടിക പ്രസിദ്ധീകരിച്ചു. 64,006 കുടുംബങ്ങളാണ് ഈ അന്തിമപട്ടികയിൽ ഉൾപ്പെട്ടത്. 2021 ജൂലൈ മുതൽ 2022 ജനുവരി വരെ നീണ്ടു നിന്ന ഈ പ്രവർത്തനങ്ങളിലൂടെയാണ് അതിദരിദ്രരെ കണ്ടെത്തൽ പ്രക്രിയ പൂർത്തിയാക്കിയത്.

അതിദരിദ്രരുടെ പട്ടികയിൽപ്പെട്ട കുടും ബങ്ങളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും പ്രത്യേകമായി എടുത്ത് പരിശോധിച്ച പ്പോൾ ഓരോന്നും വ്യത്യസ്തമാണെന്ന് കാണാനായി. അവ പ്രത്യേകമായി പരിശോധിച്ച് പരിഹാരം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് മൈക്രോ പ്ലാനുകൾ രൂപവൽക്കരിക്കാൻ തീരുമാനിച്ചത്. ആ മൈക്രോ പ്ലാൻ രൂപീകരണം പൂർത്തി യായി. അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ യിലൂടെ കണ്ടെത്തിയ കുടുംബങ്ങളെയും വ്യക്തികളെയും അവരുടെ നിലവിലുള്ള ജീവിതാവസ്ഥയിൽ നിന്നും കരകയറ്റാൻ ഉപകരിക്കുന്ന സൂക്ഷ്മതല പദ്ധതിയാണ് മൈക്രോപ്ലാൻ. ഇതിനായി പ്രത്യേക മാർഗനിർദേശങ്ങൾ തയ്യാറാക്കി പുറപ്പെടുവിച്ചു. തങ്ങളുടെ അതിദാരിദ്ര്യാവ സ്ഥയെക്കുറിച്ചും അതിനെ മറികടക്കുന്നതി നെക്കുറിച്ചുമുള്ള ഓരോ കുടുംബത്തിന്റെയും അഭിപ്രായങ്ങൾ കൂടി പരിഗണിച്ചാണ് മൈക്രോ പ്ലാനുകൾ രൂപപ്പെടുത്തിയത്.

ഇനി ഹ്രസ്വകാല, ദീർഘകാല പദ്ധതി കളിലൂടെ മുഴുവൻ അതിദരിദ്രരെയും ദാരിദ്ര്യത്തിൽനിന്ന് മോചിപ്പിക്കുകയും മികച്ച ജീവിതനിലവാരം ഉറപ്പുവരുത്തു കയും ചെയ്യും. ഉടൻ നടപ്പിലാക്കേണ്ടവ, ഹ്രസ്വകാലത്തിൽ പൂർത്തിയാക്കേണ്ടവ, ദീർഘകാലത്തിനുള്ളിൽ ഉറപ്പാക്കേണ്ടവ എന്നിങ്ങനെ തരംതിരിച്ചാണ് പ്രവർത്ത



കേരളീയം പരിപാടിയിൽ 47.89% കുടുംബങ്ങളെ അതിദാരിദ്ര്യമുക്തമാക്കിയതായി മുഖ്യമന്ത്രി പ്രഖ്യാപിക്കുന്നു

നങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. അതിൽ ഏറെ വേഗത്തിൽ നടപ്പാക്കേണ്ട ഒന്നായിരുന്നു കൈവശാവകാശ രേഖകൾ ലഭ്യമാക്കൽ. അതിന്റെ ഭാഗമായാണ് 'അവകാശം അതിവേഗം' എന്ന പേരിൽ ഓരോ കുടുംബത്തിനും അർഹമായ അവകാശ രേഖകൾ, പാചക വാതക കണക്ഷനുകൾ, വൈദ്യുതി കണക്ഷനുകൾ എന്നിവയെല്ലാം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചത്. നിരവധി പേരെ കുടുംബശ്രീയുടെ ഭാഗമാക്കി. ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു പ്രവർത്തനം, വീട് ലഭിക്കാൻ അർഹതയുണ്ടായിട്ടും ലൈഫ് ഭവന പദ്ധതിയിൽ അപേക്ഷിക്കാൻ കഴിയാതിരുന്ന, വീട് മാത്രം ആവശ്യമുള്ള 5,724 കുടുംബങ്ങളെയും വസ്തുവും വീടും ആവശ്യമുള്ള 5,616 കുടുംബങ്ങളെയും ലൈഫ് ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെടുത്തി എന്നതാണ്. അങ്ങനെ ആകെ 11,340 അതിദരിദ്ര കുടുംബങ്ങൾക്കാണ് പുതുതായി വീട് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചത്.

അതിദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിൽ വിവിധ സർക്കാർ വകുപ്പുകളും ഏജൻസികളും നിർണായകമായ പങ്കാണ് വഹിക്കുന്നത്. ഗൃഹസന്ദർശനം, പ്രത്യേക മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കൽ തുടങ്ങിയവയിലൂടെ ചികിത്സയും തുടർചികിത്സയും ആവശ്യമുള്ളവരെ കണ്ടെത്തി അവ ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. രോഗമുള്ളതായി കണ്ടെത്തിയവരെ ആശുപത്രികളിലെത്തിച്ചു. പുറമെ, വാതിൽപ്പടി സേവനം ആവശ്യമുള്ളവർക്ക് അതും ഉറപ്പാക്കി. ആംബുലൻസ് സേവനവും നൽകിവരുന്നു.

അതിദരിദ്രരിൽ വിദ്യാഭ്യാസം ഇല്ലാത്തവർക്ക് വിദ്യാഭ്യാസം നൽകുന്നതിനും തുടർപഠനം നൽകേണ്ടവർക്ക് അത് നൽകുന്നതിനുമുള്ള നടപടികൾ വിദ്യാഭ്യാസ വകുപ്പ് കൈക്കൊള്ളുന്നു. കൂടാതെ, കുട്ടികൾക്ക് കൗൺസലിങ്, വൊക്കേഷണൽ ട്രെയിനിങ് തുടങ്ങിയവയും നൽകുന്നുണ്ട്.

പോഷകാഹാരക്കുറവ് അനുഭവിക്കുന്ന അതിദരിദ്രരായ അമ്മമാർക്കും കുട്ടികൾക്കും പോഷകാഹാരം നൽകുന്നതിനു വേണ്ട നടപടികളും സ്വീകരിച്ചു.

അതിദരിദ്ര പട്ടികയിലുൾപ്പെട്ട 301 എയ്ഡ്സ് രോഗികൾക്ക് ചികിത്സ ഉൾപ്പെടെയുള്ള സേവനങ്ങൾ എയ്ഡ്സ് കൺട്രോൾ സൊസൈറ്റി വഴിയാണ് നൽകിവരുന്നത്. പല ബഹുജന സർവീസ് സാമൂഹ്യ സംഘടനകളും അതിദാരിദ്ര്യ നിർമ്മാർജന പ്രവർത്തനങ്ങളിൽ സഹകരിക്കുന്നതിന് മുന്നോട്ടുവന്നു. പദ്ധതിപ്രവർത്തനങ്ങൾ വാർഡുതലം മുതൽ സംസ്ഥാനതലം വരെ മോണിറ്റർ ചെയ്യുന്നതിനായി ഒരു വെബ് പോർട്ടൽ



സജ്ജീകരിച്ചിട്ടുണ്ട്. അതിദരിദ്രരായ ഓരോ വ്യക്തിയുടെയും വിവരങ്ങൾ ഇതിലൂടെ അറിയാൻ കഴിയും. കൂടാതെ, പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി ഒരു മൊബൈൽ ആപ്ലിക്കേഷനും വികസിപ്പിച്ചു. അങ്ങനെ നേരിട്ടുള്ള ഇടപെടലുകൾ മുതൽ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ വരെ ഏറ്റെടുത്തുകൊണ്ട് വളരെ ബൃഹത്തായ പ്രവർത്തനങ്ങളാണ് അതിദാരിദ്ര്യ നിർമ്മാർജനത്തിനായി സർക്കാർ നടത്തിയത്.

ഈ പ്രവർത്തനങ്ങളെല്ലാം തന്നെ വ്യക്തമാക്കുന്നത് അതിദാരിദ്ര്യ നിർമ്മാർജനം ഏതെങ്കിലും ഒരു വകുപ്പിന്റെയോ ഓഫീസിന്റെയോ മാത്രം ഉത്തരവാദിത്വമല്ല എന്നതാണ്. കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ അതിദാരിദ്ര്യത്തെ ഇല്ലാതാക്കാൻ നമുക്ക് കഴിയുകയുള്ളൂ. അതേസമയം തന്നെ ദാരിദ്ര്യ നിർമ്മാർജന പ്രക്രിയ ഏതെങ്കിലും ഒരു പ്രത്യേക ഘട്ടത്തിനു വേണ്ടി മാത്രമല്ല എന്ന കാര്യവും തിരിച്ചറിയണം. കാരണം, ആകസ്മികമായി ദാരിദ്ര്യത്തിലേക്ക് തള്ളിവിടപ്പെടുന്ന നിരവധി വ്യക്തികളും കുടുംബങ്ങളും നമ്മുടെ നാട്ടിലുണ്ട്. അത്തരത്തിലുള്ളവർക്ക് തങ്ങൾ അകപ്പെടുന്ന പ്രതിസന്ധികളിൽനിന്നും കരകയറാനുള്ള ഒരു സാമൂഹികാന്തരീക്ഷം സൃഷ്ടിക്കുക എന്നതും പ്രധാനമാണ്. ഇതിനായി നിരന്തരമായ ഇടപെടലുകളും സാമൂഹികനവീകരണവും ഏറെ അനിവാര്യമാണ്. അതൊരുക്കുക കൂടി ചെയ്തുകൊണ്ടുവേണം നാം മുന്നോട്ടു പോകേണ്ടത്.

അവസാനത്തെ മനുഷ്യനും ക്ഷേമം ഉറപ്പാക്കാനും അന്തസ്സുള്ള ജീവിതം ലഭ്യമാക്കാനുമാണ് സംസ്ഥാന സർക്കാരിന്റെ ശ്രമം. അത് നവകേരള നിർമ്മിതിയിലേക്കുള്ള പ്രധാന ചുവടുവയ്പായി മാറുകയും ചെയ്യും. ■

**എം. ബി. രാജേഷ്**
തദ്ദേശ സ്വയംഭരണ, എക്സൈസ്, പാർലമെന്ററി കാര്യ വകുപ്പ് മന്ത്രി

**അതിദാരിദ്ര്യം സമ്പൂർണ്ണമായി നിർമ്മാർജനം ചെയ്യപ്പെടുന്ന ആദ്യത്തെ ഇന്ത്യൻ സംസ്ഥാനമായി കേരളത്തെ മാറ്റാനുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. 2025 നവംബർ ഒന്നിന്റെ കേരളപ്പിറവി ദിനത്തിൽ കേരളത്തെ അതിദാരിദ്ര്യമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുന്നതോടെ ഇത്തരമൊരു നേട്ടം കൈവരിക്കുന്ന ലോകത്തിലെ രണ്ടാമത്തെ ഭൂപ്രദേശമായി കേരളം മാറുകയാണ്. ജനാധിപത്യ-മതനിരപേക്ഷ കേരളത്തിന്റെ മറ്റൊരു നേട്ടം**



# ചരിത്ര നേട്ടത്തിലേക്ക് ഒരു ചുവട്

രണ്ടാം പിണറായി വിജയൻ സർക്കാർ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റെടുത്ത ആദ്യ ദിവസമായ 2021 മെയ് 20ന് ചേർന്ന മന്ത്രിസഭാ യോഗം കൈക്കൊണ്ട ചരിത്രപരമായ തീരുമാനമായിരുന്നു അഞ്ച് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ അതിദാരിദ്ര്യം നിർമ്മാർജനം ചെയ്യുമെന്ന്. അതിനുള്ള വിശദമായ സർവെ ഉടൻ ആരംഭിക്കാനും നിർദേശിച്ചു. ഭക്ഷണം, ആരോഗ്യം, വരുമാനം, പാർപ്പിടം എന്നീ ക്ലേശ ഘടകങ്ങളെ അടിസ്ഥാനമാക്കി 2021 ജൂലൈയിൽ ആരംഭിച്ച് 2022 ജനുവരിയിൽ പൂർത്തിയാക്കിയ സർവെയിലൂടെ ലഭിച്ച വിവരങ്ങൾ സൂക്ഷ്മവിശകലനം ചെയ്തും നേരിൽ പോയി പരിശോധിച്ചും 64006 അതിദരിദ്ര കുടുംബങ്ങളുണ്ടെന്ന് കണ്ടെത്തി. അവർക്കുള്ള വെവ്വേറെ മൈക്രോ പ്ലാനുകൾ തയ്യാറാക്കുകയും അടിയന്തരമായി നൽകേണ്ട സഹായങ്ങളും രേഖകളും സേവനങ്ങളും നൽകുകയും ചെയ്തു. ദീർഘകാല പദ്ധതികളി



ലൂടെ മൂന്ന് വർഷത്തിനുള്ളിൽ മുഴുവൻ അതിദരിദ്രരെയും ദാരിദ്ര്യത്തിൽനിന്ന് മോചിപ്പിക്കുകയും അന്തസ്സായ ജീവിതം ഉറപ്പുവരുത്തുകയും ചെയ്യുമെന്ന പ്രഖ്യാപന മനുസരിച്ച് ചിട്ടയായ, സമയബന്ധിതമായ പ്രവർത്തനമാണ് പൂർത്തീകരണത്തി ലേക്കെത്തുന്നത്. കണ്ടെത്തിയ 64006 അതിദരിദ്ര കുടുംബങ്ങളിൽ ഇതിനകം (2025 ആഗസ്റ്റിലെ കണക്ക്) 53027 കുടുംബങ്ങളെ പദ്ധതിപ്രകാരം ദാരിദ്ര്യ മുക്തമാക്കി. ഇത് 83 ശതമാനമാണ്. പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ 2023 നവംബർ ഒന്നിന് പൂർത്തിയായി രുന്നു. അന്ന് 'കേരളീയം' പരിപാടിയിൽ വച്ച് 30658 (47.89%) കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽനിന്ന് മുക്തരാക്കി യതായി മുഖ്യമന്ത്രി പ്രഖ്യാപിച്ചു. ഇനി 2025 നവംബർ ഒന്നിന് കേരളപ്പിറവി ദിനത്തിൽ മുഴുവൻ അതിദരിദ്രരേയും ദാരിദ്ര്യത്തിൽനിന്ന് മുക്തമാക്കിയതിന്റെ പ്രഖ്യാപനം നടത്തും.

സർവെ പ്രകാരം കണ്ടെത്തിയ 64,006 കുടുംബങ്ങളിലെ അംഗങ്ങളിൽ 4405 പേർ കഴിഞ്ഞ നാല് വർഷത്തിനിടയിൽ മരണപ്പെട്ടു. അലഞ്ഞുതിരിഞ്ഞു നടക്കുന്ന 313 പേർക്ക് സേവനം നൽകാൻ കഴിയുന്നില്ല. 745 പേർ മറ്റ് സംസ്ഥാനങ്ങളിലേക്കും മറ്റ് ജില്ലകളി ലേക്കും കുടിയേറി. 2645 പേർക്ക് മൈക്രോ പ്ലാൻ ആവശ്യമില്ലെന്ന് പദ്ധതി നിർവഹണ വേളയിൽ കണ്ടെത്തി. 46 പേരുടെ പേര് ഇരട്ടിച്ചുവന്നു. ഇങ്ങനെ ആകെ 8154 പേർ അതിദരിദ്രരുടെ കണ ക്കിൽ കുറഞ്ഞു. ഇങ്ങനെ കുറഞ്ഞ ശേഷമുള്ള ആകെ അതിദരിദ്ര കുടുംബ ങ്ങൾ 55852 ആണ്. ഇതിൽ 53027 കുടുംബങ്ങൾ ഇതിനകം ദാരിദ്ര്യമുക്ത രാക്കപ്പെട്ടു. അങ്ങനെ നോക്കുമ്പോൾ യഥാർഥത്തിൽ 94.94 ശതമാനം പേർ ഇതുവരെ ദാരിദ്ര്യമുക്തരാക്കപ്പെട്ടുകഴി ഞ്ഞു.

## ഇന്ത്യയിൽ 16.4 ശതമാനം കേരളത്തിൽ 0.55 ശതമാനം മാത്രം ദരിദ്രർ

എല്ലാ തരത്തിലുമുള്ള ദാരിദ്ര്യം തുടച്ചുനീക്ക കയെന്നത് ലോകരാജ്യങ്ങൾ നിശ്ചയിച്ചി ട്ടുള്ള സഹസ്രാബ്ദ വികസന ലക്ഷ്യങ്ങ ളിൽ ഏറ്റവും പ്രധാനമാണ്. ഇന്ത്യയിലാ കട്ടെ ദാരിദ്ര്യം ഏറ്റവും കുറവുള്ള കേരളം അതിദാരിദ്ര്യം പൂർണമായും തുടച്ചുനീ ക്കുമെന്ന ലക്ഷ്യത്തോടെയാണ് അതിദാരി ദ്ര്യ നിർമ്മാർജന പദ്ധതി പ്രഖ്യാപിച്ച് പൂർ ത്തീകരണത്തിലേക്കടുക്കുന്നത്. യു എൻ ഡി പിയുടെ 2022 ലെ കണക്കനുസരിച്ച് ഇന്ത്യയിലെ അതിദാരിദ്ര്യം 16.4 ശതമാ നമാണ്. 'നീതി ആയോഗ്' തയാറാക്കിയ ബഹുമുഖ ദാരിദ്ര്യ സൂചിക അനുസരിച്ച് ദാരിദ്ര്യം ഏറ്റവും കുറവുള്ള സംസ്ഥാന മാണ് കേരളം. കേരളത്തിൽ ജനസംഖ്യ യുടെ 0.55 ശതമാനം മാത്രമാണ് ദരിദ്രർ. ഈ ചെറിയ ശതമാനം ജനങ്ങളെയും ദാരിദ്ര്യത്തിൽനിന്ന് മുക്തരാക്കാനുള്ള പ്രതിബദ്ധതയോടെയുള്ള പ്രവർത്തന മാണ് രണ്ടാം പിണറായി സർക്കാർ പ്രഥമ പരിഗണന നൽകി ഏറ്റെടുത്തത്.

സംസ്ഥാന സർക്കാരിന്റെയും തദ്ദേശ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ വിവിധ ഏജൻസികളുടെ സഹകരണ ത്തോടെ നടത്തിയ കൂട്ടായ പ്രവർത്തനം വഴി ഭക്ഷണം, ആരോഗ്യം എന്നീ ക്ലേശ ഘടകങ്ങൾ ഉള്ള കുടുംബങ്ങൾക്ക് തുടർ ച്ചയായി തടസ്സമില്ലാത്ത ഭക്ഷണവും ആരോഗ്യ പരിരക്ഷയും പദ്ധതി വഴി ഉറപ്പാക്കാൻ കഴിഞ്ഞു. ഇനി അതിദാരിദ്ര്യ ത്തിൽ നിന്ന് മോചിപ്പിക്കുവാനുള്ളത് 2812 കുടുംബങ്ങൾ മാത്രമാണ്. ഇതിൽ ഏറിയ പങ്കും സുരക്ഷിതമായ വാസസ്ഥലം (വസ്തുവും വീടും, വീട് മാത്രം, നിലവിലെ വീടുകളുടെ പുനരുദ്ധാരണം) ആവശ്യമുള്ള വരുമാണ്. വരുമാനം ക്ലേശഘടകമായുള്ള 5350 കുടുംബങ്ങളിൽ ജീവനോപാധി ക്കുള്ള പ്രവർത്തനങ്ങൾ നടത്താൻ ശേഷിയുള്ള 4395 കുടുംബങ്ങൾക്ക് കുടും ബശ്രീ സംസ്ഥാന മിഷന്റെ നേതൃത്വത്തിൽ നടത്തുന്ന 'ഉജ്ജീവനം' പദ്ധതി വഴിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ടും മറ്റ് വകുപ്പുകൾ മുഖേനയും വരുമാ നദായക പ്രവർത്തനങ്ങളിൽ ഏർപ്പെടു ന്നതിന് സഹായം നൽകിയിട്ടുണ്ട്.

വീട് മാത്രം ആവശ്യമുള്ള 3773 കുടും ബങ്ങൾക്ക് വീട് നിർമ്മാണത്തിനുള്ള ആനുകൂല്യം നൽകി. അവരുടെ വീട് നിർമ്മാണം പൂർത്തിയായിട്ടുണ്ട്.




വസ്തുവും വീടും ആവശ്യമുള്ള 1253 കുടുംബ ങ്ങളുടെ വീട് നിർമ്മാണം പൂർത്തിയായി. ഭവന പുനരുദ്ധാരണം ആവശ്യമുള്ള കുടുബങ്ങൾക്ക് വർധിപ്പിച്ച ആനുകൂല്യം നൽകുകയും 5144 വീടുകളുടെ പുനരുദ്ധാര ണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. വീട് മാത്രം/വസ്തുവും വീടും ലഭിയ്ക്കുവാൻ അർഹ തയുള്ള കുടുംബങ്ങളിൽ വാടക വീടുകളിൽ താമസിക്കുന്നതിന് താൽപര്യം പ്രകടിപ്പിച്ച 610 കുടുംബങ്ങളെ അങ്ങനെ മാറ്റിപ്പാർപ്പിച്ചു.

> **കേരളത്തിൽ ജനസംഖ്യയുടെ 0.55 ശതമാനം മാത്രമാണ് ദരിദ്രർ**

## കണക്കുകൾ
## ഇന്ത്യൻ പശ്ചാത്തലത്തിൽ

നീതി ആയോഗിന്റെ പ്രഥമ ബഹുമുഖ ദാരിദ്ര്യ സൂചക (എംപിഐ) റിപ്പോർട്ട് (2021) പ്രകാരം, ഇന്ത്യയിലെ ഏറ്റവും കുറവ് ദാരിദ്ര്യമുളള സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. കേരളത്തിന് (0.71 ശതമാനം) പിന്നിലായി, ഗോവ (3.76 ശതമാനം), സിക്കിം (3.82 ശതമാനം), തമിഴ് നാട് (4.89 ശതമാനം) എന്നീ സംസ്ഥാനങ്ങളാണ് ഉളളത്. കുട്ടികളുടെയും കൗമാരക്കാരുടെയും മരണനിരക്ക് (0.19 ശതമാനം), മാതൃ ആരോഗ്യം (1.73 ശതമാനം), സ്കൂൾ വിദ്യാഭ്യാസം (1.78 ശതമാനം), സ്കൂൾ ഹാജർ നില (0.3 ശതമാനം), ശുചിത്വം (1.86 ശതമാനം) തുടങ്ങി ദാരിദ്ര്യത്തിന്റെ ഒട്ടുമിക്ക മാനദണ്ഡങ്ങളിലും കേരളം കുറഞ്ഞ ശതമാനമാണ് രേഖപ്പെടുത്തിയിട്ടുളളത്.

പോഷകാഹാരം, പാചക ഇന്ധനം, ശുചിത്വം, കുടിവെളളം, വൈദ്യുതി, ഭവനം, ആസ്തികൾ, ബാങ്ക് അക്കൗണ്ടുകൾ എന്നീ മാനദണ്ഡങ്ങളിൽ വളരെക്കുറച്ച് കുടുംബങ്ങൾ മാത്രമേ പുറത്ത് നിൽക്കുന്നതെന്നും കാണാവുന്നതാണ്. ജില്ലകളിൽ പൂജ്യം ശതമാനത്തോളം ദരിദ്രരോടെ കോട്ടയം മുന്നിൽ നിൽക്കുന്നു. 3.48% ഉളള വയനാട്ടിൽ ആണ് ബഹുമുഖ ദാരിദ്ര്യത്തിന്റെ ഏറ്റവും ഉയർന്ന ശതമാനം കാണിക്കുന്നത്. ദരിദ്രരുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനായുളള സംസ്ഥാനത്തിന്റെ അചഞ്ചലമായ പ്രതിബദ്ധത എംപിഐ സൂചികയിൽ നിന്നും പ്രകടമാണ്.



സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമി കണ്ടെത്തുന്നതിനായി 'മനസ്സോടിത്തിരി മണ്ണ്' പദ്ധതിയുടെ രണ്ടാം ഘട്ടം എല്ലാ ജില്ലകളിലും തദ്ദേശ സ്ഥാപനങ്ങളിലും നടന്നുവരുന്നു. പദ്ധതി വഴി ഇതുവരെ 205.7 സെന്റ് ഭൂമിയും റവന്യൂ വകുപ്പ് മുഖേന 2863.508 സെന്റ് റവന്യൂ ഭൂമിയും കണ്ടെത്തിയിട്ടുണ്ട്. തദ്ദേശസ്ഥാപന പരിധിയിൽ ഒഴിഞ്ഞുകിടക്കുന്ന റവന്യൂ ഭൂമിയും മറ്റ് വകുപ്പുകളുടെ അധീനതയിലുള്ള ഭൂമിയും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ കണ്ടെത്തി അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ട ഭൂമിയും വീടും ആവശ്യമുള്ളവർക്ക് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഭൂമി കണ്ടെത്തി അതിദരിദ്രർക്ക് ലഭ്യമാക്കുക, വ്യക്തിഗത ഗുണഭോക്താക്കൾ നേരിട്ട് ഭൂമി വാങ്ങുക എന്നീ സാധ്യതകളും പരിശോധിച്ച് വരുന്നു.

### ഭക്ഷണം, ആരോഗ്യം, ഉപജീവനമാർഗം

ഭക്ഷണം ആവശ്യമുണ്ടെന്ന് കണ്ടെത്തിയ 20654 കുടുംബങ്ങളിൽ സ്വന്തമായി ഭക്ഷണം പാകം ചെയ്ത് കഴിക്കാൻ കഴിയുന്ന 18421 കുടുംബങ്ങൾക്ക് ഭക്ഷ്യവസ്തുക്കളടങ്ങിയ കിറ്റുകളും അതിന് കഴിയാത്ത 2233 കുടുംബങ്ങൾക്ക് ജനകീയ ഹോട്ടലുകൾ, സാമൂഹ്യ അടുക്കളകൾ എന്നിവ വഴി പാകം ചെയ്ത ഭക്ഷണവും എത്തിക്കുന്നു. ആരോഗ്യം ക്ലേശഘടകമായ കുടുംബങ്ങളിൽ 29478 ഗുണഭോക്താക്കൾക്ക് മരുന്ന് ഉൾപ്പെടെയുള്ള ചികിത്സാസൗകര്യങ്ങൾ ലഭ്യമാക്കുന്നു. സാന്ത്വന ചികിത്സ ആവശ്യമുള്ള 4870 ഗുണഭോക്താക്കൾക്ക് അത് കൃത്യമായി നൽകുന്നു. ആരോഗ്യ സുരക്ഷയുമായി ബന്ധപ്പെട്ട സാമഗ്രികൾ ആവശ്യമുള്ള 425 ഗുണഭോക്താക്കൾക്ക് അത് നൽകി. അവയവ മാറ്റിവയ്ക്കൽ ചികിത്സയ്ക്ക് ഗുണഭോക്താക്കൾക്ക് വേണ്ട സഹായം നൽകുവാനും കഴിഞ്ഞു.

ഉപജീവനമാർഗം ആവശ്യമായ ഗുണഭോക്താക്കൾക്കായി 'ഉജ്ജീവനം' എന്ന പേരിൽ കാമ്പയിൻ ആരംഭിച്ചു. 4005 പേർക്ക് നിലവിൽ ഉപജീവന മാർഗങ്ങൾ ലഭ്യമാക്കി. ആധാർ കാർഡ്, തിരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ്, ആരോഗ്യ ഇൻഷ്വറൻസ്, സാമൂഹികക്ഷേമ പെൻഷൻ, തൊഴിലുറപ്പ് പദ്ധതി തൊഴിൽ കാർഡ്, ഭിന്നശേഷി തിരിച്ചറിയൽ കാർഡ് എന്നിവയടക്കമുള്ള അവകാശരേഖകൾ ഇല്ലാതിരുന്ന 21263 പേർക്ക് അവ നൽകി. ആവശ്യമായവർക്ക് പാചകവാതക കണക്ഷൻ, വൈദ്യുതി കണക്ഷൻ എന്നിവ ലഭ്യമാക്കി. 1747 വിദ്യാർഥികൾക്ക് സൗജന്യ യാത്രാപാസ് ലഭ്യമാക്കി.

ചൈന കഴിഞ്ഞാൽ അതിദാരിദ്ര്യ നിർമ്മാർജനമെന്ന ലക്ഷ്യം കൈവരിക്കുന്ന മറ്റൊരു പ്രദേശമായി ഇതോടെ കേരളം മാറും.■

ഡെസ്നി സുൽഫ്
വര : സുധീർ പി. വൈ

പലവിധ കാരണങ്ങളാൽ സമൂഹത്തിന്റെ അടിത്തട്ടിൽ, ദാരിദ്ര്യത്തിൽ കഴിയേണ്ടിവന്ന മനുഷ്യരെ കേരളം ചിട്ടയായ പ്രവർത്തനങ്ങളിലൂടെ കൈപിടിച്ച് ഉയർത്തിയതിന്റെ സാക്ഷ്യങ്ങളാണ് ഇവിടെ വായിക്കാവുന്നത്. അതിദാരിദ്ര്യ മുക്തമായ നാട് എന്ന ലക്ഷ്യപൂർത്തീകരണത്തിന് സർക്കാരിനൊപ്പം എല്ലാ ഭേദചിന്തകളും മറന്ന് ഒപ്പം നിൽക്കുന്ന നാടിന്റെ കഥകൾ കൂടിയാണവ. കേരളം മുന്നോട്ടുവയ്ക്കുന്ന ദേശീയമാതൃക

# ഇതാണ് കേരള സ്റ്റോറി

## ദുരിത ജീവിതത്തിൽ ചേർത്തുപിടിച്ച് നാട്



സമൂഹമൊന്നാകെ കൈപിടിച്ചുയർത്തിയ ജീവിതമാണ് ഇടുക്കി കുമാരമംഗലം ഗ്രാമപഞ്ചായത്തിൽ മൂന്നാം വാർഡിൽ താമസിക്കുന്ന കുടുംബത്തിന്റേത്. വാടകവീട്ടിലാണ് കുടുംബം താമസിച്ചിരുന്നത്. വാഹനാപകടത്തിൽ ഗൃഹനാഥന്റെ കാൽ മുറിച്ചുമാറ്റേണ്ടി വന്നതോടെ എല്ലാം തകിടം മറിഞ്ഞു. അദ്ദേഹത്തെ ശുശ്രൂഷിക്കാൻ മറ്റാരും ഇല്ലാത്തതിനാൽ ഭാര്യയ്ക്ക് ജോലിക്ക് പോകാൻ കഴിയാതായി. വാർഡംഗത്തിന്റെയും മറ്റ് സുമനസ്സുകളുടെയും സഹായത്തിലാണ് അവർ കഴിഞ്ഞിരുന്നത്. പഞ്ചായത്ത് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വസ്തു വാങ്ങുന്നതിന് ആദ്യം രണ്ട് ലക്ഷം രൂപയും തുടർന്ന് വീട് വയ്ക്കുന്നതിന് ധനസഹായവും നൽകി.. Lymphs Seven Systems എന്ന സ്ഥാപനം അദ്ദേഹത്തിന് കൃത്രിമക്കാലും ഉപജീവനത്തിന് ഓട്ടോറിക്ഷ വാങ്ങുന്നതിനും ധനസഹായം നൽകി. ഇപ്പോൾ ഓട്ടോറിക്ഷ ഓടിച്ച് വരുമാനം കണ്ടെത്തുന്ന കുടുംബം ലൈഫ് ഭവന പദ്ധതിയിൽ ലഭിച്ച പാർപ്പിടത്തിൽ സന്തോഷത്തോടെ ജീവിക്കുന്നു.

## സ്നേഹ സ്പർശത്താൽ ഉയിർത്തെഴുന്നേൽപ്

തൃശ്ശൂർ മറ്റത്തൂർ ഗ്രാമപഞ്ചായത്തിലെ അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെട്ട പതിമൂന്ന് വയസ്സുകാരിയുടെ മാതാപിതാക്കൾ ചെറുപ്രായത്തിൽ തന്നെ മരണപ്പെട്ടതാണ്. കാഴ്ചപരിമിതയായ ഈ കുട്ടിക്ക് ശാരീരിക- മാനസിക വെല്ലുവിളികളും ഉണ്ട്. ഓട്ടിസത്തിന്റെ ലക്ഷണങ്ങളോടൊപ്പം കാലിന് ബലക്കുറവും ഉള്ളതിനാൽ നടക്കുന്നതിനും പ്രാഥമിക കൃത്യങ്ങൾ ചെയ്യുന്നതിനുപോലും മറ്റുള്ളവരുടെ സഹായം ആവശ്യമായിരുന്നു. അമ്മയുടെ അമ്മായിയുടെ സംരക്ഷണയിൽ വെള്ളിക്കുളങ്ങരയിലുള്ള അവരുടെ മകളുടെ വീട്ടിൽ ആയിരുന്നു താമസം. അമ്മായി ഹൃദ്രോഗിയും പ്രായം ചെന്ന വ്യക്തിയും ആണ്. അമ്മായിയുടെ മകളും അവരുടെ രണ്ടു മക്കളുടെ കുടുംബവും അടക്കം 11 പേർ, പഞ്ചായത്തിൽ നിന്നും ലഭിച്ച ചെറിയ വീട്ടിലാണ് താമസിച്ചിരുന്നത്. കുട്ടിയെ സംരക്ഷിക്കുന്നതിന് ഇവർ വളരെയധികം ബുദ്ധിമുട്ടിയിരുന്നു. ഈ സാഹചര്യത്തിലാണ് കുട്ടി പഞ്ചായത്തിന്റെ അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെടുന്നത്.



കുട്ടിക്ക് ആധാർ, റേഷൻ കാർഡ് മുതലായ രേഖകൾ ഉണ്ടായിരുന്നില്ല. വിരലടയാളം പതിയാത്തതിനാൽ ആധാർ എടുക്കുന്നതിന് ബുദ്ധിമുട്ട് നേരിട്ടിരുന്നു. എങ്കിലും കളക്ടറേറ്റിൽ നിന്നുള്ള പ്രത്യേക നിർദേശപ്രകാരം ആധാർ, റേഷൻ കാർഡ് മുതലായ രേഖകൾ എല്ലാം ശരിയാക്കി നൽകാനായി. താലൂക്ക് സിവിൽ സപ്ലൈസ് വിഭാഗത്തിന്റെ സഹായത്തോടെ കുട്ടിക്ക് റേഷൻ കാർഡ് ലഭ്യമാക്കുന്നതിനും കുട്ടിക്ക് പകരക്കാരനായി മറ്റൊരാളെ ഉപയോഗിച്ച് റേഷൻ നൽകാനുമായി. ഇതുകൂടാതെ ഓണത്തിന് പഞ്ചായത്ത് ഭക്ഷ്യവസ്തുക്കളും ഓണപ്പുടവയും നൽകി. പഞ്ചായത്തിന്റെ 'ഭിന്നശേഷിക്കാർക്ക് ഉപകരണം വാങ്ങൽ' എന്ന പദ്ധതിയിലൂടെ ഐസിഡിഎസ് വഴി നൽകിയ പീഡിയാട്രിക് വീൽചെയറും 'കമ്മോഡ് ചെയർ വിത്ത് വീൽ' എന്നീ ഉപകരണങ്ങളുമാണ് ഏറ്റവും സഹായകമായത് . ഇതോടെ കിടക്കയിൽനിന്നും തീരെ എഴുന്നേൽക്കാതെ പ്രാഥമിക കൃത്യങ്ങൾ അടക്കം ചെയ്തിരുന്ന കുട്ടി എഴുന്നേൽക്കാനും മറ്റുള്ളവരുടെ സഹായത്തോടെ നടക്കാനും തുടങ്ങി. എന്നാൽ സംരക്ഷിക്കുന്ന അമ്മായിക്ക് പ്രായമായതിനാലും ഹൃദ്രോഗം മുതലായ അസുഖങ്ങളാൽ കഷ്ടപ്പെടുന്നതിനാലും കുട്ടിയെ ജില്ലാ സാമൂഹിക നീതി ഓഫീസിന്റെയും ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെയും സഹായത്തോടെ കൂടപ്പുഴ 'അനുഗ്രഹ സദൻ' എന്ന സംരക്ഷണകേന്ദ്രത്തിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.

## സഹനങ്ങളിൽ തുണയായി വിദ്യാലയം

**അഞ്ച്** സെന്റ് സ്ഥലത്ത് ഏകദേശം 600 ചതുരശ്ര അടിയിലുള്ള മനോഹരമായ കോൺക്രീറ്റ് വീടുള്ള കോഴിക്കോട് സ്വദേശി എങ്ങനെ അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ടുവെന്ന് സംശയം തോന്നിയേക്കാം. ടൈൽ പാകിയതും അത്യാവശ്യം നല്ല ഫർണിച്ചറും മുറ്റത്ത് നിറയെ ചെടികളും പൂക്കളുമുള്ള വീട്. എന്നാൽ ഇതായിരുന്നില്ല പഴയ ജീവിതം. പ്ലാസ്റ്റിക് ഷീറ്റുകൊണ്ടുണ്ടാക്കിയ വീട്ടിലായിരുന്നു ഇവർ ആദ്യം താമസിച്ചിരുന്നത്. മകൾ പഠിക്കുന്ന സ്കൂളിന്റെ നന്മയിലാണ് പിന്നീട് ഈ കുടുംബം ജീവിതം നട്ടുപിടിപ്പിച്ചത്.

ചേമഞ്ചേരി ഗ്രാമപഞ്ചായത്തിലെ നാലാംവാർഡിലെ അതിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ട 73 പേരിൽ ഒരാളാണിത്. വീട്ടുടമസ്ഥന് 18ഉം 12ഉം വയസ്സുള്ള രണ്ട് പെൺമക്കളാണുള്ളത്. ഒരാൾ ജന്മനാ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടിയായതിനാൽ അമ്മ എപ്പോഴും കൂടെ വേണം. അതുകൊണ്ട് അമ്മയ്ക്ക് മറ്റു ജോലിക്ക് പോകാൻ സാധിക്കില്ല. ഈ മകൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളിലെ ബസ്സിൽ അമ്മയെ സഹായിയാക്കിയാണ് സ്കൂൾ ഒപ്പം നിന്നത്.


രണ്ടാമത്തെ മകൾ പഠനത്തിലും പാട്ടിലും മികവ് പുലർത്തുന്ന കുട്ടിയാണ്. മാതാപിതാക്കളുടെ ഏക പ്രതീക്ഷയും ആശ്രയവുമായിരുന്ന മകൾക്ക് പെട്ടൊന്നൊരു ദിവസം കണ്ണിന് കാൻസർ ബാധിച്ചെന്ന് അറിഞ്ഞപ്പോൾ ആ കുടുംബം തകർന്നുപോയി. മകളുടെ ഒരു കണ്ണ് നീക്കം ചെയ്തെങ്കിലും രണ്ടാമത്തെ കണ്ണിനുകൂടി വന്ന രോഗബാധ മാറാനായി ചികിത്സയിലാണ്.

ചേലിയയിലെ കെ.കെ.കിടാവ് യു.പി സ്കൂൾ വിദ്യാർഥിയായ കുട്ടിയുടെ അസുഖവിവരം അറിയാനായി സ്കൂൾ അധികൃതർ വീട്ടിലെത്തിയപ്പോഴാണ് അവരുടെ രണ്ടു മക്കളുടെ ദയനീയ സ്ഥിതിയും വീടിന്റെ സ്ഥിതിയും കാണുന്നത്. തങ്ങളാലാവുംവിധം സഹായിക്കണമെന്ന് തീരുമാനിച്ച അവർ സ്കൗട്ട് ആൻഡ് ഗൈഡ്സ് കൊയിലാണ്ടി യൂണിറ്റുമായി ബന്ധപ്പെട്ട് കുട്ടികളുടേയും അധ്യാപകരുടേയും രക്ഷിതാക്കളുടേയും നാട്ടുകാരുടേയും സഹായത്തോടെ എല്ലാ പണിയും കഴിഞ്ഞ ഒരു ചെറിയ മനോഹരമായ വീട് അവർക്ക് നിർമ്മിച്ചുകൊടുത്തു. 2022 ഏപ്രിലിൽ പണി പൂർത്തീകരിച്ച ആ വീട്ടിലാണ് ഇപ്പോൾ കുടുംബം താമസിക്കുന്നത്.



## ഒന്നുമില്ലായ്മയിൽ നിന്ന് കരുതൽത്തണലിലേക്ക്

**ഭർത്താവ്** ഉപേക്ഷിച്ച് പോയ ആ അമ്മ രണ്ട് ചെറിയ കുട്ടികൾക്കൊപ്പമാണ് ഇടുക്കി വട്ടവട ഗ്രാമപഞ്ചായത്ത് ചിലന്തിയാർ വാർഡിൽ താമസിച്ചിരുന്നത്. സ്വന്തമായി വീടോ മറ്റ് അവകാശ രേഖകളോ ഈ കുടുംബത്തിന് ഉണ്ടായിരുന്നില്ല. അതിദരിദ്ര ലിസ്റ്റിൽ ഉൾപ്പെട്ടശേഷം അവർക്ക് ആധാർ കാർഡ്, റേഷൻ കാർഡ്, തൊഴിലുറപ്പ് തൊഴിൽ കാർഡ് എന്നിവ നൽകി. കുട്ടികൾക്ക് ആവശ്യമായ ചികിത്സ വട്ടവട പ്രാഥമിക ആരോഗ്യകേന്ദ്രം ഉറപ്പാക്കി. പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഭക്ഷ്യകിറ്റ് ലഭ്യമാക്കുന്നുണ്ട്. ജില്ലാ പഞ്ചായത്തിന്റെ സുവർണ്ണം ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി ആദ്യം വസ്തുവും പിന്നീട് വീടും നൽകി. അമ്മയ്ക്ക് ഹരിതകർമ്മ സേനാംഗമായി നിയമനം നൽകി. സ്കൂൾ തുറക്കുന്ന സമയത്ത് പഞ്ചായത്ത് കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകി. ആയുഷ്മാൻ ഭാരത് പദ്ധതിയിൽ ഉൾപ്പെടുത്തി ആരോഗ്യ ഇൻഷുറൻസും നൽകി.



## അവയവമാറ്റം വഴി പുതുജീവിതം

**തൃശ്ശൂർ** ജില്ലയിലെ കൊടകര ഗ്രാമപഞ്ചായത്ത് വാർഡ് 13-ലെ ഗുണഭോക്താവിന് ഗുരുതരമായ വൃക്കരോഗം മൂലം വൃക്ക മാറ്റി വയ്ക്കേണ്ട സാഹചര്യം ഉണ്ടായി. അതിദരിദ്രർക്ക് വേണ്ട സഹായങ്ങൾ നൽകാൻ തദ്ദേശസ്ഥാപനങ്ങൾ കണ്ടെത്തുന്ന ഫണ്ടുകൾക്ക് പുറമെ സർക്കാർ നൽകുന്ന ഗ്യാപ് ഫണ്ടിൽ നിന്നും തുക അനുവദിച്ചു. ഉയർന്ന ചികിത്സച്ചെലവ് ആവശ്യമായി വരുന്നവരെ സഹായിക്കുവാൻ അനുവദിച്ച 10 കോടി രൂപയിൽ നിന്നും, ജില്ല മെഡിക്കൽ ഓഫീസറുടെ ശിപാർശ അനുസരിച്ച് നാല് ലക്ഷം രൂപയാണ് നല്കിയത്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തി. ശസ്ത്രക്രിയ വിജയമായതിനെ തുടർന്ന് അദ്ദേഹമിപ്പോൾ ആരോഗ്യവാനായിരിക്കുന്നു.

---


## ചാഴൂരിന്റെ വനിതാപോരാളികൾ

**ചാഴൂർ** ഗ്രാമപഞ്ചായത്തിലെ പതിനെട്ടാം വാർഡിൽ താമസിക്കുന്ന ഈ വനിതാ ഗുണഭോക്താവ് 75 ശതമാനം കാഴ്ച പരിമിതിയോടെയാണ് ജനിച്ചത്. പ്രീഡിഗ്രി വരെ പഠിച്ചെങ്കിലും സ്ഥിരവരുമാനമുള്ള ഒരു ജോലി അവർക്ക് ഉണ്ടായിരുന്നില്ല. ഈ വ്യക്തിയുടെ രണ്ട് മക്കളും കാഴ്ചപരിമിതരാണ്. ഭർത്താവിന്റെ കടുത്ത മദ്യപാനം കൂടിയായതോടെ ജീവിതം ദുസ്സഹമായി.



അക്കാലത്ത് എഡിഎസ് വഴി ഹരിത കർമ്മസേനയ്ക്ക് അപേക്ഷിക്കാൻ കുടുംബശ്രീ സംഘടന പ്രോത്സാഹിപ്പിക്കുകയും പിന്നീട് ഹരിത കർമ്മസേനയിൽ ചേരുകയും ചെയ്തു. ക്യൂആർ കോഡുകൾ സ്കാൻ ചെയ്യാനും മാലിന്യങ്ങൾ തരംതിരിക്കാനുമുള്ള പരിശീലനം നേടുകയും ജോലിയിൽ വിജയിക്കുകയും ചെയ്തു.

ചാഴൂർ ഗ്രാമപഞ്ചായത്തിലെ പതിനെട്ടാം വാർഡിൽ താമസിച്ചിരുന്ന ഒരു തൊഴിലാളിക്ക് അപകടത്തെ തുടർന്ന് ജോലി ചെയ്യാൻ കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് ഭർത്താവിനെ പരിപാലിക്കാൻ വീട്ടിൽ തന്നെ കഴിയേണ്ടിയും വന്നു. ഇത് കുടുംബത്തിന് സാമ്പത്തിക ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചു. മകന്റെ വിദ്യാഭ്യാസവും വീട്ടുവാടകയും താങ്ങാൻ കഴിയാതായി. പിന്നീട് ഭാര്യ ഹരിതകർമ്മസേനയിൽ ചേരുകയും കുടുംബത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്യാനാരംഭിച്ചു. ഇരുവരും എല്ലാ മാസവും 9000 രൂപയിൽ കൂടുതൽ സമ്പാദിക്കുന്നു.



## സ്വപ്നങ്ങൾ തിരിച്ചുപിടിച്ചവരുടെ കഥ

**കുറ്റിയാട്ടൂർ** ഗ്രാമപഞ്ചായത്തിലെ പതിനഞ്ചാം വാർഡിലെ ചട്ടുകപ്പാറയിലാണ് ഈ വിജയഗാഥയിലെ ഗുണഭോക്താവ് താമസിക്കുന്നത്. അപ്രതീക്ഷിതമായ ഒരു പ്രതിസന്ധി നേരിട്ട അദ്ദേഹത്തിനും കുടുംബത്തിനും ഗ്രാമപഞ്ചായത്ത് സഹായഹസ്തം നീട്ടുകയായിരുന്നു.

നിരവധി സ്വപ്നങ്ങളും പ്രതീക്ഷകളുമായി വിദേശത്ത് ജോലിക്ക് പോയതാണ്. കുടുംബപരമായ കടമകളും പ്രശ്നങ്ങളും നിറവേറ്റാൻ അദ്ദേഹം മരുഭൂമിയിൽ പാടുപെടുമ്പോൾ, ദുരന്തം ഒരു വാഹനാപകടത്തിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു. അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ അദ്ദേഹത്തിന്റെ ജീവൻ രക്ഷിക്കാനായെങ്കിലും അരയ്ക്ക് താഴേക്കുള്ള ചലനശേഷി നഷ്ടപ്പെട്ടു. മറ്റ് മാർഗമില്ലാത്തതിനാൽ അദ്ദേഹത്തിന് ഒഴിഞ്ഞ കൈയോടെ വീട്ടിലേക്ക് മടങ്ങേണ്ടിവന്നു. 49 കാരനായ അദ്ദേഹത്തിന്റെ ഭാര്യയും കുട്ടികളും അടങ്ങുന്ന കുടുംബം വരുമാനമാർഗം ഇല്ലാതായതോടെ അതിദാരിദ്ര്യത്തിലായി.

വരുമാന മാർഗമായി ഒരു ചായക്കട നടത്താൻ ആവശ്യമായ എല്ലാ സൗകര്യങ്ങളും ഗ്രാമപഞ്ചായത്ത് നൽകി. ഇത് ആ വ്യക്തിയുടെയും കുടുംബത്തിന്റെയും ജീവിതത്തിന് പുതിയ അർഥം നൽകി. കൂടാതെ, 'അവകാശം അതിവേഗം' പദ്ധതിയിലൂടെ ആധാർ, റേഷൻ കാർഡ്, വോട്ടർ ഐഡി തുടങ്ങിയ രേഖകൾ പഞ്ചായത്തിന്റെ സഹായത്തോടെ ലഭ്യമാക്കി. അസാധ്യമെന്ന് തോന്നിയിടത്തുനിന്ന് സർക്കാരിന്റെ കൈപിടിച്ച് ജീവിതം പടുത്തുയർത്തുകയാണ് അവരിപ്പോൾ.

---

## 'ഭാഗ്യം' നൽകിയ കരുതൽ



**മുതുകുളം** ഗ്രാമപഞ്ചായത്തിലെ ദുർബലനായ ഒരു ഗുണഭോക്താവ് ഏകാംഗകുടുംബം ആയിരുന്നു. ഔദ്യോഗിക രേഖകളൊന്നും അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല. അതിദാരിദ്ര്യ നിർമ്മാർജന പ്രക്രിയയുടെ ആദ്യഘട്ടത്തിൽ വോട്ടർ കാർഡ്, ആധാർ കാർഡ്, റേഷൻ കാർഡ്, ബാങ്ക് അക്കൗണ്ട്, ജോബ് കാർഡ് എന്നിവയും സാമൂഹിക സുരക്ഷാപെൻഷനും അദ്ദേഹത്തിന് നൽകി. ജോബ് കാർഡ് ലഭിച്ച ശേഷം തൊഴിലുറപ്പ് പദ്ധതിയിൽ പ്രവർത്തിക്കാൻ തുടങ്ങി. നിലവിൽ ഒരു ബന്ധുവിന്റെ സംരക്ഷണയിലാണ് കഴിയുന്നത്. വരുമാന മാർഗത്തിനായി ഗ്രാമപഞ്ചായത്തിനെ സമീപിച്ചു. ലോട്ടറി വ്യാപാരം നടത്താനായിരുന്നു അദ്ദേഹത്തിന് താൽപര്യം. 'ഉജ്ജീവനം' പദ്ധതി പ്രകാരം 15,000 രൂപയ്ക്ക് കുടുംബശ്രീ വഴി പഞ്ചായത്ത് ഇതിന് തുണയായി. നിലവിൽ ലോട്ടറി വ്യാപാരത്തിലൂടെ വരുമാനം നേടുന്ന അദ്ദേഹത്തിന് ആരോഗ്യ പ്രവർത്തകർ ഓരോ രണ്ടാഴ്ച കൂടുമ്പോഴും ആവശ്യമായ മരുന്നുകൾ വീട്ടിലേക്ക് എത്തിച്ച്, ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നുണ്ട്.

## ലൈഫ് നൽകിയ കൈത്താങ്ങ്

**ചവറ** പഞ്ചായത്തിലെ നാലാം വാർഡിൽ താമസിക്കുന്ന 24 കാരിയായ ഗുണഭോക്താവിന്റെ ഇലക്ട്രീഷ്യനായ ഭർത്താവ് കോവിഡ് മൂലം മരിച്ചു. ബ്രെയിൻ ട്യൂമർ ബാധിച്ച ഗുണഭോക്താവിന് മൂന്നും നാലും വയസ്സുള്ള രണ്ട് കുട്ടികളുണ്ട്. സർക്കാർ ലൈഫ് മിഷൻ വഴി ആ കുടുംബത്തിന് വീട് നൽകി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ സ്ഥിരമായി തൊഴിൽ നൽകി. ഒരു സ്വയം സഹായ സംഘത്തിൽ നിന്നും അവർക്ക് പിന്തുണ ലഭിക്കുകയും ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരുടെ പിന്തുണയോടെ ജനസേവന കേന്ദ്രത്തിൽ ജോലി ലഭിക്കുകയും ചെയ്തു.

ബ്രെയിൻ ട്യൂമർ ബാധിച്ച് എട്ട് വർഷമായി ചികിത്സയിലായിരുന്ന 58 കാരിയായ മറ്റൊരു വീട്ടമ്മയും ദിവസക്കൂലിക്കാരനായ അവരുടെ ഭർത്താവും ശാരീരിക പരിമിതികൾ കാരണം ഒട്ടേറെ സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിട്ടിരുന്നു. ആകെ ജീർണിച്ച വീട്ടിലായിരുന്നു അവർ താമസിച്ചിരുന്നത്. ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ആ കുടുംബത്തിന് വീട് നൽകി. സുരക്ഷിതമായ പാർപ്പിടത്തിൽ അവർ സന്തോഷത്തോടെ കഴിയുന്നു.



## ഒറ്റപ്പെടലിന്റെ വേദനകൾ അകന്നു; തണലൊരുങ്ങി



**മാവേലിക്കര** ബ്ലോക്ക് പഞ്ചായത്തിലെ ചെന്നിത്തല തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്തിലെ ഒമ്പതാം വാർഡിലെ താമസക്കാരിയും രോഗിയുമായ ഗുണഭോക്താവ് അതിദയനീയാവസ്ഥയിൽ പൂർണ്ണമായും തകർന്ന ഒരു വീട്ടിലാണ് താമസിച്ചിരുന്നത്. അവർക്കും സഹോദരിക്കും സംയുക്തമായി അഞ്ച് സെന്റ് ഭൂമിയും സഹോദരിക്ക് ചെറിയ പെൻഷനും ഉണ്ടായിരുന്നു.

സഹോദരിയുടെ മരണശേഷം ഒറ്റപ്പെട്ട ഗുണഭോക്താവിന് ഗ്രാമപഞ്ചായത്ത് ഭക്ഷണവും മരുന്നും നൽകി വന്നിരുന്നെങ്കിലും കാലിലെ അസുഖം കാരണം അവർക്ക് നടക്കാൻ കഴിയാതെ വന്നതോടെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റാൻ കഴിയാതായി. വീട് നൽകുന്നതിനേക്കാൾ അവരെ ഒരു അഭയകേന്ദ്രത്തിലേക്ക് മാറ്റുന്നതാണ് നല്ലതെന്ന് ഗ്രാമപഞ്ചായത്ത് തീരുമാനിച്ചു. ഐസിഡിഎസ് സൂപ്പർവൈസർ വഴി അവരുടെ അവസ്ഥ സാമൂഹികനീതി വകുപ്പിനെ അറിയിച്ചു. ആലപ്പുഴ ആറാട്ടുപുഴയിലെ സാമൂഹികനീതി വകുപ്പിന്റെ വാർധക്യ കേന്ദ്രത്തിലേക്ക് മാറ്റിയ അവരിപ്പോൾ ഏറെ സന്തോഷത്തോടെ കഴിയുന്നു.

## ഒരു കാൻസർ അതിജീവന കഥ

**ഇടുക്കി** ജില്ലയിലെ ശാന്തൻപാറ ഗ്രാമപഞ്ചായത്ത് വാർഡ് 12ലെ കുടുംബം സ്വന്തമായി വസ്തുവോ വീടോ ഉപജീവന മാർഗങ്ങളോ ഇല്ലാത്തവരായിരുന്നു. ആദ്യമായി കുടുംബത്തിന് അഞ്ച് സെന്റ് ഭൂമി കുടുംബസ്വത്തിൽ നിന്ന് വാങ്ങി നൽകിയ ശേഷം ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി. വീട് വയ്ക്കുന്നതിന് ധനസഹായം നൽകി ഭവന നിർമ്മാണം പൂർത്തിയാക്കി. കാൻസർ ബാധിതയായ ഭർത്താവിന് ചികിത്സാ സഹായം നൽകിവരുന്നുണ്ട്. പഞ്ചായത്തിന്റെ ഹെൽപ് ഡെസ്കിൽ ദിവസ വേതന അടിസ്ഥാനത്തിൽ ഭാര്യയ്ക്ക് ജോലി നൽകി. കുടുംബം അതിദാരിദ്ര്യം തരണം ചെയ്ത് ജീവിതം നയിക്കുന്നു.

## പ്രതീക്ഷയുടെ നൂലിഴകൾ നെയ്ത് ഒരു കുടുംബം

**ഹരിപ്പാട്** ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ ഈ കുടുംബം ജീവിതത്തിലുടനീളം ഒട്ടേറെ വെല്ലുവിളികൾ നേരിട്ടിട്ടുണ്ട്. കുടുംബനാഥന് ചലനശേഷി നഷ്ടപ്പെടുത്തിയ ഒരു രോഗം വരികയും കേൾവി പരിമിതിയുള്ള ഭാര്യ ഉൾപ്പെട്ട കുടുംബം വലിയ ബുദ്ധിമുട്ടുകൾ നേരിടുകയും ചെയ്തു. ഈ വെല്ലുവിളികൾക്കിടയിലും അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ പിന്തുണയോടെ മൂന്ന് പേരടങ്ങുന്ന ആ കുടുംബം പുതുജീവിതത്തിലേക്ക് മാറി.

ചലനപരിമിതി ഉള്ള കുടുംബനാഥന് അദ്ദേഹത്തിന്റെ കഴിവുകൾ ഉപയോഗിച്ച് പ്രവർത്തിപ്പിക്കുവാൻ കഴിയുന്ന ഒരു തയ്യൽ യന്ത്രം നൽകി. തന്റെ തയ്യൽ വൈദഗ്ധ്യം ഉപയോഗിച്ച് ചെറിയ ജോലികൾ ഏറ്റെടുത്തു. കേൾവി വെല്ലുവിളിയുണ്ടായിട്ടും ഭാര്യ ബിസിനസ് കൈകാര്യം ചെയ്യുകയും അവരുടെ കഠിനാധ്വാനം താമസിയാതെ ഫലം കാണുകയും ചെയ്തു. ഇതോടെ പ്രാദേശികമായി സ്ഥിരം ഉപഭോക്താക്കളെ ആകർഷിക്കാനായി. ഇന്നിപ്പോൾ മെച്ചപ്പെട്ട സാമ്പത്തിക സ്ഥിരത കുടുംബത്തിന് നേടാനാകുന്നു.

## സ്വയം തൊഴിലേകി പുനരുജ്ജീവനം

കൊച്ചി കോർപ്പറേഷനിലെ അവിവാഹിതയായ ഗുണഭോക്താവ് പ്രായമായ അമ്മയോടൊപ്പമാണ് താമസിച്ചിരുന്നത്. അമ്മയുടെ ക്ഷേമപെൻഷൻ മാത്രമായിരുന്നു വരുമാനം. ജീവിതസാഹചര്യങ്ങൾ ദയനീയമായിരുന്നു. പലപ്പോഴും അവരുടെ ജീർണിച്ച വീട്ടിൽ ദൈനംദിന ഭക്ഷണം ലഭിക്കാൻ പോലും പാടുപെട്ടിരുന്നു. അതിദാരിദ്ര്യ നിർമാർജ്ജന പദ്ധതിയുടെ ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെടുത്തിയ തിനുശേഷം ആദ്യപടിയായി ഈ കുടുംബത്തിന് ഭക്ഷ്യകിറ്റുകൾ നൽകി. തുടർന്ന് വീട് വാസയോഗ്യമാക്കുന്നതിന് അറ്റകുറ്റപ്പണികൾ നടത്തി. കൂടാതെ, ഒരു തൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി ഉജ്ജീവനം ക്യാമ്പെയ്നിന് കീഴിൽ സാമ്പത്തിക സഹായം നൽകി. ഇതിലൂടെ ഒരു ഡിഷ് വാഷ്, ലോഷൻ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കാനായി. സ്വന്തമായി വരുമാനം നേടി ജീവിക്കുന്നതിന്റെ അഭിമാനത്തിലാണ് ഇന്ന് അവർ.

## ഇന്ന് അവർ അന്തിയുറങ്ങുന്നു സമാധാനത്തിൽ, സുരക്ഷയിൽ

**ഇടുക്കി** ജില്ലയിലെ മറയൂർ ഗ്രാമപഞ്ചായത്തിൽ ഏഴാം വാർഡിൽ, ചെമ്മാൻ കുഴിക്കരയിൽ താമസിക്കുന്ന ദമ്പതിമാർ മൂന്ന് മക്കളും പ്രസവത്തോടെ മരിച്ചുപോയ ഹതഭാഗ്യരാണ്. വാർധക്യവും രോഗപീഢകളും മൂലം സ്വന്തമായി ജോലി ചെയ്ത് ജീവിക്കാൻ കഴിയാതെ വന്ന അവർ പഞ്ചായത്തിന്റെ സ്ഥലത്ത് പ്ലാസ്റ്റിക് കൊണ്ട് മറച്ച താത്കാലിക ഷെഡ്ഡിലാണ് താമസിച്ചിരുന്നത്. അയൽവാസികൾ നൽകുന്ന ഭക്ഷണം മാത്രമായിരുന്നു വിശപ്പടക്കുവാനുള്ള ഏക മാർഗം. മാനസിക വിഭ്രാന്തിയുള്ള കുടുംബനാഥൻ രാത്രിയിൽ ഉറക്കമില്ലാതെ അലഞ്ഞ് നടക്കുന്ന ആളായതിനാൽ അടച്ചുറപ്പുള്ള വീടില്ലാത്തത് അവരെ വളരെയേറെ കഷ്ടപ്പെടുത്തിയിരുന്നു. അവർ താമസിച്ചിരുന്ന സ്ഥലം വീട് വയ്ക്കുന്നതിനായി പഞ്ചായത്ത് അനുവദിച്ച് നൽകുകയും ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ വീട് നിർമ്മിക്കുകയും ചെയ്തു. നാട്ടുകാരുടെ സഹായത്തോടെ വീട്ടുപകരണങ്ങളും വാങ്ങിനൽകി. ജീവിതത്തിൽ ആദ്യമായി സമാധാനത്തോടെ, അന്തസ്സോടെ, സന്തോഷത്തോടെ അവർ ആ വീട്ടിൽ കഴിയുന്നു.



## തോൽക്കാൻ മനസ്സില്ലാത്തവരുടെ കഥ

**സംസ്ഥാനത്ത്** ആദ്യമായി സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിച്ച പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ പതാകവാഹക എന്ന് വിളിക്കാവുന്നത് ഒരു അതിദരിദ്ര ഗുണഭോക്താവാണ്. ദാരിദ്ര്യം ബുദ്ധിമുട്ടിക്കുമ്പോഴും ഡിജിറ്റൽ സാക്ഷരത നേടുന്നതിന് സന്നദ്ധത കാണിച്ച് അവർ ആ പരിശീലനം വിജയകരമായി പൂർത്തിയാക്കി. പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിച്ച സമയത്ത് കേരള സർക്കാർ പുറത്തിറക്കിയ 'ജനപഥം' മാസികയുടെ മുഖചിത്രമായതും ഇതേ വ്യക്തിയാണ്. ഒരു നാടൻപാട്ട് കലാകാരി കൂടിയായ അവർ ഇപ്പോൾ സ്വന്തമായി ഒരു യൂട്യൂബ് ചാനൽ ആരംഭിച്ച്, നാടൻ പാട്ടുകൾ പ്രചരിപ്പിക്കുന്നു. അവരുടെ കുടുംബത്തിന് അതിദാരിദ്ര്യ നിർമ്മാർജന പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് മറ്റ് ആനുകൂല്യങ്ങളും നൽകുന്നു.

**ഒ. ആർ. കേളു**
പട്ടികജാതി, പട്ടികവർഗ,
പിന്നാക്കക്ഷേമ വകുപ്പ് മന്ത്രി



ദാരിദ്ര്യത്തെ നിർവചിക്കുന്ന പൊതുവായ കാരണങ്ങൾക്കു പുറമെ തദ്ദേശീയ ജനവിഭാഗങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ കൂടി കണക്കിലെടുത്താണ് കേരളം അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി തയ്യാറാക്കിയത്

# തദ്ദേശീയ ജനവിഭാഗങ്ങൾക്ക് സവിശേഷ ശ്രദ്ധ

ഒരു സർക്കാരിന് ഭരണത്തുടർച്ച ലഭിക്കുമ്പോൾ പുതിയ ദിശാബോധത്തോടെയും ജനക്ഷേമത്തിൽ അധിഷ്ഠിതമായ നയസമീപനങ്ങളോടെയും മുന്നോട്ട് പോകാനാകും. അതിന്റെ വ്യക്തമായ സൂചനയായിരുന്നു രണ്ടാം പിണറായി വിജയൻ സർക്കാർ ആദ്യ മന്ത്രിസഭായോഗത്തിൽ അതിദാരിദ്ര്യ നിർമ്മാർജനത്തിന് പ്രഥമ പരിഗണന നൽകിയത്.

'സാമൂഹികനീതിയിലൂന്നി ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുക എന്ന ഉത്തരവാദിത്വം ഏറ്റെടുത്ത് അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ അതിൽ നിന്ന് കരകയറ്റുക എന്നതാണ് പുതിയ സർക്കാരിന്റെ ലക്ഷ്യം.' എന്ന് ആദ്യ മന്ത്രിസഭാ യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ പ്രഖ്യാപിച്ചു. ഈ ലക്ഷ്യം സാക്ഷാത്കരിക്കാൻ കൃത്യമായ ആസൂത്രണത്തോടെയും ദൃഢനിശ്ചയത്തോടെയും വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനത്തിൽ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പട്ടികജാതി, പട്ടികവർഗ, പിന്നാക്കക്ഷേമ വകുപ്പും ഇതിന്റെ ഭാഗമാണ്. മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പാക്കുക, സർക്കാരിന്റെ ചുമതല എന്നതിലുപരി ജനങ്ങളുടെ അവകാശമാണ് എന്ന കാഴ്ചപ്പാടിലൂന്നിയ



പദ്ധതിയാണ് അതിദാരിദ്ര്യ നിർമ്മാർജനം.

ദാരിദ്ര്യം ഒറ്റപ്പെട്ട ഒരു പ്രശ്നമല്ല. ആരോഗ്യപരമായ വെല്ലുവിളികൾ, ഭക്ഷ്യസുരക്ഷ ഇല്ലായ്മ, ഭൂമിയില്ലായ്മ, സുരക്ഷിതമായ താമസസ്ഥലം ഇല്ലാത്ത അവസ്ഥ, ക്രമരഹിത വരുമാനം, തൊഴിലില്ലായ്മ, വാർധക്യം, ഭിന്നശേഷി എന്നിങ്ങനെ നിരവധി കാരണങ്ങൾ ഉൾക്കൊണ്ടതാണ്. പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളെപ്പോലുള്ള പാർശ്വവൽക്കരിക്കപ്പെട്ട തദ്ദേശീയ ജനവിഭാഗങ്ങൾ ഈ പ്രശ്നങ്ങൾക്ക് പുറമെ വാസസ്ഥലത്തിന്റെ വിദൂരത, കുറഞ്ഞ വിദ്യാഭ്യാസം, പോഷകാഹാരക്കുറവ്, റോഡ്, വൈദ്യുതി, കുടിവെള്ളം തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങളുടെ അഭാവം എന്നിവയും നേരിടുന്നുണ്ട്. ഇക്കാര്യങ്ങൾ തിരിച്ചറിഞ്ഞ സർക്കാർ, അതിദാരിദ്ര്യ പട്ടികയിലുൾപ്പെട്ട ഓരോ കുടുംബത്തിന്റെയും സാഹചര്യവും ആവശ്യങ്ങളും മനസ്സിലാക്കി കസ്റ്റമൈസ്ഡ് മൈക്രോപ്ലാനുകൾ തയ്യാറാക്കി. ഇതിനായി പട്ടികജാതി -വർഗ പ്രൊമോട്ടർമാരുടേയും താഴെതട്ടിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടേയും കൃത്യമായ വിവരശേഖരണം സഹായിച്ചിട്ടുണ്ട്.

## ബഹുതല സമീപനം

അതിദാരിദ്ര്യ നിർമ്മാർജനം കേവലം ജീവകാരുണ്യ പ്രവർത്തനമോ ക്ഷേമ പദ്ധതിയോ അല്ല. മറിച്ച് അവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ള, ജനക്ഷേമ ഭരണത്തിന്റെ ഉദാഹരണമാണ്. ആരോഗ്യം, പാർപ്പിടം, ഉപജീവനം എന്നിവയുമായി ബന്ധപ്പെട്ട ഒരു ബഹുതല സമീപനമാണ് സർക്കാർ സ്വീകരിച്ചത്. 2025 ഏപ്രിൽ 15-ലെ കണക്കനുസരിച്ച്, അതിദാരിദ്ര്യം അനുഭവിക്കുന്നവരായി കണ്ടെത്തിയ 78.74ശതമാനം ആളുകളെയും വിജയകരമായി ഈ അവസ്ഥയിൽ നിന്ന് കരകയറ്റാൻ സാധിച്ചു. 2025 നവംബർ ഒന്നിന് കേരള രൂപവൽക്കരണത്തിന്റെ 69 വർഷം പൂർത്തിയാക്കുമ്പോൾ, സംസ്ഥാനത്തെ അതിദാരിദ്ര്യം പൂർണ്ണമായും തുടച്ചുനീക്കപ്പെടുകയാണ്. ഈ ലക്ഷ്യം കൈവരിക്കാനുള്ള ദൃഢനിശ്ചയം സർക്കാരിന്റെ ഓരോ ചലനത്തിലും വ്യക്തമാണ്. മുഖ്യമന്ത്രിയുടെ സ്വന്തം മണ്ഡലമായ ധർമ്മടം രാജ്യത്ത് അതിദാരിദ്ര്യവിമുക്തമായി പ്രഖ്യാപിക്കപ്പെട്ട ആദ്യ മണ്ഡലമായി മാറിയത് ഈ പദ്ധതിയുടെ വിജയത്തിന്റെ ഒരു നേർസാക്ഷ്യമാണ്.

പട്ടികജാതി (SC) അതിദരിദ്ര കുടുംബങ്ങൾക്കായുള്ള അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി പ്രകാരം ആകെ 12,771 അതിദരിദ്ര പട്ടികജാതി കുടുംബങ്ങളെ കണ്ടെത്തി. ഇതിൽ 7,266 കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽ നിന്ന് ഉയർത്തി. ഭക്ഷണം ആവശ്യമുള്ള 3,824 കുടുംബങ്ങളിൽ എല്ലാവർക്കും ഭക്ഷണം ലഭ്യമാക്കിയിട്ടുണ്ട്. ആരോഗ്യ സേവനങ്ങൾ ആവശ്യമുള്ള 5,330 പേരിൽ 5,328 പേർക്ക് സേവനം നൽകിയിട്ടുണ്ട്. വരുമാനം ആവശ്യമുള്ള 785 കുടുംബങ്ങളിൽ എല്ലാവർക്കും ലഭ്യമാക്കി. ഭവനം ആവശ്യമുള്ള 2,650 കുടുംബങ്ങളിൽ 2,066 എണ്ണം പൂർത്തിയാക്കി. 584 എണ്ണം ഇനിയും പൂർത്തിയാക്കാനുണ്ട്.

പട്ടികവർഗ (ST) അതിദരിദ്ര കുടുംബങ്ങൾക്കായുള്ള അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി പ്രകാരം ആകെ 2,915 അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 1,586 കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽ നിന്ന് ഉയർത്തി. ഭക്ഷണം ആവശ്യമുള്ള 848 കുടുംബങ്ങളിൽ എല്ലാവർക്കും അത് ലഭ്യമാക്കി. ആരോഗ്യ സേവനങ്ങൾ ആവശ്യമുള്ള 1,109 പേർക്ക് സേവനം നൽകിയിട്ടുണ്ട്. വരുമാനം ആവശ്യമുള്ള 180 കുടുംബങ്ങളിൽ എല്ലാവർക്കും അത് പൂർത്തിയാക്കിയിട്ടുണ്ട്. ഭവനം ആവശ്യമുള്ള 524 കുടുംബങ്ങളിൽ 317 എണ്ണം പൂർത്തിയാക്കി. 207 എണ്ണം ഇനിയും പൂർത്തിയാക്കാനുണ്ട്

> **പട്ടികജാതി (SC) അതിദരിദ്ര കുടുംബങ്ങൾക്കായുള്ള അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി പ്രകാരം ആകെ 12,771 അതിദരിദ്ര പട്ടികജാതി കുടുംബങ്ങളെ കണ്ടെത്തി. ഇതിൽ 7,266 കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽ നിന്ന് ഉയർത്തി**

അതിദാരിദ്ര്യ നിർമ്മാർജന പദ്ധതിക്ക് പുറമെ, തുടർച്ചയായ ജനക്ഷേമ സമീപനം മറ്റെല്ലാ മേഖലകളിലും പ്രകടമാണ്. ലൈഫ് മിഷൻ വഴി ഭവന രഹിതരായ കുടുംബങ്ങൾക്ക് സുരക്ഷിതമായ വീടുകൾ നൽകി, പൊതുവിദ്യാഭ്യാസ-പൊതുജനാരോഗ്യ മേഖലകളിലുണ്ടായ കുതിച്ചുചാട്ടം,



ഗെയ്ൽ പൈപ്പ് ലൈൻ, ഇടമൺ-കൊച്ചി വൈദ്യുതി വിതരണ ശൃംഖല, ദേശീയ പാത, മലയോര-തീരദേശ ഹൈവേകൾ, ഇന്ത്യയ്ക്കുതന്നെ മാതൃകായി വാട്ടർമെട്രോ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനം, പൊതുജന ക്ഷേമം എന്നിവ മുൻനിർത്തിയുള്ള ഈ സർക്കാരിന്റെ ആത്മാർഥമായ ഇടപെടലുകളുടെയും നിശ്ചയദാർഢ്യത്തിന്റെയും ഫലമാണ്. സാമൂഹ്യക്ഷേമ പെൻഷനുകൾ കൃത്യമായി വിതരണം ചെയ്യുന്നതിലും, കർഷകർക്ക് താങ്ങുവില ഉറപ്പാക്കുന്നതിലും, പ്രവാസികളുടെ ക്ഷേമത്തിനായി പ്രത്യേക ശ്രദ്ധ നൽകുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇതോടൊപ്പം രാജ്യത്താദ്യമായി സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിച്ചും തദ്ദേശ ജനതയ്ക്ക് പുതിയ ദിശാബോധം നൽകുന്നതിനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

കേരളപ്പിറവിയുടെ 69-ാം വാർഷികം ആഘോഷിക്കുമ്പോൾ, ഇന്ത്യയിൽ അതിദാരിദ്ര്യം ഇല്ലാതാക്കുന്ന ആദ്യ സംസ്ഥാനമായി മാറാനുള്ള പാതയിലാണ് നാം. ഈ നേട്ടത്തിലൂടെ, സമത്വത്തിലും കൂട്ടായ ഉത്തരവാദിത്വത്തിലും സാമൂഹികനീതിയിലും അധിഷ്ഠിതമായ പ്രായോഗികവും മാനുഷികവുമായ വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയിലൂന്നി കേരളം മുന്നോട്ടു നീങ്ങുകയാണ്.■

ശാരദ മുരളീധരൻ
മുൻ ചീഫ് സെക്രട്ടറി



ദാരിദ്ര്യ നിർമ്മാർജനം അടിസ്ഥാനലക്ഷ്യമായ കുടുംബശ്രീയുടെ ജൈത്രയാത്ര

# കുടുംബശ്രീ
# സമാനതകളില്ലാത്ത മാതൃക



1998 ൽ ആരംഭിച്ച കുടുംബശ്രീ എന്ന പ്രസ്ഥാനം 27 വർഷമായി ജൈത്രയാത്ര തുടരുകയാണ്. സമാന സ്വഭാവമുള്ള പ്രസ്ഥാനങ്ങളിൽ ഇതൊരു ദേശീയ റെക്കോഡാണ്. ദേശീയതലത്തിൽ സ്വർണജയന്തി സ്വരോസ്ഗർ യോജന (എസ് ജി എസ് വൈ) ആരംഭിച്ച അതേസമയത്താണ് കേരളത്തിൽ കുടുംബശ്രീയും പ്രവർത്തനമാരംഭിക്കുന്നത്. സ്വയംസഹായ സംഘങ്ങളുടെയും സൂക്ഷ്മസംരംഭങ്ങളുടെയും സഹായത്തോടെയുള്ള ദാരിദ്ര്യനിർമ്മാർജനമാണ് ഇരു പ്രസ്ഥാനങ്ങളുടെയും അടിസ്ഥാനലക്ഷ്യം. യഥാർഥത്തിൽ, കുടുംബശ്രീ അയൽപക്ക ഗ്രൂപ്പുകളിൽ പലതും എസ് ജി എസ് വൈ യുടെ സ്വയംസഹായ ഗ്രൂപ്പുകളായി ക്യാൻവാസ് ചെയ്യപ്പെടുകയും ഗ്രൂപ്പ് സംരംഭങ്ങൾക്കുള്ള സബ്സിഡി പിന്തുണ നേടിയെടുക്കുകയും ചെയ്തിരുന്നു. ആ അർഥത്തിൽ, ദേശീയതലത്തിൽ കുടുംബശ്രീയെ എസ് ജി എസ് വൈയുമായി സംയോജിപ്പിച്ചിരുന്നതായി പറയാം. കുടുംബശ്രീയുടെ തനതുപ്രവർത്തനങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുമുണ്ട്. 2009-ൽ എസ് ജി എസ് വൈയുടെ കീഴിലുള്ള വായ്പാവിതരണം, പ്രവർത്തനരീതി എന്നിവയെക്കുറിച്ചു പഠിച്ച രാധാകൃഷ്ണ കമ്മിറ്റി ആന്ധ്രാപ്രദേശ് സൊസൈറ്റി ഫോർ





എലിമിനേഷൻ ഓഫ് റൂറൽ പോവർട്ടി (എസ്ഇആർപി), കേരള കുടുംബശ്രീ എന്നീ മാതൃകകളാണ് രാജ്യത്ത് ഏറ്റവും സുസ്ഥിരമായത് എന്ന കണ്ടെത്തി.

**കുടുംബശ്രീയുടെ മൂന്ന് പ്രത്യേകതകളാണ് അംഗീകരിക്കപ്പെട്ടത്**

**1** കുടുംബശ്രീ ഒരു സ്വയംസഹായ കൂട്ടായ്മ (എസ്എച്ച്ജിഎൻഎച്ച്ജി) എന്ന തലത്തിൽ മാത്രമല്ല പ്രവർത്തിച്ചത്. അതിന് ഒരു ത്രിതല ഘടന ഉണ്ടായിരുന്നു. എൻഎച്ച്ജി, എഡിഎസ്, സിഡിഎസ് എന്നീ മൂന്ന് നിലകളിലായുള്ള പ്രവർത്തനം കുടുംബശ്രീയെ കൂടുതൽ കരുത്തുറ്റതാക്കി. ഈ ഘടന ആശയവിനിമയം എളുപ്പമാക്കി. അംഗങ്ങൾക്കിടയിലെ ഐക്യം ഊട്ടിയുറപ്പിക്കാനും സംരംഭങ്ങളുടെ വളർച്ച ഉറപ്പാക്കാനുമായി. സർക്കാർ ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ നേതൃത്വം, മറ്റ് പ്രധാന പങ്കാളികൾ എന്നിവരിലേക്ക് ആവശ്യങ്ങളെത്തിക്കാനും സഹായകമായി.





## കുടുംബശ്രീയുടെ പ്രവർത്തനം പ്രാദേശികവും അല്ലാത്തതുമായ നിരവധി വിഷയങ്ങളിൽ വലിയ സ്വാധീനം ചെലുത്തിയതായും കാണാം

**തദ്ദേശഭരണ പ്രക്രിയകളിലെ സമൂഹപങ്കാളിത്തം**

**സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ മേഖലകളിൽ സ്ത്രീകളുടെ വൻതോതിലുള്ള ശാക്തീകരണം**

**കാർഷിക മേഖലയിലെ സ്ത്രീപങ്കാളിത്തവും സുസ്ഥിര കൃഷിമാതൃകകളുടെ പ്രയോഗവത്കരണവും**

**പ്രാദേശിക സാമ്പത്തിക വികസനം, വൻതോതിലുള്ള ഉപജീവനമാർഗ സാധ്യതകൾ കണ്ടെത്തൽ**

**കഴിവുകളുടെ പരിപോഷണം, അക്കൗണ്ടിങ്, ബിസിനസ് വികസനം, ലിംഗസമത്വം എന്നിവയ്ക്കായുള്ള സംഘടിത ശ്രമങ്ങൾ**

**ആരോഗ്യം, വിദ്യാഭ്യാസം, ശുചിത്വം, മാലിന്യ സംസ്കരണം, ഉപജീവനമാർഗങ്ങൾ, സാമൂഹിക അവകാശങ്ങൾ, ആശയവിനിമയം തുടങ്ങി ഒന്നിലധികം മേഖലകളുടെ സംയോജനം**

**ദുരന്തനിവാരണത്തിലും പ്രകൃതിസംരക്ഷണത്തിലും പ്രതിരോധ പ്രവർത്തനങ്ങളിലുമുള്ള പങ്കാളിത്തം**

**ഭിന്നശേഷിക്കാരും കുടിയേറ്റ സമൂഹങ്ങളും ഉൾപ്പെടെ പാർശ്വവൽക്കരിക്കപ്പെട്ട വരുടെ പുനരധിവാസവും സംരക്ഷണവും**

**കുട്ടികളുടെ അവകാശങ്ങൾക്കും ശാക്തീകരണത്തിനുമുള്ള പ്രവർത്തനങ്ങൾ, വയോജന പരിചരണം എന്നിവയിലെ സാമൂഹിക ഇടപെടൽ**

**2** മറ്റ് സംസ്ഥാനങ്ങളിലെ പ്രസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി, കൂട്ടായ പരിശ്രമത്തിലുള്ള ഒരു ദൗത്യനിർവഹണം (mission) എന്ന രീതിയിലാണ് കുടുംബശ്രീ പ്രവർത്തിച്ചത്. എണ്ണത്തിന്റെ കണക്കിലല്ല, ലക്ഷ്യപൂർത്തീകരണത്തിന്റെ അടിസ്ഥാനത്തിലാണ് നേട്ടങ്ങൾ തിട്ടപ്പെടുത്തിയത്. അയൽക്കൂട്ടങ്ങളുടെ സുസ്ഥിരത, പ്രവർത്തനങ്ങളുടെ പൂർത്തീകരണം, പുത്തൻ സാധ്യതകൾ, ബാങ്കിടപാടിലെ



ബുദ്ധിമുട്ടുകൾ തരണംചെയ്യൽ, സൂക്ഷ്മസംരംഭങ്ങളുടെ പ്രായോഗികത, വരുമാനവർധനവിനുള്ള മാർഗങ്ങൾ വിപുലപ്പെടുത്തൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും മറ്റുമുള്ള സുതാര്യ ഇടപാടുകൾ എന്നിവയിൽ വലിയ ശ്രദ്ധനൽകാനായി.

**3** കുടുംബശ്രീയിലെ സ്ത്രീകളെ നന്നായി മനസ്സിലാക്കി അവരിലൊരാളായി സംസാരിക്കാൻ കഴിയുന്ന കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാരെയാണ് പരിശീലനത്തിനും ശേഷിവർധിപ്പിക്കലിനും ആശ്രയിച്ചിരുന്നത്. വിശ്വാസവും ആശ്വാസവും സൃഷ്ടിക്കുന്നതിൽ ഇത് പ്രധാനമായിരുന്നു. വ്യാപകമായി പരിശീലനങ്ങൾ സംഘടിപ്പിച്ചും പുതിയ പരിപാടികളും ആശയങ്ങളും പ്രചരിപ്പിച്ചും കൂട്ടായ ഇടപെടലുകൾ ഉണ്ടാക്കിയും അവർ മുന്നേറി. തരിശുഭൂമിയിലെ കൃഷിയും ക്ഷീരസാഗരവും





സാമൂഹികമായും സാമ്പത്തികമായും താഴേത്തട്ടിലുള്ള ആളുകളുടെ ശാക്തീകരണത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്ന കുടുംബശ്രീക്ക് സർക്കാർ തലത്തിൽ തുടർച്ചയായി ലഭിക്കുന്ന പിന്തുണയും പ്രധാനമാണ്



പോലുള്ള പദ്ധതികളിലും സാമൂഹികവും രാഷ്ട്രീയവുമായ ശാക്തീകരണ പ്രവർത്തനങ്ങളിലും ഒരുപോലെ കരുത്തായി നിലകൊണ്ടു. സ്ത്രീകൾക്ക് ദീർഘദൂരം യാത്രചെയ്യാനും വീടുകളിൽനിന്നു മാറിനിൽക്കാനുമുള്ള അവസരവും ഈ പരിശീലനങ്ങൾ നൽകി.

ഇക്കാര്യങ്ങളിൽ ആന്ധ്രാ മോഡൽ എസ്എച്ച്ജി ഫെഡറേഷനുകളിലും സമാനതകളുണ്ടായിരുന്നു. എസ് ജി എസ് വൈ പ്രോഗ്രാമിന്റെ പുനഃസംഘടനയിൽ പരിഗണിക്കേണ്ട വിഷയമായി രാധാകൃഷ്ണ കമ്മിറ്റി ഇവയെ ചൂണ്ടിക്കാട്ടി. ഈ തത്വങ്ങളെ അടിസ്ഥാനമാക്കിയാണ് എൻആർഎൽഎം രൂപീകരിച്ചതും.

## ദൃശ്യതയേറുന്ന കുടുംബശ്രീ

കുടുംബശ്രീയുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സംയോജിച്ച് പ്രവർത്തിക്കുന്ന മാതൃക എൻആർഎൽഎം സ്വീകരിച്ചില്ല. ഇതര സംസ്ഥാനങ്ങളിലെ പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ ശേഷിക്കുറവും സ്ത്രീകൾ സ്വന്തംനിലയിൽ ഉയർന്നുവരുന്നതിനെ നിരുത്സാഹപ്പെടുത്തുന്ന പ്രാദേശിക അധികാര ഘടനയിലുള്ള അവിശ്വാസവുമാണ് ഇതിന് പ്രധാന കാരണം. 14-ാമത് കേന്ദ്ര ധനകാര്യ കമ്മീഷൻ റിപ്പോർട്ട് പുറത്തുവന്നതോടെ രാജ്യത്തുടനീളമുള്ള ഗ്രാമപഞ്ചായത്തുകളിലേക്കും മുനിസിപ്പാലിറ്റികളിലേക്കും

വലിയ വിഭവകൈമാറ്റത്തിന് സാധ്യത ഒരുങ്ങി. സിഎഫ്സി ഗ്രാന്റുകൾ ഉപയോഗിച്ച് തൊഴിലുറപ്പ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും സ്ത്രീകളെ പ്രാദേശിക വികസന മാതൃകയിൽ സജീവമാക്കാനുമുള്ള സാധ്യതയിലേക്ക് നയിച്ചു. ഇത് കുടുംബശ്രീക്ക് കൂടുതൽ ദൃശ്യത നൽകി.

NRLM ന്റെ ഉദ്ദേശലക്ഷ്യങ്ങൾ താഴേക്കിടയിൽ പ്രചരിപ്പിക്കുന്നതിനായി നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ എന്ന പേരിൽ ഒരു പ്രത്യേക സംവിധാനം രൂപീകരിച്ചു. പ്രത്യേക കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺ-മെന്റർമാർ വഴിയാണ് ഇത് നടപ്പിലാക്കിയത്. പഞ്ചായത്തീരാജ് സംയോജനത്തിനും മൈക്രോ ബിസിനസുകൾ (കാർഷികേതര ഉപജീവനമാർഗങ്ങൾ) കൈകാര്യം ചെയ്യുന്നതിനും കുടുംബശ്രീയെ NRO ആയി നിയോഗിച്ചു. അതേസമയം ആന്ധ്രാപ്രദേശ്/തെലങ്കാനയിലെ SERP ആയിരുന്നു പുതിയ മേഖലകളിൽ സ്വയംസഹായ ഗ്രൂപ്പുകളെ കൈകാര്യം ചെയ്യുന്നതിനുള്ള പ്രധാന NRO. പഞ്ചായത്തീരാജ് സ്ഥാപനങ്ങളും സ്വയംസഹായ ഗ്രൂപ്പുകളും സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു ചട്ടക്കൂട് വികസിപ്പിക്കുന്നതിൽ കുടുംബശ്രീയുടെ പ്രവർത്തനപരിചയം നിർണ്ണായകമായി.





അക്കാലത്ത് തദ്ദേശീയ ബിസിനസുകളും സൂക്ഷ്മസംരംഭങ്ങളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ പരിഹാരംകണ്ടെത്തുന്നതിനായി തന്ത്രപരമായ പരീക്ഷണങ്ങൾ നടത്തിയ ഏക സംസ്ഥാനം കേരളമായിരുന്നു. ചെറുകിട സംരംഭകരെ വികസിപ്പിക്കാൻ, പ്രത്യേകിച്ച് വനിതാ സ്വയംസഹായ സംഘങ്ങളിൽ നിന്നുള്ളവരെ സഹായിക്കുന്നതിന് കമ്മ്യൂണിറ്റി മെന്റർമാരായ മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാരെ (MEC) ഉപയോഗിക്കാമെന്ന ആശയവും കുടുംബശ്രീ NRLM-ന് നൽകിയ സംഭാവനയാണ്. NRLMന്റെ NRO ആയി അംഗീകരിക്കപ്പെട്ടശേഷം 25 സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും കുടുംബശ്രീ പിന്തുണ നൽകി.

നഗര സ്വയംസഹായ സംഘ രൂപവൽക്കരണം, സംയോജനം, സംരംഭ വികസനം എന്നിവയിൽ കുടുംബശ്രീയായിരുന്നു മുൻഗാമി. അക്കാലത്ത് ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും ഒരുപോലെ പ്രവർത്തിച്ചിരുന്ന സംസ്ഥാനതല മിഷൻ കുടുംബശ്രീ മാത്രം. അതിനാൽ, NULM (ദേശീയ നഗര ഉപജീവന മിഷൻ) പ്രകാരം നഗര ദാരിദ്ര്യനിർമ്മാർജനത്തിനായുള്ള മാർഗനിർദേശങ്ങളിൽ NRLM മാതൃകയ്ക്ക് പുറമെ, കുടുംബശ്രീയുടെ നഗരാനുഭവം മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ, തെരുവോര കച്ചവടം പോലെ കുടുംബശ്രീ ഇടപെടാത്ത പുതിയ മേഖലകൾ കൂടി NULM ഉൾപ്പെടുത്തി.

ലോകബാങ്ക്, ഐക്യരാഷ്ട്രസഭ തുടങ്ങിയവ കുടുംബശ്രീയുടെ പ്രവർത്തനങ്ങളിൽ താൽപര്യം കാണിച്ചതോടെ അന്താരാഷ്ട്ര ശ്രദ്ധ നേടിയെടുക്കാനായി. അക്കാദമിക് സ്ഥാപനങ്ങൾ ഉൾപ്പെടെ താൽപര്യം പ്രകടിപ്പിച്ചതുവഴി വിദേശ രാജ്യങ്ങളിലെ അന്താരാഷ്ട്ര വികസന കോഴ്സുകളുടെ സിലബസിൽ കുടുംബശ്രീ ഇടംനേടി. സാമൂഹികമായും സാമ്പത്തികമായും താഴേത്തട്ടിലുള്ള ആളുകളുടെ ശാക്തീകരണത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്ന കുടുംബശ്രീക്ക് സർക്കാർ തലത്തിൽ തുടർച്ചയായി ലഭിക്കുന്ന പിന്തുണയും പ്രധാനമാണ്. വികസനത്തിലും തുല്യതയിലും വേരൂന്നി വളരുന്നൊരു സമൂഹത്തിൽ കുടുംബശ്രീ വഹിക്കുന്ന പങ്കും തുല്യപ്രാധാന്യമർഹിക്കുന്നു. ■

## ആരാണ് അതിദരിദ്രർ?

**സാമൂഹിക സാമ്പത്തിക ദുർബലത അഥവാ ദാരിദ്ര്യം എന്നത് നിരന്തരമായ മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന ഒരു പ്രതിഭാസമാണ്. പൊതുവിൽ ഉള്ള ശേഷികളുടെ അഭാവമാണ് ദാരിദ്ര്യം. എന്നാൽ ഏറ്റവും തീവ്രമായി അത്തരം അവസ്ഥകളെ അഭിമുഖീകരിക്കുന്നവരാണ് അതിദരിദ്രർ. ഭക്ഷണം, സുരക്ഷിതമായ വാസസ്ഥലം, അടിസ്ഥാന വരുമാനം, ആരോഗ്യസ്ഥിതി എന്നീ നാലു ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് അതിദാരിദ്ര്യം നിർണ്ണയിക്കപ്പെട്ടിട്ടുള്ളത്.**

**അടിസ്ഥാന സൗകര്യങ്ങളും, അവകാശങ്ങളും നിറവേറ്റാൻ കഴിയാത്ത ബാഹ്യ സഹായം ഇല്ലാതെ ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കാത്തവരെയാണ് അതിദരിദ്രരായി കണക്കാക്കേണ്ടത്. ഈ വിഭാഗത്തിലുള്ളവരെ സംബന്ധിച്ച് സർക്കാരിന്റെയും പൊതുസമൂഹത്തിന്റെയും ശക്തമായ പിന്തുണയില്ലാതെ മുന്നോട്ട് പോകാൻ സാധിക്കില്ല. എന്നാൽ ദരിദ്രരെ സംബന്ധിച്ച് അവരുടെ തൊഴിൽ ശേഷിയും വരുമാനവും വെച്ച് ചുരുങ്ങിയ അളവിലെങ്കിലും മുന്നോട്ട് പോകാൻ സാധിക്കും. അവരെ സഹായിക്കാൻ സർക്കാരിന്റെ പല പദ്ധതികൾക്കും സാധിച്ചിട്ടുണ്ട്. റേഷൻ സംവിധാനങ്ങളും, തൊഴിലുറപ്പു പദ്ധതിയും, ലൈഫ് മിഷൻ പോലുള്ള പദ്ധതികളും ഇതിനു ഉദാഹരണമാണ്. ഈ അടിസ്ഥാന സഹായങ്ങൾ പോലും ലഭിക്കാത്ത അവസ്ഥയിൽ നിൽക്കുന്ന അതിദാരിദ്ര്യ വിഭാഗത്തെയാണ് കണ്ടെത്തേണ്ടത്.**





**ഷിബു ഇ. വി**
ഐ പി ആർ ഡി

**അതിദരിദ്രരില്ലാത്ത ആദ്യജില്ല എന്ന നേട്ടം കൈവരിച്ച് കോട്ടയം**

# വഴികാട്ടിയായി കോട്ടയം

കേരളത്തെ അതിദരിദ്രരില്ലാത്ത സംസ്ഥാനമായി മാറ്റുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിൽ കോട്ടയം സംസ്ഥാനത്തിന് വഴികാട്ടിയായി മാറി. ഇന്ത്യയിൽത്തന്നെ അതിദരിദ്രരില്ലാത്ത ആദ്യ ജില്ലയായി രിക്കും കോട്ടയം.

അതിദാരിദ്ര്യം അനുഭവിക്കുന്നവരെ കണ്ടെത്താനുള്ള അതിദാരിദ്ര്യ നിർണ്ണയ വിവരശേഖരണ പ്രക്രിയ കോട്ടയം ജില്ല യിൽ 2021 ഒക്ടോബറിലാണ് ആരംഭിച്ചത്. ജനകീയമായാണ് സർവേ നടപടികൾ നടത്തിയത്. 1344 എന്യൂമറേഷൻ സംഘ ങ്ങൾ സർവേയിൽ പങ്കാളികളായി. 2688 എന്യൂമറേറ്റർമാർ പങ്കെടുത്തു. ഫോക്കസ് ഗ്രൂപ്പ് ചർച്ചകളും ഗ്രാമസഭാ ചർച്ചകളും നടന്നു. ഭക്ഷണം, ആരോഗ്യം, വരുമാനം, വാസസ്ഥലം (വീടില്ലാത്തവർ, വീടും സ്ഥലവും ഇല്ലാത്തവർ) എന്നീ ക്ലേശഘട കങ്ങൾ അടിസ്ഥാനമാക്കിയാണ് അതിദാ രിദ്ര്യം നിർണ്ണയിച്ചത്.

2022 ജനുവരി 10ന് അതിദാരിദ്ര്യ നിർ ണ്ണയ പ്രക്രിയ സംസ്ഥാനത്ത് ആദ്യമായി പൂർത്തീകരിച്ച ജില്ലയായി കോട്ടയം. 1071 പേരെ സർവേയിൽ കണ്ടെത്തി. മര ണപ്പെട്ടവർ, ഇതര സംസ്ഥാനങ്ങളിൽ/ ജില്ലകളിൽ കുടിയേറിയവർ എന്നിവരെ സൂപ്പർ ചെക്കിലൂടെ ഒഴിവാക്കി. അന്തിമ പട്ടികയിൽ 903 പേരെ അതിദരിദ്രരായി കണ്ടെത്തി. അതിദരിദ്രരുടെ പുനരധിവാ സത്തിനും ഉപജീവനത്തിനുമായി 2022 ആഗസ്റ്റിൽ 978 മൈക്രോപ്ലാനുകൾ തയ്യാറാക്കി. സംസ്ഥാനത്ത് ആദ്യമായി മൈക്രോപ്ലാനുകൾ തയ്യാറാക്കിയതും കോട്ടയമാണ്.

2022 ഒക്ടോബറിൽ നിർവഹണം ആരം ഭിച്ചു. സംസ്ഥാനത്ത് ആദ്യനിർവഹണം ആരംഭിച്ചതും കോട്ടയത്താണ്. തദ്ദേശ സ്വയംസ്ഥാപനങ്ങൾ വഴി മൈക്രോ പ്ലാനു കൾ നടപ്പാക്കി. മൈക്രോ പ്ലാൻ പ്രകാരം ഭക്ഷണവും മരുന്നുകൾ, പാലിയേറ്റീവ് കെയർ, ആരോഗ്യ സഹായ ഉപകര ണങ്ങൾ എന്നിങ്ങനെയുള്ള ആരോഗ്യ സേവനങ്ങളും ആവശ്യമുള്ള മുഴുവൻ കുടുംബങ്ങൾക്കും ലഭ്യമാക്കി. ഭക്ഷണ ത്തിനു ബുദ്ധിമുട്ട് നേരിട്ട കുടുംബങ്ങൾക്ക് ഭക്ഷ്യകിറ്റ് വിതരണം ചെയ്യൽ, ആഹാരം പാകം ചെയ്യാൻ സാധിക്കാത്ത കുടുംബ ങ്ങൾക്ക് പാകം ചെയ്ത് ഭക്ഷണം നൽകൽ തുടങ്ങിയവ ലഭ്യമാക്കി തുടർന്നുവരുന്നുണ്ട്. ഇത്തരത്തിൽ 605 കുടുംബങ്ങൾക്കാണ് സേവനം നൽകുന്നത്.

മരുന്നുകൾ ആവശ്യമുള്ള 693 കുടുംബ ങ്ങൾക്ക് അവ ലഭ്യമാക്കി. പാലിയേറ്റീവ് കെയർ സേവനങ്ങൾ ആവശ്യമായിരുന്ന 206 കുടുംബങ്ങൾക്കും സേവനം നൽകുന്നു. ആരോഗ്യ സുരക്ഷാ സാമ ഗ്രികൾ ആവശ്യമായിരുന്ന 6 കുടുംബ ങ്ങൾക്കും ലഭ്യമാക്കി. വരുമാനമാർഗം ഒരുക്കിക്കൊടുക്കേണ്ടിയിരുന്ന 155 കുടുംബ ങ്ങൾക്ക് അതിനുള്ള സൗകര്യമൊരുക്കി. കുടുംബശ്രീ - ഉജ്ജീവനം പദ്ധതി വഴി 140 കുടുംബങ്ങൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ആറ് കുടുംബങ്ങൾ ക്കും മറ്റ് വകുപ്പുകൾ വഴി അഞ്ച് കുടുംബ ങ്ങൾക്കും സ്വകാര്യസ്ഥാപനങ്ങൾ വഴി അഞ്ച് കുടുംബങ്ങൾക്കും വരുമാനമാർഗം ലഭ്യമാക്കി.

ഭവനരഹിതരും, ഭൂരഹിത ഭവനരഹി തരും ആയ മുഴുവൻ പേർക്കും സുരക്ഷിത വാസസ്ഥലങ്ങൾ ഉറപ്പാക്കി. അതിദരിദ്ര കുടുംബങ്ങളിലെ വീട് മാത്രം ആവശ്യമായ 67 കുടുംബങ്ങൾക്ക് വീട് ഉറപ്പാക്കി. വീടും വസ്തുവും വീടും ആവശ്യമായിട്ടുള്ള 50 കുടുംബങ്ങൾക്ക് ഭൂമിയും വീടും ഉറപ്പാക്കി. 22 കുടുംബങ്ങളെ വാടകവീടുകളിലേക്ക് മാറ്റി. ലൈഫ് പദ്ധതി, പി.എം.എ.വൈ പദ്ധതി, സ്പോൺസർഷിപ്പ്, മറ്റ് സന്നദ്ധ സംഘടനകളുടെ സഹായം വഴിയാണ് ഇവ യാഥാർഥ്യമാക്കിയത്.



**സംസ്ഥാനത്തെ അതിദരിദ്രരില്ലാത്ത ആദ്യ ജില്ലയായി കോട്ടയത്തെ പ്രഖ്യാപിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി എം.ബി. രാജേഷ് മന്ത്രി വി.എൻ. വാസവന് മധുരം നൽകുന്നു**




## ധർമ്മടം
## ആദ്യ അതിദാരിദ്ര്യമുക്ത മണ്ഡലം

**സംസ്ഥാനത്തെ ആദ്യ അതിദാരിദ്ര്യമുക്ത നിയോജക മണ്ഡലമാണ് കണ്ണൂർ ജില്ലയിലെ ധർമ്മടം. 2025 ഏപ്രിലിൽ മുഖ്യമന്ത്രി പിണറായി വിജയനാണ് പ്രഖ്യാപനം നിർവഹിച്ചത്.**

**ധർമ്മടം മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലും മികച്ച പ്രവർത്തനങ്ങൾ നടത്തി അതിദാരിദ്ര്യ മുക്തമായി പ്രഖ്യാപിച്ചു. 2021 ആഗസ്റ്റ് മുതൽ അതിദരിദ്രരെ കണ്ടെത്തുന്നതിനും സേവനങ്ങൾ ലഭ്യമാക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. 'റൈറ്റ് ടു സ്വിഫ്റ്റ് അസിസ്റ്റൻസ്' സംരംഭവും മൈക്രോ പ്ലാനുകളും ആവിഷ്കരിച്ചാണ് അതിദാരിദ്ര്യമുക്ത മണ്ഡലം എന്ന ലക്ഷ്യം കൈവരിച്ചത്.**

**ഹ്രസ്വകാലയളവിൽ നടപ്പിലാക്കാവുന്ന പദ്ധതികൾ, ഉടൻ നടപ്പിലാക്കുന്നവ, ദീർഘകാല പദ്ധതികൾ എന്നിങ്ങനെ മൂന്ന് ഭാഗങ്ങളായി തിരിച്ചാണ് മൈക്രോപ്ലാനിലൂടെ സേവനങ്ങൾ നൽകിയത്. എട്ട് ഗ്രാമപഞ്ചായത്തുകളിൽ നിന്നായി 196 കുടുംബങ്ങളാണ് ഗുണഭോക്താക്കളായുള്ളത്.**

**അതിദരിദ്ര വിഭാഗത്തിലുള്ളവർക്ക് അവകാശ രേഖകളായ റേഷൻ കാർഡ്, ഭിന്നശേഷി കാർഡ്, ആധാർ കാർഡ്, ബാങ്ക് അക്കൗണ്ടുകൾ, സാമൂഹിക സുരക്ഷ പെൻഷൻ എന്നിവ ലഭ്യമാക്കി. ആവശ്യമായ ചികിത്സയും മരുന്നുകളും ലഭ്യമാക്കി. 20 പേർക്ക് ആധാർ കാർഡ്, 4 പേർക്ക് ജോബ് കാർഡ്, 4 പേർക്ക് ഗ്യാസ് കണക്ഷൻ, 31 പേർക്ക് വോട്ടർ ഐ ഡി, 12 പേർക്ക് റേഷൻ കാർഡ്, രണ്ട് പേർക്ക് ഹെൽത്ത് ഇൻഷുറൻസ്, രണ്ട് പേർക്ക് സെക്യൂരിറ്റി പെൻഷൻ എന്നിവ ലഭ്യമാക്കി. ഭക്ഷണം ആവശ്യമായ 19 കുടുംബങ്ങളിൽ 79 പേർക്കും ഭക്ഷണം ഗ്രാമപഞ്ചായത്തുകൾ വഴിയും കുടുംബശ്രീ സന്നദ്ധ സംഘടനകൾ വഴിയും എത്തിച്ചു നൽകി. ആരോഗ്യ സേവനങ്ങൾ ആവശ്യമായ 139 കുടുംബങ്ങളിൽ എല്ലാവർക്കും സേവനങ്ങൾ ഹെൽത്ത് സെന്റർ മുഖേനയും, പാലിയേറ്റീവ് കെയർ സംവിധാനം വഴിയും നൽകുകയും വരുമാനം ലഭ്യമാക്കുന്നതിന് 20 കുടുംബങ്ങൾക്ക് വിവിധ വകുപ്പുകൾ മുഖേനയും ഗ്രാമപഞ്ചായത്ത് പദ്ധതിയിലൂടെയും, കുടുംബശ്രീയുടെ ഉജ്ജീവനം പദ്ധതിയിലൂടെയും വരുമാനദായിക സംവിധാനങ്ങൾ വഴിയും ലഭ്യമാക്കി. വീട് ആവശ്യമായ 83 പേരിൽ ലൈഫ് പദ്ധതിയിലൂടെ 27 പേർക്ക് വീടും ആറ് പേർക്ക് വീടും സ്ഥലവും അനുവദിക്കുകയും 40 പേർക്ക് ഗ്രാമപഞ്ചായത്ത് മുഖേന ഭവന പുനരുദ്ധാരണത്തിനുള്ള തുക അനുവദിക്കുകയും ചെയ്തു. മൂന്ന് കുടുംബങ്ങൾക്ക് ടോയ്‌ലെറ്റ്, ഒരു കുടുംബത്തിന് കുടിവെള്ള കണക്ഷൻ എന്നിവ അനുവദിച്ചതിലൂടെ പട്ടികയിൽ ഉൾപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും വാസയോഗ്യമായ ഭവനം എന്ന സ്വപ്നം സാധ്യമാക്കാൻ സാധിച്ചു.**

490 ഗുണഭോക്താക്കൾക്ക് ആധാർ, റേഷൻ കാർഡ്, ബാങ്ക് അക്കൗണ്ട്, മറ്റ തിരിച്ചറിയൽ കാർഡുകൾ അടക്കമുള്ള അവകാശരേഖകൾ ലഭ്യമാക്കി. 55 വിദ്യാർഥികൾക്ക് സൗജന്യ ബസ് പാസും ലഭ്യമാക്കി. ഈ കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകുന്നതിനൊപ്പം പഠനമാർഗ നിർദേശ പരിപാടികളും ഒരുക്കി. പദ്ധതിയുടെ ഭാഗമായി അലഞ്ഞുതിരിഞ്ഞ് നടക്കുന്നവർ, മാനസികവെല്ലുവിളി നേരിടുന്നവർ എന്നിവരെ പുനരധിവസിപ്പിക്കാനും, ചികിത്സയുമുള്ള നടപടികൾ സ്വീകരിച്ചു.

2021 ഒക്ടോബറിൽ അന്നത്തെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മല ജിമ്മി, ജില്ലാ കളക്ടർ ഡോ.പി.കെ.ജയശ്രീ, ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ പി.എസ്.ഷിനോ എന്നിവരുടെ ചുമതലയിൽ തദ്ദേശ സ്വയം ഭരണവകുപ്പിന്റെ നേതൃത്വത്തിലാണ് വിവിധ സർക്കാർ വകുപ്പുകളെ പങ്കെടുപ്പിച്ച് ജില്ലയിൽ അതിദാരിദ്ര്യ നിർമ്മാർജന ലക്ഷ്യം നേടുന്നതിനുള്ള പ്രവൃത്തികൾക്ക് തുടക്കമിട്ടത്. പിന്നീട് വന്ന ജില്ലാ പഞ്ചായത്ത് പ്രസിഡന്റായ കെ.വി.ബിന്ദുവും ജില്ലാ കളക്ടർ വി.വിഗ്നേശ്വരിയും പ്രവർത്തനങ്ങൾ തുടർന്നു. നിലവിലെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഹേമലതാ പ്രേംസാഗറിന്റെയും ജില്ലാ കളക്ടർ ജോൺ വി. സാമുവലിന്റെയും പ്രോജക്ട് ഡയറക്ടർ ബെവിൻ ജോൺ വർഗീസിന്റെയും നേതൃത്വത്തിലാണ് ലക്ഷ്യം പൂർത്തീകരിച്ചത്.■

**ബിജോ വേലിക്കകത്ത്**
മാധ്യമപ്രവർത്തകൻ



**പട്ടിണിയില്ലാത്ത കേരളമായതിന് വഴിയൊരുക്കിയ ചില നാഴികക്കല്ലുകൾ അറിയാം**



# ചരിത്രപാതകൾ

## നവോത്ഥാനം പാകിയ ആധാരശിലകൾ

നവോത്ഥാന പ്രസ്ഥാനങ്ങൾ കേരളത്തോടൊപ്പമോ അതിലുമേറെ ശക്തമായോ ഉയർന്ന സംസ്ഥാനങ്ങളുണ്ടായിരുന്നു ഇന്ത്യയിൽ. എന്നാൽ, ആ പുരോഗമന മുന്നേറ്റങ്ങളുടെ അനന്തരാവകാശികളായി അക്ഷരാർഥത്തിൽ മാറിയൊരു സമൂഹം മലയാളികളുടേതുപോലെ മറ്റൊന്നുണ്ടാവില്ല. കേരളമോഡലെന്ന് ലോകം വാഴ്ത്തുന്ന നേട്ടങ്ങൾക്ക് അടിത്തറയൊരുക്കിയത് നവോത്ഥാന ആശയങ്ങളും അതിനെ ഊർജമാക്കിയ സാമൂഹിക മുന്നേറ്റങ്ങളുമാണെന്ന് നിസ്സംശയം പറയാം.

സമൂഹത്തെയാകെ ഉടച്ചുവാർത്ത ഒട്ടേറെ സമരങ്ങളുടെ ആകെത്തുകയാണ് കേരള നവോത്ഥാനം. രാജ്യത്തെ മറ്റ പ്രദേശങ്ങളിൽനിന്നു വിഭിന്നമായ സാമൂഹികജീവിതം സ്വാതന്ത്ര്യാനന്തരം കേരളത്തിൽ സാധ്യമായത് അതുകൊണ്ടാണ്. ജാതിമത ചിന്തകൾക്കതീതമായ തുല്യനീതിയും അവകാശങ്ങളും സാമൂഹികബോധമായി വളർന്നത് അത്തരം പോരാട്ടങ്ങൾ കേരളത്തിന്റെ പൊതുസമൂഹം ഏറ്റെടുത്തതിനാലാണ്. നവോത്ഥാന ആശയങ്ങളും വിവിധ സാമുദായിക പരിഷ്കരണ പ്രസ്ഥാനങ്ങളും ജാത്യന്ധതയും അയിത്തവും തുടച്ചുനീക്കുന്നതിന് ശക്തമായി വാദിച്ചിരുന്നു. 19-ാം നൂറ്റാണ്ടിന്റെ അവസാനവും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലുമായി ഉയർന്നുവന്ന വിവിധ പ്രക്ഷോഭങ്ങളും ഈ ദിശയിലായിരുന്നു. ശ്രീനാരായണഗുരുവും മഹാത്മ അയ്യങ്കാളിയും ചട്ടമ്പി സ്വാമികളും പോലുള്ള നവോത്ഥാന നായകർ ഉയർത്തിയ ആശയങ്ങൾ സമത്വത്തിനും സാമൂഹികനീതിക്കും പ്രാധാന്യം നൽകി. ദാരിദ്ര്യവിമുക്തമായ അന്തസ്സുറ്റ ജീവിതം നയിക്കുന്നതിനും വിദ്യാഭ്യാസത്തിലൂടെയും വ്യവസായത്തിലൂടെയും അധഃസ്ഥിതാവസ്ഥയിൽനിന്ന് മുന്നേറുന്നതിനും ഇതൊക്കെ സമൂഹത്തിന് പ്രേരകമായി. അവകാശങ്ങളെപ്പറ്റി അവബോധം നൽകി. സാമൂഹിക, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ അവ ഉൾക്കൊണ്ട് പരിപാടികൾ ആവിഷ്കരിച്ചു. പലയിടങ്ങളിൽനിന്നും വ്യത്യസ്തമായി മനുഷ്യാന്തസ്സ് നിലനിർത്താൻ ഉതകുന്ന നയങ്ങൾ നടപ്പാക്കാൻ സർക്കാരുകൾക്ക് പ്രചോദനമായി. ഈ അടിത്തറയിൽനിന്നാണ് കേരളപ്പിറവിക്ക് 59 വർഷങ്ങൾ പിന്നിടുന്ന വേളയിൽ അതിദാരിദ്ര്യം ഇല്ലാതാക്കിയ നാടായി മാറാൻ നാം ഒരുങ്ങുന്നത്.

**സമൂഹത്തെയാകെ ഉടച്ചുവാർത്ത ഒട്ടേറെ സമരങ്ങളുടെ ആകെത്തുകയാണ് കേരള നവോത്ഥാനം**

## ഉഴുതുമറിച്ച ഭൂപരിഷ്കരണം

സ്വാതന്ത്ര്യത്തിനുശേഷം കേരളം കണ്ട ഏറ്റവും വിപ്ലവകരമായ ഭരണനടപടിയായിരുന്നു ആദ്യ ഇഎംഎസ് സർക്കാർ ആവിഷ്കരിച്ച ഭൂപരിഷ്കരണം. കേരളത്തിന്റെ സർവതോമുഖമായ പുരോഗതിക്ക് അസ്ഥിവാരമിട്ട സുപ്രധാന നടപടിയാണിതെന്ന് നിസംശയം പറയാം. ഭൂമിയുടെ ഉടമസ്ഥരും എന്നാൽ പണിയെടുക്കാത്തവരുമായ ജന്മിമാർ, അവരിൽനിന്ന് ഭൂമി പാട്ടത്തിനെടുത്തോ സ്വന്തം ഭൂമിയിലോ കൃഷിചെയ്യുന്നവർ, ഭൂരഹിതരായ കർഷകത്തൊഴിലാളികൾ എന്നിങ്ങനെ മൂന്നു വിഭാഗങ്ങളാണ് കാർഷികമേഖലയിൽ ഉണ്ടായിരുന്നത്. പാട്ടവും നിർബ



1957ലെ ആദ്യ മന്ത്രിസഭയിലെ അംഗങ്ങൾ

സ്ഥിത പിരിവും കഴിഞ്ഞാൽ കൃഷിക്കാരനു മിച്ചമൊന്നും ഉണ്ടാവാറില്ല. കർഷകത്തൊഴിലാളിക്ക് പട്ടിണി.

1957-ൽ ആദ്യ ഇഎംഎസ് സർക്കാർ അധികാരമേറ്റയുടൻ കുടിയൊഴിപ്പിക്കൽ നിരോധിച്ച നിയമം പാസാക്കി. ഇതിനെ തുടർന്നാണ് സമഗ്ര കാർഷികനിയമം അവതരിപ്പിച്ചത്. നിശ്ചിതവില നൽകിയാൽ കൃഷിക്കാരനു ഭൂമി ഉടമസ്ഥനാകാമെന്ന സ്ഥിതി വന്നു. വ്യക്തിക്ക് 7.5 ഏക്കറും കുടുംബത്തിന് 15 ഏക്കറും ഭൂപരിധി നിശ്ചയിച്ചു. കാർഷിക പരിഷ്കരണ നിയമത്തിൽ 1957-നുശേഷം നടന്ന വസ്തുകൈമാറ്റങ്ങൾ അസാധുവാക്കുന്നതിനുള്ള വകുപ്പ് കേന്ദ്രതലത്തിൽ അട്ടിമറിക്കപ്പെട്ടു. 1967-ലെ ഇഎംഎസ് സർക്കാർ വീണ്ടും സമഗ്ര ഭൂപരിഷ്കരണ നിയമത്തിനു നടപടി സ്വീകരിച്ചു. 1968-ലാണ് നിയമം പാസായത്.

ഭൂപരിഷ്കരണത്തിനുശേഷം കൃഷിഭൂമി ജന്മിമാരുടെ കൈയിൽനിന്ന് കൃഷിക്കാരുടെ കൈയ്യിലേക്കു മാറിയത് കേരളത്തിലെ ഭൂവുടമ ബന്ധങ്ങളിലും ജാതിശ്രേണി ബലാബലത്തിലും കർഷകത്തൊഴിലാളികളുടെ വിലപേശൽശേഷിയിലും സാമൂഹികവിദ്യാഭ്യാസ-ആരോഗ്യ പുരോഗതിയിലും നിർണ്ണായക മാറ്റമുണ്ടാക്കി.

ഭൂപരിഷ്കരണത്തിന്റെ ഏറ്റവും വലിയ ഗുണഭോക്താക്കൾ അഞ്ച് ഏക്കറിൽ താഴെയുള്ള കൃഷിക്കാരായിരുന്നു. 28 ലക്ഷം കുടിയാൻമാർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം ലഭിച്ചു. 5.3 ലക്ഷം പേർക്ക് കുടികിടപ്പവകാശം ലഭിച്ചു. കർഷകത്തൊഴിലാളികളുടെ കൂലി ഉയരാൻ തുടങ്ങിയത് ഭൂപരിഷ്കരണത്തോടെയാണ്. ജാതി അടിസ്ഥാനത്തിലുള്ള ഭൂമി ഉടമസ്ഥതയിൽ വലിയ പൊളിച്ചെഴുത്ത് നടന്നു. .

## ഒലിമങ്ങാത്ത അക്ഷരവെളിച്ചം

**1991 ഏപ്രിൽ 18:** കേരളം സമ്പൂർണ സാക്ഷരത നേടിയെന്ന് കോഴിക്കോട് മാനാഞ്ചിറ മൈതാനത്തെ വേദിയിൽനിന്ന് അന്നത്തെ മുഖ്യമന്ത്രി ഇ കെ നായനാരുടെ സാന്നിധ്യത്തിൽ മലപ്പുറത്തെ ചേലക്കോടൻ ആയിഷ പ്രഖ്യാപിച്ചു. കാലങ്ങളുടെ നിരന്തര ശ്രമങ്ങൾക്ക് പൂർണ്ണതയുടെ ഫലമുണ്ടായ അഭിമാനനിമിഷം. കേരളത്തിന്റെ അക്ഷരപുസ്തകത്തിൽ എക്കാലവും ഒളിമങ്ങാതെ തിളങ്ങുന്ന ഏടുകളിലൊന്ന് എഴുതിച്ചേർത്ത ദിനം. 1989ൽ ഇന്ത്യയിലെ ആദ്യ അക്ഷരനഗരമായി കോട്ടയവും 1990ൽ ഇന്ത്യയിലെ പ്രഥമ സമ്പൂർണ്ണ സാക്ഷര ജില്ലയായി എറണാകുളവും പ്രഖ്യാപിക്കപ്പെട്ടിരുന്നു. ഇതിനുപിന്നാലെ കഠിനവും നിരന്തരവുമായ പരിശ്രമങ്ങൾക്കൊടുവിൽ കേരളം സമ്പൂർണ്ണ സാക്ഷരതാ സംസ്ഥാനമായി മാറിയെന്ന നവസാക്ഷരയുടെ പ്രഖ്യാപനം ഓരോ മലയാളിയും ആത്മാഭിമാനത്തോടെ ഏറ്റുപറഞ്ഞപ്പോൾ രാജ്യവും ലോകവും അത്ഭുതാദരങ്ങളോടെ നോക്കിനിന്നു.

**1998 ൽ ഇ കെ നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്താണ് തുടർ വിദ്യാഭ്യാസ സംവിധാനം നിലവിൽവന്നത്**

നവോത്ഥാന നായകർ വെട്ടിത്തെളിച്ച പാതയിലൂടെ സഞ്ചരിച്ച കേരളം ഗുണമേന്മാവിദ്യാഭ്യാസത്തിനു നൽകിയ ഊന്നൽ കൊണ്ടാണ് ഇന്ത്യയിൽ സമ്പൂർണ്ണ സാക്ഷരത നേടിയ ആദ്യ സംസ്ഥാനമായത്. ഇന്നിപ്പോൾ നാം സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതയെന്ന ലക്ഷ്യം കൈയെത്തി പിടിക്കുന്നു. അതിനുമപ്പുറം വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയെന്ന അത്യന്താധുനിക ലക്ഷ്യത്തിലേക്ക് നീങ്ങുന്നു. വിസ്മയകരമായ അറിവിന്റെ കുതിച്ചുചാട്ടത്തിനും സാർവത്രിക വിദ്യാഭ്യാസത്തിന്റെ സാമൂഹ്യവൽക്കരണത്തിനും ഉൽപ്രേരകമായ ചരിത്രനേട്ടമായിരുന്നു എല്ലാ അർഥത്തിലും സമ്പൂർണ്ണ സാക്ഷരത.



പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെയും അതിന്റെ തുടർച്ചയായുള്ള ദൗത്യങ്ങളിലൂടെയും കുട്ടികൾക്ക് ഗുണമേന്മാ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുള്ള പുതുമാതൃകകൾ കേരളം ആവിഷ്കരിച്ചിട്ടുണ്ട്. കോവിഡ് കാലത്ത് ലോകത്താകെ വിദ്യാർഥികളുടെ പഠനം മുടങ്ങിയപ്പോഴും കേരളം ഇച്ഛാശക്തിയോടെ ബദൽ മാർഗങ്ങൾ നടപ്പാക്കി. ഓൺലൈൻ വിദ്യാഭ്യാസം ലഭ്യമാക്കിയതിലൂടെ രാജ്യത്തു തന്നെ സമാനതയില്ലാത്ത മുന്നേറ്റമായി.

അധ്യാപികയാകണമെന്നാണ് കോട്ടയം അയർക്കുന്നം സ്വദേശിനി 104 വയസ്സുള്ള കുട്ടിയമ്മ സാക്ഷരതാ പരീക്ഷയിൽ ഉയർന്ന മാർക്ക് നേടി വിജയിച്ചശേഷം പറഞ്ഞത്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് മാത്രമല്ല മുതിർന്നവർക്കും ലഭ്യമാക്കുന്ന നാടാണ് കേരളമെന്നതാണ് സാക്ഷരതാപ്രസ്ഥാനത്തിലൂടെ തെളിയിക്കപ്പെട്ടത്. അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ പഠനത്തിന്റെ ആജീവനാന്ത സാധ്യതയാണ് മുന്നോട്ടുവയ്ക്കുന്നത്.1998ൽഇകെനായനാർമുഖ്യമന്ത്രിയായിരുന്ന കാലത്താണ് തുടർ വിദ്യാഭ്യാസ സംവിധാനം നിലവിൽ വന്നത്. നവസാക്ഷരർക്ക് പന്ത്രണ്ടാം ക്ലാസ് വരെ തുടർപഠനം നടത്താൻ അവസരമുണ്ട്. വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് ഏറ്റവും കുറവുള്ള സംവിധാനമാണ് കേരളം. കൊഴിഞ്ഞുപോയവരെ തുടർപഠനത്തിലേക്ക് കൈപിടിച്ചുയർത്താനും കഴിയുന്നുണ്ട്. അവസാനയാളിലേക്കു വരെ പഠനത്തിന് അവസരമെത്തണമെന്ന ലക്ഷ്യത്തോടെയാണ് നമ്മുടെ പ്രവർത്തനം. 1957 ലെ ഒന്നാം ഇ എം എസ് സർക്കാർ മുതലിങ്ങോട്ട് പല സർക്കാരുകളും പൊതുവിദ്യാഭ്യാസ മേഖല ശക്തിപ്പെടുത്തുന്നതിന് വലിയ ശ്രദ്ധ നൽകി.



## വിദ്യാസമ്പന്ന പൗരസമൂഹം

വായിക്കാൻ പഠിച്ചാൽ പെൺകുട്ടികൾ വിധവകളാകുമെന്ന് വിശ്വസിച്ചിരുന്നൊരു സമൂഹമായിരുന്നു നമ്മുടേത്. അതേ കേരളത്തിൽ ആദ്യ കർഷകത്തൊഴിലാളി സമരം നടന്നത് തങ്ങളുടെ മക്കൾക്ക് സ്കൂളിൽചേർന്ന് പഠിക്കാൻ അവസരമൊരുക്കണമെന്നാവശ്യപ്പെട്ടായിരുന്നു. ജാതിമേധാവിത്വത്തെ വെല്ലുവിളിച്ച് ഊരൂട്ടമ്പലം സ്കൂളിലേക്ക് പഞ്ചമിയുടെ കൈപിടിച്ചെത്തിയ മഹാത്മ അയ്യങ്കാളിയുടെ പോരാട്ടചരിത്രവും സാക്ഷ്യപ്പെടുത്തുന്നു, ഏത് ജനാധിപത്യസമൂഹത്തിന്റെയും പുരോഗതിയുടെ അടിത്തറ വിദ്യാസമ്പന്നമായ പൗരസമൂഹമാണെന്ന്. നവോത്ഥാനശിൽപികൾ പകർന്ന ഈ തിരിച്ചറിവിൽ നിന്നാണ് അറിവിന്റെ വെളിച്ചം കേരളമാകെ പരന്നത്.

സ്വാതന്ത്ര്യാനന്തരം രാജ്യത്തിന്റെ ഇതരഭാഗങ്ങളിലൊക്കെയും ജനസാമാന്യം സ്തംഭിച്ചുനിന്ന കാലത്ത് ഭ്രുബന്ധങ്ങൾ അടിമുടി അഴിച്ചുപണിത് യുഗപരിവർത്തനം സൃഷ്ടിക്കുകയായിരുന്നു കേരളം. ഐക്യകേരളത്തിൽ ആദ്യമായി അധികാരത്തിൽ വന്ന സർക്കാർ പുതുജീവനേകിയ സുപ്രധാന മണ്ഡലമായിരുന്നു വിദ്യാഭ്യാസം. ആദ്യ വിദ്യാഭ്യാസമന്ത്രിയായിരുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരി അവതരിപ്പിച്ച വിദ്യാഭ്യാസ ബില്ലാണ് കേരളത്തിൽ ആധുനിക വിദ്യാഭ്യാസ സംവിധാനത്തിന് അടിത്തറപാകിയത്. ഗ്രാമീണതലങ്ങളിലെല്ലാം വിദ്യാലയങ്ങൾ ആരംഭിക്കുന്നതിനും സാങ്കേതികവിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പടെ ഉന്നതവിദ്യാകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും കാലക്രമത്തിൽ നടപടികൾ സ്വീകരിച്ചു. നടന്നെത്താവുന്ന ദൂരത്തിൽ വിദ്യാലയങ്ങൾ സ്ഥാപിച്ചു. ഫീസ് നിർത്തലാക്കി. പാഠപുസ്തകം, യൂണിഫോം, ഉച്ചഭക്ഷണം എന്നിവയെല്ലാം സൗജന്യമാക്കി. സാധാരണക്കാർക്ക് അപ്രാപ്യമായ വിദ്യാഭ്യാസത്തെ എല്ലാവർക്കും പ്രാപ്യമാക്കാൻ കഴിഞ്ഞതിന്റെ അടിത്തറയിലാണ് തുടർകേരളം വളർന്നതും വികസിച്ചതും വിസ്മയമായതും.

## ക്ഷേമത്തിൽ എന്നും മുന്നിൽ

കേരളത്തിന്റെ സർവതോന്മുഖമായ പുരോഗതിയുടെ ജനകീയാടിത്തറയിൽ പ്രധാനം സാമൂഹ്യക്ഷേമപദ്ധതികളിലൂടെ സാധ്യമാക്കിയ സാമ്പത്തിക സുരക്ഷിതത്വമാണ്. സർവീസ് പെൻഷനുപുറമേ വിവിധ വിഭാഗങ്ങൾക്കുള്ള ക്ഷേമപെൻഷനായും ക്ഷേമനിധി ബോർഡുകളുടെ സഹായമായും ആരോഗ്യപരിരക്ഷയും പഠന-വിവാഹ ആനുകൂല്യങ്ങളും ഉൾപ്പെടെയുള്ള സമഗ്രമായ ഇടപെടൽ ഇക്കാര്യത്തിൽ വിവിധ സർക്കാരുകൾ നടത്തിയിട്ടുണ്ട്. സുസ്ഥിരവികസന ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട മിക്ക സൂചികകളിലും ഇന്ത്യയിലെ മറ്റ സംസ്ഥാനങ്ങളെ പിന്നിലാക്കി കേരളം ഒന്നാമതെത്തുന്നത് വിവിധ ക്ഷേമപദ്ധതികളിലൂടെ സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതിൽ സംസ്ഥാനം ഗണ്യമായ പുരോഗതി കൈവരിച്ചതുകൊണ്ടാണ്.

1957ലെ ആദ്യ ഇഎംഎസ് സർക്കാർ തന്നെ സാമൂഹിക സുരക്ഷയ്ക്കുള്ള പ്രതിജ്ഞാബദ്ധമായ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചു. എന്നാൽ, അത് ലക്ഷ്യമിട്ടപോലെ പ്രാവർത്തികമാക്കാൻ കഴിയുന്ന കാലത്തോളം ആ മന്ത്രിസഭ നീണ്ടുനിന്നില്ല. 1962ലെ ആർ ശങ്കർ മന്ത്രിസഭയുടെ കാലത്താണ് വിധവാ-വാർധക്യകാല



പെൻഷന് നടപടി സ്വീകരിച്ചത്. കേരളത്തിൽ ഇന്നു കാണുന്ന തരത്തിൽ എല്ലാവിഭാഗങ്ങൾക്കും ക്ഷേമ പെൻഷൻ എന്ന ആശയം പ്രവർത്തികമാക്കുന്നതിന് തുടക്കമിട്ടത് 1980ലെ ഇ കെ നായനാർ സർക്കാരാണ്. ചരിത്രത്തിലാദ്യമായി കർഷകത്തൊഴിലാളികൾക്ക് പെൻഷൻ ഏർപ്പെടുത്തിക്കൊണ്ടായിരുന്നു ഇത്. അന്ന് 45 രൂപയായിരുന്നു നൽകിയത്. 1987-1991 കാലത്തെ രണ്ടാം ഇ കെ നായനാർ മന്ത്രിസഭ ക്ഷേമപെൻഷൻ 60 രൂപയാക്കി ഉയർത്തി. 1996ൽ അധികാരമേറ്റ നായനാർ സർക്കാർ അഞ്ചു വർഷം കൊണ്ട് പെൻഷൻതുക ഇരട്ടിയാക്കി 120 രൂപയിലെത്തിച്ചു. പിന്നീട് 2006 മുതൽ 2011 വരെയുള്ള വി എസ് അച്യുതാനന്ദൻ മന്ത്രിസഭയുടെ കാലത്താണ് പെൻഷതുക 500 രൂപയാക്കി വർധിപ്പിച്ചത്. 2011 ൽ വന്ന ഉമ്മൻചാണ്ടി മന്ത്രിസഭ നൂറ് രൂപ വർധിപ്പിച്ച് 600 ആക്കി. 2016ൽ പിണറായി വിജയൻ സർക്കാർ അധികാരത്തിലെത്തിയപ്പോൾ ക്ഷേമപെൻഷൻ തുക പല തവണയായി വർധിപ്പിച്ച് 1600 രൂപവരെയാക്കി. നേരിട്ടുള്ള പെൻഷൻ വിതരണം ബാങ്ക് അക്കൗണ്ടുവഴിയാക്കാനും സഹകരണബാങ്കുകൾവഴി അത് വീട്ടിലെത്തിച്ചു നൽകാനുമുള്ള നടപടിയും പ്രധാന ചുവടുവയ്പായി.

## കേരളത്തിന്റെ ശ്രീ

കേരളത്തിലെ സർക്കാർ ലോകത്തിന് സമർപ്പിച്ച സ്ത്രീശാക്തീകരണത്തിന്റെ മാതൃകയാണ് കുടുംബശ്രീ. 1998ൽ ഇ കെ നായനാർ സർക്കാർ ആണ് കുടുംബശ്രീ ആവിഷ്കരിച്ചത്. ദാരിദ്ര്യ നിർമ്മാർജനവും സ്ത്രീശാക്തീകരണവും ലക്ഷ്യമിട്ട ഈ പ്രസ്ഥാനം അഭിമാനകരമായ സംഭാവനകളാണ് കേരളത്തിന് നൽകിയത്. ഇരുപത്തിയേഴാം വർഷത്തിൽ നവകേരള നിർമ്മിതിക്കായി പുതിയ ചുവടുകളും ചിറകുകളുമായി മുന്നേറുന്ന കുടുംബശ്രീ വിവിധ മേഖലകളിൽ കൈയൊപ്പ് ചാർത്തിക്കഴിഞ്ഞു.

1998 മേയ് 17-ന് അന്നത്തെ പ്രധാനമന്ത്രിയായിരുന്ന എ.ബി. വാജ്പേയി മലപ്പുറത്ത് കുടുംബശ്രീ പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ചു. 1999 ഏപ്രിൽ 1ന് കുടുംബശ്രീ- സംസ്ഥാന ദാരിദ്ര്യ നിർമ്മാർജന മിഷൻ പ്രവർത്തനമാരംഭിച്ചു. 2000 ജൂണിൽ ഒന്നാം ഘട്ടമായി 262 ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചു. 2002 മാർച്ചിൽ കേരളം മുഴുവൻ കുടുംബശ്രീ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു.




ഇന്ന് സംസ്ഥാനത്ത് ആകെ 3,17,724 അയൽക്കൂട്ടം പ്രവർത്തിക്കുന്നു. 48,08,737 അംഗങ്ങളുണ്ട്. ഒമ്പതുവർഷത്തിനിടെ പുതുതായി 98,023 അയൽക്കൂട്ടം രൂപീകരിച്ചു. 11.50 ലക്ഷം അംഗങ്ങളെ പുതുതായി ചേർത്തു. കൂടാതെ 48 ട്രാൻസ്ജെൻഡർ അയൽക്കൂട്ടങ്ങളും 3,352 പിഡബ്ല്യുഡി അയൽക്കൂട്ടവും 25,992 വയോജന അയൽക്കൂട്ടവും രൂപീകരിച്ചു. 10,472 ഓക്സിലറി ഗ്രൂപ്പുകളും 94,594 കർഷകസംഘങ്ങളും പ്രവർത്തിക്കുന്നു. കുടുംബശ്രീ അയൽക്കൂട്ട വനിതകളുടേതായി വിവിധ ബാങ്കുകളിൽ 9,369 കോടി രൂപ നിക്ഷേപമുണ്ട്. കൂടാതെ 28,723.89 കോടിരൂപ ആന്തരിക വായ്പാ ഇനത്തിൽ അയൽക്കൂട്ട അംഗങ്ങൾക്ക് നൽകിയിട്ടുണ്ട്. 42 ലക്ഷം പേർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കി.

**കുടുംബശ്രീ പ്രസ്ഥാനത്തെ വെറുമൊരു സമ്പാദ്യപദ്ധതി എന്നതിനപ്പുറം, സംരംഭക പ്രവർത്തനത്തിലേക്ക് സജീവമായി ഇറക്കിയത് 2016 മുതലാണ്**

കുടുംബശ്രീ പ്രസ്ഥാനത്തെ വെറുമൊരു സമ്പാദ്യ പദ്ധതി എന്നതിനപ്പുറം, സംരംഭക പ്രവർത്തനത്തിലേക്ക് സജീവമായി ഇറക്കിയത് 2016 മുതലാണ്. ഒമ്പതുവർഷത്തിനിടെ കുടുംബശ്രീ വഴി സൂക്ഷ്മ സംരംഭ മേഖലയിൽ ആരംഭിച്ചത് 1,63,458 സംരംഭ യൂണിറ്റാണ്. ഇതുവഴി 3.23 ലക്ഷം അയൽക്കൂട്ട അംഗങ്ങൾക്ക് തൊഴിലും വരുമാനവും ലഭ്യമാക്കി.



## പട്ടികജാതി പട്ടികവർഗ, പിന്നാക്കക്ഷേമ വകുപ്പ്

പട്ടിക വിഭാഗങ്ങളുടെ സാമൂഹിക പുരോഗതിയിൽ കേരളം രാജ്യത്ത് ഒന്നാം സ്ഥാനത്താണ്. ജാതീയ അക്രമങ്ങളില്ലാതെയും സാമൂഹ്യതുല്യതയോടെയും ജീവിക്കാൻ കഴിയുന്ന നാടായി കേരളം മാറിയതിനു പിന്നിൽ അടിസ്ഥാന വിഭാഗങ്ങളുടെ ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹിക മേഖലകളിൽ നടന്ന വിവിധ ഇടപെടലുകളാണ്. അതിദാരിദ്ര്യ നിർമ്മാർജനയജ്ഞം വിജയകരമായി സാഫല്യത്തിലെത്തിക്കാൻ ഈ വകുപ്പുകളുടെ പദ്ധതികളും പ്രവർത്തനങ്ങളും ഗണ്യമായി സംഭാവന നൽകിയിട്ടുണ്ട്.

കഴിഞ്ഞ ഒമ്പതു വർഷത്തിനിടെ പട്ടികജാതി പട്ടിക വർഗക്കാരുടെ ഉന്നമനത്തിനായി 4,733 കോടി രൂപയാണ് സർക്കാർ ചെലവഴിച്ചത്. സ്കൂളുകളിൽ നിന്നുള്ള പട്ടിക വിഭാഗക്കാരുടെ കൊഴിഞ്ഞു പോക്ക് കുറഞ്ഞു. പട്ടികജാതി വിഭാഗത്തിൽ പെട്ട 33,058 കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനായി കഴിഞ്ഞ ഒമ്പതു വർഷത്തിനിടെ 1653 ഏക്കർ ഭൂമി വിതരണം ചെയ്തു. ഭൂമിയില്ലാത്ത പട്ടിക വർഗക്കാർക്ക് ഭൂമി നൽകുന്നതിനായി ലാൻഡ് ബാങ്ക് പദ്ധതി നടപ്പാക്കി. ലൈഫ് മിഷൻ വഴി വീടു നിർമ്മിച്ചു നൽകിയതിൽ 34ശതമാനം കുടുംബങ്ങളും പട്ടിക വിഭാഗങ്ങളിൽ പെട്ടവരാണ്.

ഓൺലൈൻ വിദ്യാഭ്യാസത്തിനായി വിദ്യാർഥികൾക്ക് വിദ്യാകിരണം പദ്ധതിയിൽ ഉൾപ്പെടുത്തി ഡിജിറ്റൽ പഠനസൗകര്യങ്ങളൊരുക്കി. അട്ടപ്പാടിയിൽ ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്കായി 24 മണിക്കൂറും സേവനം ലഭ്യമാക്കുന്ന ഹെൽപ് ഡെസ്ക് ആരംഭിച്ചു. ഇവർക്ക് പോഷകാഹര ലഭ്യത ഉറപ്പാക്കി. പട്ടികവർഗ വിഭാഗത്തിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചു. ഗോത്രജീവിക പദ്ധതി വഴി നിർമ്മാണ മേഖലയിൽ ആയിരക്കണക്കിന് യുവജനങ്ങൾക്ക് പ്രവൃത്തിപരിചയം നൽകി തൊഴിൽ ഉറപ്പാക്കി. വിങ്സ് - ഏവിയേഷൻ അക്കാദമിയിൽ പ്രവേശനം നേടുന്ന പട്ടികജാതി വിഭാഗ വിദ്യാർഥികൾക്കായി സർക്കാർ വിദ്യാഭ്യാസ ആനുകൂല്യം ഏർപ്പെടുത്തി.



## ആരോഗ്യകേരളം; ആരോഗ്യാവബോധമുള്ള കേരളം

കേരളത്തിന്റെ ആരോഗ്യചരിത്രം പരിശോധിച്ചാൽ പൊതുജനാരോഗ്യ കേന്ദ്രങ്ങൾ എല്ലാ പൗരന്മാർക്കും സാധ്യമാകുന്ന തരത്തിൽ വ്യാപിച്ചതും പിന്നീടവ വികസിച്ചതും ഏറ്റവുമൊടുവിൽ ആധുനികീകരിക്കപ്പെട്ടതും കാണാം. ആരോഗ്യാവബോധം ജനങ്ങളിൽ ഉണ്ടാക്കുന്നതിലും കേരളം നവോത്ഥാനകാലം മുതൽ ശ്രദ്ധിച്ചിരുന്നു.

കോവിഡും നിപയും ഉൾപ്പെടെയുള്ള പകർച്ചവ്യാധികളും പകർച്ചേതരവ്യാധികളെയും പിടിച്ചുകെട്ടിയും പൊതുജനാരോഗ്യ സൂചികയിൽ അസൂയാവഹമായ നേട്ടങ്ങൾ സ്വന്തമാക്കിയും കേരളമിന്ന് ലോകത്തിന് തന്നെ മാതൃകയാണ്.

ആരോഗ്യ വനിതാ ശിശുവികസന വകുപ്പിന് കഴിഞ്ഞ അഞ്ചു വർഷത്തിനിടെ മാത്രം ദേശീയ തലത്തിൽ മുപ്പതോളം പുരസ്കാരങ്ങളാണ് ലഭിച്ചത്. രോഗങ്ങളും ചികിത്സാച്ചെലവും കുടുംബങ്ങളെ ദാരിദ്ര്യത്തിലേക്കും കടബാധ്യതകളിലേക്കും തള്ളിവിടും എന്നത് മുൻകൂട്ടി കണ്ട് സൗജന്യചികിത്സയ്ക്ക് സർക്കാർ പ്രത്യേകം ഊന്നൽ നൽകി. നാല് വർഷം കൊണ്ട് 7,000 കോടിയിലധികം രൂപയുടെ സൗജന്യ ചികിത്സയാണ് നൽകിയത്. മൂന്ന് വർഷങ്ങളിൽ രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള ദേശീയ പുരസ്കാരവും കേരളവും സ്വന്തമാക്കി.

ആഗോളതലത്തിൽ മരണനിരക്ക് 97 ശതമാനമുള്ള അമീബിക് മസ്തിഷ്ക ജ്വരത്തെ കേരളം പിടിച്ചുകെട്ടി. കോവിഡ് കാലത്ത് ഫലപ്രദമായ സൗജന്യ വാക്സിനേഷനിലൂടെ രാജ്യത്തിന് തന്നെ മാതൃകയായി. സർക്കാർ ആശുപത്രികളെ സാധാരണക്കാരന്റെ ആശ്രയകേന്ദ്രം ആക്കി. പകർച്ചവ്യാധി പ്രതിരോധത്തിന് ഇന്ത്യയിൽ ആദ്യമായി പരിസ്ഥിതി, മൃഗാരോഗ്യം, പൊതുജനാരോഗ്യം എന്നിവയെ കൂട്ടിയിണക്കി ഏകാരോഗ്യം പദ്ധതി നടപ്പിലാക്കിയത് കേരളമാണ്.


എല്ലാ കേന്ദ്രങ്ങളിലും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്കും ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർക്കും പുറമെ മിഡിൽ ലെവൽ സേവനദാതാക്കളായി നഴ്സുമാരെ നിയമിച്ചു. വർധിച്ചുവരുന്ന അർബുദരോഗ സാധ്യതകളെ മുൻകൂട്ടി കണ്ടറിഞ്ഞ് അതിനെ പ്രതിരോധിക്കുന്നതിനായി 'ആരോഗ്യം ആനന്ദം-അകറ്റാം അർബുദം' എന്ന പേരിൽ അർബുദത്തിനെതിരെ പൊതുജനക്യാമ്പയിൻ ആരംഭിച്ചു.

സാന്ത്വനപരിചരണ രംഗത്തു സർക്കാർ നടപ്പാക്കുന്ന കേരള കെയർ പോലുള്ള പദ്ധതികൾ കിടപ്പുരോഗികൾക്ക് നിരന്തര ശ്രദ്ധയും പരിചരണവും ഉറപ്പാക്കുന്നു.

## ലൈഫ് ഈസ് ബ്യൂട്ടിഫുൾ

മുഴുവൻ കുടുംബങ്ങൾക്കും വീട് എന്ന സ്വപ്നത്തിലേക്ക് അടുക്കുകയാണ് കേരളം. സെപ്റ്റംബർ 10 വരെയുള്ള കണക്കനുസരിച്ച് 5,92,368 കുടുംബങ്ങൾക്കാണ് ലൈഫ് ഭവന നിർമ്മാണ പദ്ധതിയിലൂടെ വീട് അനുവദിച്ചത്. ഇതിൽ 4,62,307 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി. 1,29,061 വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. പട്ടികവർഗക്കാർക്ക് 6 ലക്ഷം രൂപയും, മറ്റുള്ളവർക്ക് 4 ലക്ഷം രൂപയുമാണ് സർക്കാർ ലൈഫ് മിഷനിലൂടെ വീട് നിർമ്മാണത്തിന് നൽകുന്നത്.





അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ട ഭൂമിയും വീടും ഇല്ലാത്ത മുഴുവൻ കുടുംബങ്ങളെയും ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തി

തീരദേശ ജനതക്കായി പുനർഗേഹം പദ്ധതിയിലൂടെയും സർക്കാർ വീട് ഉറപ്പാക്കുന്നു.

കേരളത്തിലെ ഏറ്റവും പഴക്കമുള്ള ഭവന പദ്ധതിയാണ് ലക്ഷം വീട്. സ്വന്തമായി കൂരയില്ലാത്ത ഒരു ലക്ഷം പേർക്ക് വീട് നിർമ്മിച്ച് നൽകുന്നതായിരുന്നു പദ്ധതി. ഒരു സംസ്ഥാനം മുൻകൈയെടുത്ത് നടത്തുന്ന രാജ്യത്തെ തന്നെ ആദ്യത്തെ സാമൂഹികഭവന പദ്ധതിയായിരുന്നു ഇത്. സി അച്യുതമേനോൻ സർക്കാരിൽ ഭവന നിർമ്മാണ വകുപ്പ് മന്ത്രിയായിരുന്ന എം എൻ ഗോവിന്ദൻനായരുടെ നേതൃത്വത്തിൽ പൊതുജന സഹകരണത്തോടെയാണ് 1972 മുതൽ 1976 വരെയാണ് ലക്ഷം വീട് പദ്ധതി നടപ്പാക്കിയത്. 57,590 ഒറ്റവീടുകളും 16,309 ഇരട്ട വീടുകളുമായി 90,208 വീടുകൾ പദ്ധതിപ്രകാരം പൂർത്തീകരിച്ചിരുന്നു.

പിന്നീട് 2008ൽ ഭവനരഹിതരായ പാവപ്പെട്ടവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാനങ്ങളുടെ ധനസഹായത്തോടെ വീടുകൾ നിർമ്മിച്ചുനൽകുന്നതിന് ഇഎംഎസ് സമ്പൂർണ്ണ ഭവനപദ്ധതി നടപ്പിലാക്കി. മുൻമുഖ്യമന്ത്രി ഇഎംഎസ് നമ്പൂതിരിപ്പാടിന്റെ പത്താം ചരമവാർഷികത്തിൽ 2008 മാർച്ച് 19ന്, തൃശ്ശൂർ കൊടകരയിൽ അന്നത്തെ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദനാണ് പദ്ധതി ഔപചാരികമായി ഉദ്ഘാടനം ചെയ്തത്. ലക്ഷം വീട് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച വീടുകളുടെ അറ്റകുറ്റപ്പണിയും ഇതിൽ ലക്ഷ്യമിട്ടു. ലക്ഷം വീട് പദ്ധതിയിൽ നിർമ്മിച്ച ഇരട്ട വീടുകൾ ഒറ്റവീടാക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് 2020ൽ സർക്കാർ അനുമതി നൽകിയിരുന്നു.

ഒന്നാം പിണറായി സർക്കാർ അധികാരമേറ്റ ഉടൻ പ്രഖ്യാപിച്ച നാലുമിഷനുകളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ലൈഫ് മിഷൻ. വീടില്ലാത്തവർക്ക് വാസസ്ഥലവും ഒപ്പം മികച്ച ജീവിത സാഹചര്യവും ഒരുക്കുകയായിരുന്നു ലക്ഷ്യം. 2017ലാണ് ലൈഫ് മിഷൻ ആരംഭിച്ചത്. മൂന്നു ഘട്ടങ്ങളിലായാണ് പദ്ധതി വിഭാവനം ചെയ്തത്. ഒന്നാം ഘട്ടത്തിൽ വിവിധ സർക്കാരുകളുടെ ഭവന നിർമ്മാണ പദ്ധതികളിൽ സഹായം ലഭിച്ചിട്ടും വീട് പൂർത്തിയാക്കാൻ കഴിയാത്തവർക്ക് അവ യാഥാർഥ്യമാക്കി. രണ്ടാം ഘട്ടത്തിൽ ഭൂമിയുള്ള ഭവന രഹിതരുടെ വീട് നിർമ്മാണവും മൂന്നാം ഘട്ടത്തിൽ ഭൂരഹിത ഭവന രഹിതരുടെ പുനരധിവാസവുമാണ് ലക്ഷ്യമിട്ടത്.

ലൈഫിൽ ഇതുവരെ 18,000 കോടിയിലധികം രൂപയാണ് എൽഡിഎഫ് സർക്കാർ ചെലവഴിച്ചത്. ഇതിൽ 16,000 കോടി രൂപയിലധികം സംസ്ഥാന സർക്കാർ വിഹിതമാണ്. പിഎംഎവൈ ഗ്രാമീൺ, പിഎംഎവൈ അർബൻ പദ്ധതികളിലെ ഗുണഭോക്താക്കൾക്ക് മാത്രമാണ് കേന്ദ്രം സഹായം നൽകുന്നത്. 72,000 രൂപ കേന്ദ്രവിഹിതം ലഭിക്കുന്ന പിഎംഎവൈ-ജി, 1,50,000 രൂപ ലഭിക്കുന്ന പിഎംഎവൈ യു പദ്ധതികളെ ലൈഫുമായി സംയോജിപ്പിച്ചാണ് സംസ്ഥാനത്ത് നടപ്പാക്കുന്നത്. ഈ പദ്ധതികളുടെ ഗുണഭോക്താക്കളെയും ലൈഫ് പദ്ധതിയിലുൾപ്പെടുത്തി നാലു ലക്ഷം രൂപ ആനുകൂല്യം സംസ്ഥാന സർക്കാർ ഉറപ്പു വരുത്തുന്നു.

അതിദരിദ്രപട്ടികയിൽ ഉൾപ്പെട്ട ഭൂമിയും വീടും ഇല്ലാത്ത മുഴുവൻ കുടുംബങ്ങളെയും ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തി. ഭൂമി ഇല്ലാത്തവർക്ക് തദ്ദേശ സ്ഥാപനങ്ങളുടെ സഹായത്തോടെ അവ കണ്ടെത്തി നൽകി. അതിദാരിദ്ര പട്ടികയിലുള്ള 3,613 കുടുംബങ്ങൾക്കാണ് ഇനി വസ്തു കണ്ടെത്തി വീട് നിർമ്മാണത്തിന് ധനസഹായം നൽകേണ്ടത്. ഇവർക്ക് 10 വർഷത്തിൽ താഴെ പഴക്കമുള്ള വീടും വസ്തുവും വാങ്ങി നൽകുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകിയിരുന്നു.

## പ്രവാസകേരളം

പട്ടിണിയില്ലാത്ത കേരളം സൃഷ്ടിക്കുന്നതിൽ പ്രവാസി സമൂഹത്തിന് വലിയ പങ്കുണ്ട്. കേരളത്തിന്റെ സമ്പദ്ഘടനയിൽ നിർണ്ണായകമായ പങ്ക് പ്രവാസികൾക്കുണ്ട്. ഇന്ന് മുഴുവൻ രാജ്യങ്ങളിലും മലയാളി സാന്നിധ്യമുണ്ട്. അതിൽ പ്രവാസത്തിന്റെ ഹൃദയഭൂമി



യാണ് ഗൾഫ് രാജ്യങ്ങൾ. എഴുപതുകളോടെയാണ് കേരളത്തിൽ നിന്നും ഗൾഫിലേക്കുള്ള വ്യാപകമായ തൊഴിൽ കുടിയേറ്റം ആരംഭിക്കുന്നത്. കേരളത്തിലെ സാമൂഹിക സാഹചര്യങ്ങളിൽ നിന്നും സാമ്പത്തിക പിന്നാക്കാവസ്ഥയിൽ നിന്നും ഇന്നു കാണുന്ന പരിവർത്തനത്തിലേക്കുള്ള പ്രധാനഘടകങ്ങളിലൊന്ന് ഈ കുടിയേറ്റമാണ്. കേരളത്തിന്റെ സർവതോന്മുഖമായ വളർച്ചയിൽ തൊഴിൽ തേടിയുള്ള ഈ യാത്ര വലിയ സ്വാധീനം ചെലുത്തി.

ഇന്ന് തൊഴിൽ കുടിയേറ്റത്തിന്റെ മാനം തന്നെ മാറിയിട്ടുണ്ട്. യൂറോപ്യൻ രാജ്യങ്ങളിലേക്ക് ഉൾപ്പെടെ തൊഴിൽ ആശ്രയിച്ചുകൊണ്ടുള്ള പറിച്ചുനടൽ വർധിച്ചു. 1996ൽ രൂപീകൃതമായ പ്രവാസികാര്യ വകുപ്പ് ഇത്തരം മാറ്റങ്ങളിൽ പിന്തുണയുമായി ഒപ്പമുണ്ട്. ഇന്ത്യയിൽ പ്രവാസികൾക്കു വേണ്ടി രൂപീകൃതമായ ആദ്യ വകുപ്പാണ് നോർക്ക. നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായി 2002ൽ നിലവിൽ വന്ന നോർക്ക റൂട്ട്സ് വഴി വിപുലമായ പദ്ധതികൾ പ്രാവർത്തികമാക്കി.

ജോലി തേടി മറ്റുരാജ്യങ്ങളിലേക്ക് പോകുന്നവരിൽ ബഹുഭൂരിപക്ഷവും നിശ്ചിതകാലം കഴിഞ്ഞാൽ കേരളത്തിലേക്ക് തന്നെ തിരിച്ചെത്തും. എന്നും പ്രവാസികൾക്കൊപ്പമെന്ന മുദ്രാവാക്യമാണ് നോർക്ക റൂട്ട്സ് സ്വീകരിച്ചിട്ടുള്ളത്. കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ അംഗീകാരമുള്ള അന്താരാഷ്ട്ര റിക്രൂട്ട്മെന്റ് ഏജൻസിയാണ് നോർക്ക റൂട്ട്സ്. നാട്ടിൽ മടങ്ങിയെത്തിയ സാമ്പത്തികവും, ശാരീരികവുമായി അവശതയനുഭവിക്കുന്ന പ്രവാസി കുടുംബങ്ങളുടെ സഹായത്തിനായി സംസ്ഥാന സർക്കാർ സാന്ത്വന എന്ന പേരിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ട്. അടിയന്തരഘട്ടങ്ങളിൽ, വിദേശരാജ്യങ്ങളിൽ നിന്ന് പ്രവാസി മലയാളികളെ നാട്ടിൽ എത്തിക്കുന്നതിനുള്ള പദ്ധതിയുമുണ്ട്. നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികൾക്ക് സ്വയം തൊഴിലോ ചെറുകിട സംരംഭങ്ങളോ തുടങ്ങുന്നതിന് സഹായം ഉറപ്പാക്കുന്നു. പ്രവാസി വനിത സംരംഭകർക്കായും പദ്ധതികളുണ്ട്. അവിദഗ്ധ തൊഴിൽ മേഖലയിൽ നിന്നുള്ളവർക്കും കുറഞ്ഞ വരുമാന പരിധിയിൽ വരുന്നതുമായ പ്രവാസികൾക്കായുള്ള പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നുണ്ട്. വിദേശത്തേക്കുള്ള അനധികൃത റിക്രൂട്ട്മെന്റുകൾ, വീസ തട്ടിപ്പുകൾ, മനുഷ്യക്കടത്ത് എന്നിവയ്ക്കെതിരെയും നോർക്ക പ്രവർത്തിക്കുന്നു. പ്രവാസി മലയാളികളുടെ സഹകരണ സംഘങ്ങൾക്ക് ധനസഹായം ഉറപ്പാക്കുന്നു.

## ഉയർന്ന വേതനം

മുമ്പൊരു കാലത്ത് മലയാള നാട്ടിൽ മലയാളികൾ മാത്രമായിരുന്നു. നെൽവയലുകളിലും ഹോട്ടലിലും എന്തിന് ബാർബർ ഷാപ്പിലും മലയാളി മാത്രമായിരുന്നു. ഇന്നോ ഞാറ് നടാനും കളപറിക്കാനും കൊയ്യാനും മെതിക്കാനുമെല്ലാം അവർ എത്തും. അതിഥി തൊഴിലാളികൾ മലയാളികൾ മാറിനിന്ന തൊഴിലിടങ്ങളിലെല്ലാം ഇവരെ കാണാം. എന്താവും ഈ മാറ്റത്തിന് കാരണമെന്നതിന് ഒരുത്തരമേ ഉള്ളൂ. മികച്ച വേതനവും ജീവിത സുരക്ഷിതത്വവും.

തൊഴിലാളി സൗഹൃദ, തൊഴിൽ സൗഹൃദ അന്തരീക്ഷത്തിൽ ഇന്ത്യക്ക് മാതൃകയാണ് കേരളം. തൊഴിലാളി താൽപര്യം സംരക്ഷിക്കുന്നതിൽ കേരളത്തിലെ സർക്കാറിന് വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ്. വിവിധ മേഖലകളിൽ മിനിമം വേതനമുണ്ട് എന്നത് വലിയ ആകർഷണീയതയാണ്. മുമ്പുണ്ടായിരുന്ന തൊഴിൽ തർക്കങ്ങൾ കുറഞ്ഞതും മികച്ച വ്യവസായ അനുകൂല അന്തരീക്ഷവും കേരളത്തിന്റെ ഈ നേട്ടത്തിന് കാരണമായിട്ടുണ്ട്. അതിഥി തൊഴിലാളികൾക്ക് ഇൻഷുറൻസ് ഉൾപ്പെടെ ആരോഗ്യ- സാമൂഹിക സുരക്ഷിതത്വം ഉറപ്പാക്കിയ മറ്റൊരു സംസ്ഥാനം ഇന്ത്യയിലില്ല.

**ആർബിഐയുടെ 2023- 24 ലെ ഇന്ത്യൻ സ്റ്റേറ്റ്സ് സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ പ്രകാരം ഇന്ത്യയിൽ ഏറ്റവും ഉയർന്ന ഗ്രാമീണ തൊഴിലാളി വേതനമുള്ള സംസ്ഥാനം കേരളമാണ്.**



നിർമ്മാണ, കാർഷിക, കാർഷികേതര മേഖലകളിൽ ഉൾപ്പെടുന്ന കേരളത്തിലെ ഗ്രാമീണ തൊഴിലാളികൾക്ക് ദേശീയ ശരാശരിയേക്കാൾ മേലെയാണ് വേതനം. ഗ്രാമീണ മേഖലയിൽ കെട്ടിടനിർമ്മാണ തൊഴിലാളികൾക്ക് 893.6 രൂപ, കർഷകത്തൊഴിലാളികൾക്ക് 807.2 രൂപ, കാർഷികേതര തൊഴിലാളികൾക്ക് 735 രൂപ എന്നിങ്ങനെയാണ് കേരളത്തിൽ ശരാശരി ദിവസക്കൂലി. ദേശീയ ശരാശരിയുടെ ഇരട്ടിയോളം വരുമിത്. കെട്ടിടനിർമ്മാണ തൊഴിലാളികളുടെ ദിവസക്കൂലിയുടെ ദേശീയ ശരാശരി 417.3 രൂപയും കർഷക തൊഴിലാളികളുടേത് 372.7 രൂപയും കാർഷികേതര തൊഴിലാളികളുടേത് 371.4 രൂപയുമാണ് എന്ന് അറിയുമ്പോൾ മനസിലാകും കേരളത്തിന്റെ പ്രത്യേകത.

അതോടൊപ്പം തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പാക്കി തൊഴിലാളികൾക്ക് എല്ലാ ആനുകൂല്യങ്ങളും തൊഴിൽ സുരക്ഷയും ഉറപ്പാക്കാനും കേരളത്തിന് കഴിയുന്നു. 85 മേഖലകളിൽ മിനിമം വേതനം പ്രഖ്യാപിച്ച ഏക സംസ്ഥാനം കേരളമാണ് എന്നത് കൂടി ഇതിനോട് ചേർത്ത് വായിക്കണം. സ്വന്തം നാടിനേക്കാൾ കേരളമെന്ന പോറ്റമ്മയെ സ്നേഹിക്കുന്ന അതിഥിത്തൊഴിലാളികൾക്ക് അവരുടെ നാട്ടിലെ ദാരിദ്ര്യത്തിൽ നിന്നും ജാതി വേർതിരിവുകളിൽ നിന്നു കാതലായ മാറ്റം ഉണ്ടാക്കിയതും നമ്മുടെ ഈ തൊഴിൽ സംസ്കാരമാണ്.

## ഇവിടെ പഠനവും സ്വാദിഷ്ടം

ദേശീയ വിദ്യാഭ്യാസ നയം-2020 ന്റെ ഗുണവും ദോഷവും ചർച്ച ചെയ്യുന്ന കാലത്ത് ദേശീയ തലത്തിനേക്കാൾ എത്രയോ ഉയരെ നിൽക്കുകയാണ് കേരളം രാജ്യത്തെ 75 ശതമാനം സ്കൂളുകളിൽ മാത്രമേ കുടിവെള്ളവും ശുചിമുറി സൗകര്യങ്ങളും ഉള്ളുവെന്നത് ഔദ്യോഗിക രേഖയാണ്. എന്നാൽ കേരളത്തിൽ ഇവയില്ലാത്ത ഒരൊറ്റ സ്കൂൾ പോലുമില്ല .

ഇന്ത്യയിൽ 40 ശതമാനം വിദ്യാലയങ്ങളിലേ ലൈബ്രറി പുസ്തകങ്ങളുള്ളുവെന്നതും ഏഴ് ശതമാനം സ്കൂളുകളിൽ മാത്രമേ കമ്പ്യൂട്ടർ ഉള്ളുവെന്നതും ഇതു പോലൊരു കണക്കാണ് എന്നാൽ ഇക്കാര്യത്തിലും കേരളത്തിന് എതിരാളികളില്ല 100 ശതമാനമാണ്.

രാജ്യത്തിന് മാതൃകയാണ് കേരണത്തിലെ ഉച്ചഭക്ഷണ പദ്ധതി. 1983 ൽ മുഖ്യമന്ത്രിയായിരുന്ന ഇ കെ നായനാരുടെ നേതൃത്വത്തിലുള്ള സർക്കാരാണ് ഇതിന് തുടക്കമിട്ടത്. കേരളത്തിൽ ആദ്യഘട്ടത്തിൽ പ്രൈമറി സ്കൂളിൽ ആരംഭിച്ച ഉച്ച ഭക്ഷണ പദ്ധതി ഇന്ന് എട്ടാം തരം വരെ വിപുലീകരിച്ചു തുടക്കത്തിൽ കഞ്ഞിയും പയ




റുമായിരുന്നുവെങ്കിൽ പിന്നീടത് ചോറും കറികളുമായി മാറി. എന്നാൽ ഇന്നത് വിഭവസമൃദ്ധമായ ഭക്ഷണത്തിലൂടെ ഫ്രൈഡ് റൈസിലേക്കും ചിക്കൻ കറിയിലേക്കുമെത്തിയിട്ടുണ്ട്. ഏതാണ്ട് 30 ലക്ഷത്തിനടുത്ത് കുട്ടികളാണ് വിദ്യാലയങ്ങളിൽ നിന്ന് ഭക്ഷണം കഴിക്കുന്നത്.

തുടരെത്തുടരെ വന്ന രണ്ട് പ്രളയവും കോവിഡും പിന്നീടുണ്ടായ കവളപ്പാറ ചൂരൽമല പ്രകൃതിദുരന്തങ്ങളും നമ്മുടെ സാമ്പത്തിക രംഗത്തെയാകെ കുഴച്ചു മറിച്ചിട്ടും കേരളം കുട്ടികളുടെ അന്നം മുടക്കിയിട്ടില്ല എന്നത് എടുത്തു പറയേണ്ടതാണ്. ഏപ്രിൽ മേയ് വേനലവധി കാലത്തും ഓണം പെരുന്നാൾ ക്രിസ്തുസ് പോലുള്ള വിശേഷാവസരങ്ങളിലും കുട്ടികൾക്ക് അരി വിതരണം ചെയ്യുന്നതും അനുകരിക്കാനാകാത്ത കേരള മാതൃകയാണ്

## ജനങ്ങൾ ജനങ്ങളാൽ, ജനങ്ങൾക്കുവേണ്ടി അഥവാ ജനകീയാസൂത്രണം

1996ൽ അന്നത്തെ ജനകീയ സർക്കാർ നടപ്പാക്കിയ ചരിത്രം തിരുത്തിയ, ഏറ്റവും ധീരമായ തീരുമാനങ്ങളിൽ ഒന്നായിരുന്ന ജനകീയാസൂത്രണ പദ്ധതി. വിഭവങ്ങളുടെ മൂന്നിലൊന്നു പങ്കം തദ്ദേശ സ്ഥാപനങ്ങൾക്കു കൈമാറാനുള്ള ആ തീരുമാനം വിപ്ലവകരമായിരുന്നു. കേരളത്തിലെ പൊതുജന പങ്കാളിത്ത ശൈലിയായിരുന്നു ജനകീയാസൂത്രണത്തിന്റെ അടിത്തറ. സാധാരണക്കാർ ആഗ്രഹിക്കുന്ന രീതിയിൽ അവരുടെ നാട്ടിൽ വികസനപദ്ധതികൾ നടപ്പാക്കുകയായിരുന്നു ജനകീയാസൂത്രണ പദ്ധതിയുടെ മുഖ്യലക്ഷ്യം. ഇന്നിപ്പോൾ ജനകീയാസൂത്രണം മൂന്നു പതിറ്റാണ്ട് പിന്നിട്ടിരിക്കുന്നു. പദ്ധതിയിൽ സംസ്ഥാന ബജറ്റിന്റെ 35ശതമാനം തുക ആദ്യഘട്ടത്തിൽതന്നെ തദ്ദേശ സ്ഥാപനങ്ങൾക്കായി മാറ്റിവച്ചതിനൊപ്പം ഒട്ടേറെ അധികാരങ്ങളും തദ്ദേശ സ്ഥാപനങ്ങൾക്കു നിർണ്ണായകമായ ഈ തീരുമാനത്തിലൂടെ കൈമാറി. വികസന പദ്ധതികൾ വിഭാവനം ചെയ്യാനും അവ നടപ്പാക്കാനുമുള്ള അധികാരം തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറിയതാണ് ഇതിലെ സുപ്രധാന ചുവടുവയ്പ്. സമ്പൂർണ്ണ ജനാധിപത്യമാണ് ഇക്കാര്യങ്ങളിലൂടെ ലക്ഷ്യമിട്ടത്. അത് മികച്ച രീതിയിൽ നടപ്പാക്കാനായതിന്റെ തെളിവായിരുന്നു അധികാര വികേന്ദ്രീകരണം ഫലപ്രദമായി നടപ്പാക്കിയതിന് കേരളത്തിന് ലഭിച്ച 2009-10ലെ കേന്ദ്ര പുരസ്കാരം.

വിദ്യാർഥികൾ കൈയൊഴിഞ്ഞ് അടച്ചുപൂട്ടൽ ഭീഷണിയിലായിരുന്ന പൊതുവിദ്യാലയങ്ങൾ സജീവമായതിന്റെയും മികച്ച നേട്ടങ്ങൾ കരസ്ഥമാക്കിയതിന്റെയും പിന്നിൽ ജനകീയാസൂത്രണ പ്രസ്ഥാനമാണ്. ഭവനരഹിതരില്ലാത്ത കേരളമെന്ന ലക്ഷ്യത്തിലേക്കുള്ള യാത്രയുടെ തുടക്കം ജനകീയാസൂത്രണത്തിലൂടെയായിരുന്നു. അതിന്റെ തുടർച്ചയായാണ് വരുന്ന കേരളപ്പിറവി ദിനത്തിൽ കേരള മുഖ്യമന്ത്രി പിണറായി വിജയൻ കേരളത്തെ അതിദാരിദ്ര്യമുക്തമായി പ്രഖ്യാപിക്കുന്നത്.

പൊതുവെളിയിട മാലിന്യമുക്ത സംസ്ഥാനമായി കേരളം മാറിയതും മുഴുവൻ വീടുകളിലും ശുചിമുറിയുള്ള സംസ്ഥാനമായി മാറിയതും ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ തുടർച്ചയാണ്. വൈദ്യുതിയില്ലാത്ത വീടുകൾ ഇന്ന് കേരളത്തിലില്ല. സമ്പൂർണ്ണ വൈദ്യുതീകരണത്തിന് തുടക്കമിട്ടതും ഈ ജനകീയമുന്നേറ്റമാണ്.

തീരുമാനമെടുക്കൽ പ്രക്രിയയിൽ ജനങ്ങൾക്കു ഗ്രാമസഭകളിലൂടെ വലിയ പങ്കാളിത്തം ലഭിച്ചതുമുതൽ കുഗ്രാമങ്ങളിൽപോലും വികസനത്തിന്റെ വെളിച്ചമെത്തിക്കാൻ കഴിഞ്ഞതും ജനകീയാസൂത്രണ പദ്ധതി





യുടെ വിജയമാണ്. റോഡ്, വീട്, ശുചിത്വം, ശുദ്ധജല വിതരണം, ആശുപത്രി, സ്കൂൾ തുടങ്ങിയവയൊക്കെ എല്ലാവർക്കും വേഗത്തിൽ ലഭ്യമാക്കാനും കഴിഞ്ഞു. ആരോഗ്യ, വിദ്യാഭ്യാസ മേഖലകൾ മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങളും പിന്നീട് തദ്ദേശ സ്ഥാപനങ്ങൾ ഏറ്റെടുത്ത് ഭംഗിയായി നിറവേറ്റി.

തദ്ദേശപ്രാതിനിധ്യത്തിൽ 50 ശതമാനം സ്ത്രീസംവരണം നടപ്പാക്കിയത് സ്ത്രീ ശാക്തീകരണത്തിനു വലിയ പിന്തുണയേകി. കുടുംബശ്രീയും ഇതിൽ വലിയ പങ്കുവഹിച്ചു. സ്ത്രീകളുടെ സ്വയംസഹായ സംഘങ്ങൾ തദ്ദേശസ്ഥാപനങ്ങൾക്കൊപ്പം ചേർന്നു പ്രവർത്തിക്കുന്നതിനു രാജ്യത്ത് ആദ്യമായി നയം രൂപീകരിച്ചതും കേരളമാണ്. രാജ്യത്തെ രണ്ടര ലക്ഷത്തോളം ഗ്രാമപഞ്ചായത്തുകളെ പദ്ധതികളുടെ ആസൂത്രണത്തിൽ സ്വയം പര്യാപ്തമാക്കാൻ കേന്ദ്ര സർക്കാർ തുടക്കമിട്ട മുന്നേറ്റത്തിന് ജനകീയാസൂത്രണം (പീപ്പിൾസ് പ്ലാനിങ്) എന്നാണ് പേരു നൽകിയത്. കേരളത്തിൽ നിന്നു കടമെടുത്ത ആ പേരാണ് കേരളത്തിനുള്ള സമാനതകളില്ലാത്ത അംഗീകാരം. അതാണ് ജനകീയാസൂത്രണത്തിന്റെ മികവും തിളക്കവും.

## ഭക്ഷ്യഭദ്രത

ഭക്ഷ്യധാന്യ ഉൽപാദനം കുറവായ സംസ്ഥാനം ആയിട്ടും സാർവത്രിക റേഷനിങ് സമ്പ്രദായം നൽകിയ സാമൂഹിക സുരക്ഷയിലാണ് ആധുനിക കേരളം കെട്ടിപ്പടുക്കപ്പെട്ടിരിക്കുന്നത്. റേഷനിങ് സമ്പ്രദായത്തിലൂടെ ഭക്ഷ്യധാന്യങ്ങളോ മറ്റ് അവശ്യവസ്തുക്കളോ ലഭിച്ചിട്ടില്ലാത്ത കുടുംബങ്ങൾ കേരളത്തിൽ ഇല്ലെന്ന് പറയാം. പൊതുവിതരണസംവിധാനം ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തി. അതിദരിദ്രരില്ലാത്ത കേരളത്തിലേക്ക് മുന്നേറുമ്പോൾ, ആ സ്വപ്നം കൂടുതൽ വേഗത്തിലാക്കിയത് ഈ സംവിധാനങ്ങളുടെ കാര്യക്ഷമതയാണ്.

സംസ്ഥാനത്ത് 95,15,930 റേഷൻ കാർഡുകളാണ് ഉള്ളത്. 13,914 റേഷൻകടകളിലൂടെ വീട്ടുകളിൽ അവശ്യസാധനങ്ങൾ എത്തുന്നു. അതിദാരിദ്ര പട്ടികയിൽ ഉൾപ്പെട്ട മുഴുവൻ പേർക്കും റേഷൻ കാർഡ് വിതരണം ചെയ്തു. റേഷൻ കാർഡുകൾ നിഷേധിക്കപ്പെട്ടവർക്ക് അടക്കം നിബന്ധനകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി കൊണ്ട് പുതിയ കാർഡുകൾ നൽകി. ആവശ്യമായ ഭക്ഷ്യ ധ്യാനവും ചികിത്സയും പാർപ്പിടവും ലഭിക്കുന്നതിനായി മുൻഗണനാ റേഷൻ കാർഡ് ഉറപ്പുവരുത്തുന്നതിനാണ് സർക്കാർ പരിശ്രമിച്ചത്.

1980 ഓടെ എല്ലാവർക്കും റേഷൻ കൊടുക്കുന്ന സംസ്ഥാനമെന്ന നേട്ടത്തിൽ കേരളം എത്തിയിരുന്നു. റേഷൻ കടകളിലൂടെയും മാവേലി സ്റ്റോറുകൾ വഴിയുമുള്ള പൊതുവിതരണ സമ്പ്രദായം മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയായി. 1960 കളിൽ കേരളം ഭക്ഷ്യഭദ്രതയുടെ നാളുകളിലേക്ക് ചുവടുവച്ചു തുടങ്ങി. പൊതുവിതരണ സംവിധാനത്തിന് ഐക്യരൂപമേകി 1962ൽ സംസ്ഥാന പൊതുവിതരണ വകുപ്പ് രൂപീകരിച്ചു. സാമൂഹിക, സാമ്പത്തിക ഘടകങ്ങൾ കണക്കിലെടുക്കാതെ എല്ലാവർക്കും റേഷൻ ലഭിച്ചു തുടങ്ങിയത് 1966 ലെ കേരള -റേഷനിങ് കൺട്രോൾ ഓർഡർ പ്രകാരമാണ്. 2013ലെ ഭക്ഷ്യഭദ്രതാ നിയമം കേരള ജനസംഖ്യയിലെ 57 ശതമാനം വരുന്ന മുൻഗണനേതര വിഭാഗത്തെ റേഷൻ പരിധിക്ക് പുറത്താക്കി. പരിമിതമായി ലഭിക്കുന്ന ടൈഡ് ഓവർ വിഹിതത്തിൽ നിന്ന് സംസ്ഥാന സർക്കാർ ഈ വിഭാഗത്തിന് റേഷൻ നല്കിവരുന്നുണ്ട്.

**റേഷൻ കടകളിലൂടെയും മാവേലി സ്റ്റോറുകൾ വഴിയുമുള്ള പൊതുവിതരണ സമ്പ്രദായം മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയായി**

നിലവിൽ ആകെ അഞ്ചു നിറത്തിലുള്ള റേഷൻ കാർഡുകളാണ് ഉള്ളത്. എൻപിഎൻഎസ് (വെള്ള), എൻപിഎസ് (നീല), പിഎച്ച്എച്ച് (പിങ്ക്), എഎവൈ (മഞ്ഞ), എൻപിഐ (ബ്രൗൺ). സമൂഹത്തിലെ ഓരോ വിഭാഗം ഗുണഭോക്താക്കൾക്കും അവർക്ക് അർഹതപ്പെട്ട രീതിയിൽ ഭക്ഷ്യധാന്യങ്ങൾ ലഭിക്കാൻ റേഷൻ കാർഡുകളുടെ ഈ വർഗീകരണം സഹായകമാകുന്നു.

ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണവും, ശാസ്ത്രീയ ഗോഡൗണുകളും, ഡിജിറ്റലൈസേഷനും പൊതുവിതരണ സംവിധാനത്തിന് ആധുനിക മുഖം നൽകി.

ലോകമാസകലം ബാധിച്ച കോവിഡ് 19 കേരളത്തെയും പ്രതിസന്ധിയിൽ ആക്കിയപ്പോൾ സമൂഹത്തിനാകെ താങ്ങായി സർക്കാർ പൊതു വിതരണ വകുപ്പ് വഴി വിതരണം ചെയ്തത് പത്തുകോടിയിലധികം വരുന്ന അവശ്യസാധന കിറ്റുകളായിരുന്നു. പ്രളയങ്ങളിലും പ്രകൃതി ദുരന്തങ്ങളിലും കേരളത്തിന്റെ ഭക്ഷ്യഭദ്രത ഉറപ്പുവരുത്തി. ■

രാവുണ്ണി
കവി



അതിദരിദ്രരില്ലാത്ത നാടായി മാറാനൊരുങ്ങുന്ന കേരളത്തിൽനിന്ന് പട്ടിണിയുടെ ദുരിത ഭൂതകാലത്തെ ഓർത്തെടുക്കുമ്പോൾ

# ഉണ്ണിയെ കണ്ടാലറിയാം ഊരിന്റെ നിറവ്



വര : രാജേഷ് ചിറപ്പാട്

ഉപ്പുമാവും പാലും ആയിരുന്നു സ്കൂളിൽനിന്ന് കിട്ടിയിരുന്നത്. സൗജന്യമായി കിട്ടുന്ന ഉച്ചഭക്ഷണത്തിനുവേണ്ടി മാത്രം പഠിക്കാൻ വരുന്ന കുട്ടികൾ ഉണ്ടായിരുന്നു ഞങ്ങളുടെ കാലത്ത്. മൂന്നുനേരം ഭക്ഷണം വയ്ക്കുന്ന അടുപ്പുകൾ കുറവായിരുന്നു. ഭക്ഷണം, തന്നെയായിരുന്നു മുഖ്യപരിഗണന. നല്ല ഉടുപ്പുകൾ, നല്ല പാർപ്പിടം, നല്ല ഭാവി എന്നതൊക്കെ സ്വപ്നങ്ങളിൽ മാത്രമായിരുന്നു. പണിയിടങ്ങളിൽ നിന്ന് നേരം വൈകി സ്കൂളിലേക്ക് ഓടിക്കിതച്ച് വരുന്നവരും സ്കൂൾ വിട്ട ഉടൻ പണിയിടങ്ങളിലേക്കു പോകുന്നവരും ചുരുക്കമായിരുന്നില്ല. സ്കൂൾ ഇല്ലാത്ത ദിവസങ്ങളിൽ കപ്പലണ്ടി കച്ചവടത്തിനോ ചില്ലറ പണികൾക്കോ പോകുന്ന സഹപാഠികൾ ഉണ്ടായിരുന്നു. പഠിപ്പ് പ്രധാന പരിഗണന ആയി വരാതിരിക്കാൻ തടസ്സം നിന്നത് വീടുകളിലെ ദാരിദ്ര്യവും കഷ്ടപ്പാടുകളും ആയിരുന്നു. പഠിക്കാവുന്നതുവരെ എത്തി പിന്നീട് വർക്ക്ഷോപ്പുകളിലോ ഹോട്ടലുകളിലോ പണിക്ക് കയറിപ്പറ്റണം എന്ന് കരുതിയിരുന്നവരും കുറവല്ല. പത്താം ക്ലാസ് വരെ എത്തി, ടൈപ്പ്റൈറ്റിങ്ങും ഷോർട്ട് ഹാൻഡും പഠിച്ച് ബോംബെയിലേക്കോ മദിരാശിയിലേക്കോ പോകുന്നത് സ്വപ്നം കണ്ടിരുന്നവരും കുറവൊന്നുമല്ല.

കാലത്ത് എല്ലാ ദിവസവും അസംബ്ലി ഉണ്ടാവും. സ്കൂളിലെ എല്ലാ കുട്ടികളും അധ്യാപകരും ഒന്നിച്ച് അണിനിരക്കും. വിദ്യാർഥികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ കുറിച്ചുള്ള അറിയിപ്പുകളും ഹെഡ്മാസ്റ്ററുടെ പ്രസംഗവും ഒക്കെ ഉണ്ടാവുന്നത് അപ്പോഴാണ്. ഡ്രില്ലും ഉണ്ടാവും. അറ്റൻഷനും സ്റ്റാന്റ്റ്റീസും ആണ് അന്നത്തെ പ്രധാന വ്യായാമം. എല്ലാവരും ഒന്നിച്ച് പ്രതിജ്ഞ എടുക്കും, എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീസഹോദരന്മാരാണ് എന്ന് തുടങ്ങുന്ന പ്രതിജ്ഞ ചൊല്ലും. ഇന്നും പരിപാടിക്ക് മാറ്റമൊന്നുമില്ല എന്നത് സന്തോഷകരമാണ്. അസംബ്ലി നടന്നുകൊണ്ടിരിക്കുമ്പോൾ ചില കുട്ടികൾ തലചുറ്റി വീഴും. വീട്ടിൽ നിന്ന് ഭക്ഷണം കഴിക്കാതെ വരുന്ന കുട്ടികളാണ് അവർ. അവരെ എടുത്തുകൊണ്ടു പോയി കിടത്തി അധ്യാപകർ ഭക്ഷണം വാങ്ങിക്കൊടുക്കുന്നത് പതിവാണ്.

വസ്ത്രങ്ങളും പേരിനു മാത്രമേ ഉള്ളൂ. ഒറ്റ ജോഡി പതിവായി കഴുകി ഉണക്കി പിറ്റേന്ന് അതുതന്നെയിട്ട് വരുന്നവരുടെ എണ്ണവും കുറവല്ല. മുതിർന്നവരിൽ ഷർട്ട് ധരിക്കുന്നവരും നാമമാത്രമാണ്.

ഓണം, വിഷു, പെരുന്നാളുകൾ, ക്രിസ്തുമസ്, പൂരം തുടങ്ങിയ വിശേഷ വേളകളിലാണ് ഭക്ഷണം കേമമാവുക. അല്ലാത്ത സമയങ്ങളിൽ ഒക്കെ ചുരുങ്ങിയ ഭക്ഷ



> നമ്മുടെ സ്കൂളുകൾ എത്രമേൽ മാറി. അസംബ്ലിയിൽ പട്ടിണിക്കാർ തലചുറ്റി വീഴാത്ത നാടാണിത്. ഉണ്ണിയെ കണ്ടു തന്നെ അറിയണം ഊരിന്റെ നിറവ്

ണമാണ് എല്ലാ വീടുകളിലും പതിവ്. പറമ്പുകളിൽ നിന്ന് കിട്ടുന്ന കായ്കനികൾ ഉപയോഗിച്ചാണ് കറികളൊക്കെ ഉണ്ടാക്കുക.

എന്താണ് വിശേഷം എന്ന് ചോദിച്ചാൽ എല്ലാം ഭംഗിയായി പോകുന്നു എന്ന ഭംഗിവാക്കാണ് നമ്മൾ പറയുക. പണ്ട് അങ്ങനെ പറയുക പോലും പ്രയാസമായിരുന്നു ഇല്ലായ്മയെ കുറിച്ചുള്ള വേവലാതികളാണ് ഓരോ വീട്ടിലും ഉറക്കം കെടുത്തിയിരുന്നത്. സ്വന്തമായി കിടപ്പാടമോ വീടോ ഇല്ലാത്തവരായിരുന്നു ഏറെയും.

വിദ്യാഭ്യാസം ഒന്നാം പരിഗണനയിൽ നിന്നും മാറാൻ ഒരേയൊരു കാരണം ദാരിദ്ര്യമാണ്. ഒന്നാം ക്ലാസിൽ ചേരുന്നവരിൽ നാലാം ക്ലാസിന് അപ്പുറം എത്തുന്നവർ കുറവ്. അഞ്ചാം ക്ലാസിൽ എത്തുന്നവർ എട്ടിലേക്ക് എത്തുമ്പോൾ കുറെ പേർ കൊഴിഞ്ഞു പോകും. പത്താംക്ലാസിനപ്പുറം എത്രയോ നിസ്സാരം. അറിവ് വേണ്ട എന്ന് വച്ചിട്ടല്ല, അന്നം വേണമല്ലോ എന്നോർത്താണ് ഈ കുട്ടികളൊക്കെ പഠിപ്പ് നിർത്തി പോയത്. ഇന്നത്തെ ഉത്തരേന്ത്യൻ ഗ്രാമങ്ങളുടെ ശോചനീയാവസ്ഥ ആയിരുന്നു അന്നത്തെ കേരളീയ ഗ്രാമങ്ങൾക്ക്.

അന്നിൽ നിന്ന് ഇന്നിലേക്ക് നാം നടത്തിയ യാത്രകൾ ചെറുതല്ല. സമരങ്ങൾ നിസ്സാരമല്ല. ജീവിക്കാനും അതിജീവിക്കാനും വേണ്ടി നാം നടത്തിയ പോരാട്ടങ്ങൾ കേരളത്തിന്റെ ഭൗതിക ഭൂമികയെയും സാംസ്കാരിക മണ്ഡലത്തെയും അടിമുടി അഴിച്ചു പണിതു. ലോകത്തിന്റെ ഏറ്റവും പിന്നണിയിൽ നിന്നിരുന്ന ഒരു നാട് വികസിത രാജ്യങ്ങളെ അതിശയിക്കുന്ന നിലയിൽ



നിവർന്നു നിന്നത് പതിറ്റാണ്ടുകൾ നീണ്ട സഹനങ്ങളുടെയും സമരങ്ങളുടെയും പിൻബലത്തിലാണ്. തൊഴിലാളിയെ, നിർധനരെ, ദളിതരെ, ആദിവാസിയെ മണ്ണിന്റെ അവകാശികളാക്കിയ നാടാണിത്. അവരുടെ പൗരാവകാശങ്ങൾ വിളംബരം ചെയ്യപ്പെട്ടു.

ഇന്നത്തെ തെരുവുകൾ നോക്കിയാൽ മതി. അവിടെ ആരെയും ആരെയും വിലക്കുകയില്ല. തൊഴിലിടങ്ങൾ നോക്കിയാൽ മതി. അവകാശങ്ങൾ ഉറപ്പുവരുത്തിയ ഇടങ്ങളാണ് അവ. നമ്മുടെ സ്കൂളുകൾ എത്രമേൽ മാറി. അസംബ്ലിയിൽ പട്ടിണിക്കാർ തലചുറ്റി വീഴാത്ത നാടാണിത്. ഉണ്ണിയെ കണ്ടു തന്നെ അറിയണം ഊരിന്റെ നിറവ്. തൊഴിലാളികൾക്ക് കിടപ്പാടങ്ങൾ ഉണ്ടായി. എല്ലാവർക്കും സ്വന്തം മണ്ണിന്റെ മേൽവിലാസങ്ങൾ ഉണ്ടായി.

ലോകത്തിന്റെ മുമ്പിൽ കേരളത്തിന്റെ മേന്മ. സഹസ്ര കോടീശ്വരന്മാരുടെ നാട് എന്നതല്ല. ഓരോ മനുഷ്യനും പൗരാവകാശം ഉറപ്പുവരുത്തിയ നാട് എന്നതാണ്. എല്ലാ മനുഷ്യർക്കും കിടപ്പാടം ഉറപ്പുവരുത്തിയ നാട് എന്നതാണ്. എല്ലാ കുഞ്ഞുങ്ങൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തിയ നാട് എന്നതാണ്.

അതിദരിദ്രർ ഇല്ലാത്ത ഒരു നാടായി ഇതാ ലോകത്തിന്റെ നെറുകയിൽ കേരളം തല ഉയർത്തി നിൽക്കാനൊരുങ്ങുന്നു.

കേരളം എന്നു കേട്ടാൽ അന്തരംഗം അഭിമാനപൂരിതമാകുന്നു. ഞരമ്പുകളിൽ രക്തം വിളിക്കുന്നു.

മനുഷ്യസമത്വത്തിനുവേണ്ടി പോരാടിയ എല്ലാ വിപ്ലവകാരികൾക്കും അഭിവാദനം. ■

**കെ. രാജൻ**
റവന്യൂ, ഭവനനിർമ്മാണ വകുപ്പ് മന്ത്രി



തുടർച്ചയായ രണ്ട് സർക്കാരുകളും തുടരുന്ന ജനക്ഷേമ പ്രവർത്തനങ്ങളുടെ പട്ടികയിൽ ഏറ്റവും തിളക്കമേറിയതാണ് അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി. ഇതിൽ റവന്യൂ വകുപ്പിനും നിർണ്ണായകമായ പങ്കു വഹിക്കാൻ കഴിഞ്ഞു എന്നത് അഭിമാനകരമായി കണക്കാക്കുന്നു

# ഭൂപ്രശ്നത്തിനും പരിഹാരം



കേരളത്തിന്റെ സവിശേഷമായ വികസനാനുഭവം ലോകത്തിന് എന്നും അത്ഭുതമാണ്. ലോകത്തിന്റെ വികസന സാഹിത്യത്തിൽ കേരളനാടിന്റെ ആമികവ് മിന്നി നിൽക്കുകയും ചെയ്യുന്നു. നമുക്കത് അങ്ങേയറ്റം ആവേശവും ആഹ്ലാദവും ആണ്.

പല ജനക്ഷേമ, വികസന വിശേഷങ്ങൾക്കിടയിൽ കേരളം ലക്ഷ്യമിടുന്ന ഏറ്റവും ഉന്നതമായ ഒന്നാണ് അതിദാരിദ്ര്യ നിർമ്മാർജനം. പട്ടിണി കിടക്കുന്നവന്റെ വിശപ്പടക്കൽ മാത്രമല്ല ദാരിദ്ര്യ നിർമ്മാർജനം. അവരുടെ അടിസ്ഥാന, ഭൗതിക മാറ്റമാണ് സംസ്ഥാന സർക്കാർ ഉന്നം വയ്ക്കുന്നത്. ഈ വരുന്ന നവംബർ ഒന്നോടെ അതിദരിദ്രരില്ലാത്ത നാടായി കേരളം മാറും.

നിതി ആയോഗിന്റെ റിപ്പോർട്ട് പ്രകാരം രാജ്യത്ത് ഏറ്റവും കുറവ് ദാരിദ്യമുള്ള സംസ്ഥാനമാണ് കേരളം. എങ്കിലും നാട്ടിലെവിടെയെങ്കിലും അതിദരിദ്രരായ കുടുംബങ്ങൾ ഉണ്ടോ എന്ന് ജനകീയ പങ്കാളിത്തത്തോടെ തന്നെ സർവെ നടത്തി. അടിസ്ഥാന വരുമാനത്തിനും ഭക്ഷണത്തിനും ആരോഗ്യത്തിനുമൊപ്പം സുരക്ഷിത വാസസ്ഥലം കൂടി ഒരുക്കിക്കൊടുക്കുക എന്ന ബൃഹദ് പദ്ധതി ആരംഭിച്ചു.

64,006 കുടുംബങ്ങളെയാണ് അതിദരിദ്രരായി കണ്ടെത്തിയത്. ഈ പട്ടികയിൽ ഭൂമിയും വീടും ആവശ്യമുള്ള 1531 കുടുംബങ്ങളാണ് ഉള്ളത്. നിലവിൽ ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്താക്കൾ കൂടിയായിരുന്നു ഇവർ. വീടുകൾ നിർമ്മിച്ചു നൽകുന്നതിനുള്ള ഭൂമി കണ്ടെത്തുക എന്ന ദൗത്യം റവന്യൂ വകുപ്പിന്റെ ചുമതലയിലായിരുന്നു.

ഭൂമിയുടെ ലഭ്യത ഇക്കാര്യത്തിൽ ഒരു വെല്ലുവിളി തന്നെയായിരുന്നു. റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിൽ ഭൂമി ഉണ്ടെങ്കിലും വാസയോഗ്യമായവ കണ്ടെത്തുക എന്നതാണ് ശ്രമകരം. ഏറിയകൂറും ഒന്നിലേറെ കുടുംബങ്ങൾക്ക് ഒരുമിച്ച് വാസഗൃഹം ഒരുക്കാൻ കഴിയുന്നവയല്ല. ഭൂമിയുടെ ഇനം, പ്രദേശം തുടങ്ങി നിരവധി പ്രശ്നങ്ങളും പ്രതിസന്ധികളും ഇക്കാര്യത്തിൽ നിലനിന്നിരുന്നു. സർക്കാർ കണ്ടെത്തിയവർക്ക് മുഴുവൻ ഭൂമി ഏറ്റെടുത്ത് നൽകുവാൻ പലവിധ പോംവഴികൾ കണ്ടെത്താനും ആലോചനകൾ നടന്നു.

ഇതുപ്രകാരമാണ് വിവിധ വകുപ്പുകളുടെ ഉടമസ്ഥതയിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയും താമസയോഗ്യമായ ഫ്ളാറ്റുകളും ഏറ്റെടുത്ത് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിക്കായി കൈമാറാൻ നടപടികളെടുത്തത്. പല ജില്ലകളിലും സുനാമി പുനരധിവാസ സങ്കേതങ്ങൾ ഒഴിഞ്ഞു കിടക്കുന്നതായി കണ്ടെത്തിയതോടെ അവ  തിരിച്ചെടുത്ത് അതിദരിദ്ര നിർമ്മാർജ്ജന പദ്ധതിക്ക് കൈമാറുന്ന നടപടിയും റവന്യൂ വകുപ്പ് കൈക്കൊണ്ടു. ഇതോടൊപ്പം 'അവകാശം അതിവേഗം' യജ്ഞത്തിന്റെ ഭാഗമായി അവകാശ രേഖകൾ കൈമാറുന്നതിനും വകുപ്പിന്റെ പിന്തുണയുണ്ടായി.

റവന്യൂ വകുപ്പ് നിലവിൽ മറ്റനേകം പദ്ധതികളുടെ നടത്തിപ്പിലാണ്. അതിനിടയിൽ ശ്രമകരമായ ദൗത്യമാണ് അതിദാരിദ്ര്യ നിർമ്മാർജനത്തിനായി ഇപ്പോഴും തുടരുന്നത്. അനിവാര്യമായ ഇടങ്ങളിൽ ഭൂമിയുടെ ഇനം മാറ്റി പദ്ധതിക്ക് അനുയോജ്യമാക്കുന്നതിനുള്ള ഇടപെടലുകൾ നടന്നുവരുന്നുണ്ട്. പതിറ്റാണ്ടുകളായി കുളം, കായൽ, കടൽ എന്നിങ്ങനെയും വിവിധ വകുപ്പുകളുടെയും പേര് ചേർത്തും കിടന്നിരുന്ന പുറമ്പോക്ക് ഭൂമികൾ പരിശോധിച്ച് ഇനം മാറ്റി നൽകിയിട്ടുണ്ട്. ഇനം ചേർക്കപ്പെട്ട കുളമോ, കായലോ കാലങ്ങളായി ഈ ഭൂമിയിൽ ഇല്ല എന്ന് വ്യക്തമാക്കപ്പെട്ട ഇടങ്ങളാണ് ഇനം മാറ്റി വാസസ്ഥലം ആക്കി മാറ്റിയത്. പാറ പുറമ്പോക്കുകൾ സർവെ നടത്തി, പാറയുള്ള ഭാഗം ഒഴിവാക്കി വീടുവയ്ക്കാൻ അനുയോജ്യമാകും വിധം അളന്നു കൈമാറുന്നതിനും തീരുമാനിച്ച് നടപാക്കി വരികയാണ്.

> **അതിദാരിദ്ര്യ നിർമ്മാർജന പദ്ധതിക്കുള്ള ഭൂമി ഏറ്റെടുത്ത് കൈമാറുന്നതിന് 2025 ഏപ്രിൽ 15 ന് പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ച് ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിരുന്നു**

അതിദാരിദ്ര്യ നിർമ്മാർജന പദ്ധതിക്കുള്ള ഭൂമി ഏറ്റെടുത്ത് കൈമാറുന്നതിന് 2025 ഏപ്രിൽ 15 ന് പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ച് ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിരുന്നു. ഇതനുസരിച്ച് എല്ലാ ജില്ലകളിലും നടപടികൾ പൂർത്തിയാക്കുകയും പുരോഗമിക്കുകയും ചെയ്യുന്നുണ്ട്.

കേരളം കടന്നുവന്ന വഴി വേറിട്ടതാണ്. പുതിയ കാലവും ഒട്ടേറെ വെല്ലുവിളികൾ നിറഞ്ഞതുമാണ്. പഴയ കാലത്തേക്കാൾ പതിന്മടങ്ങ് ഊർജ്ജത്തോടെ അവയെല്ലാം തരണം ചെയ്ത് നവകേരളത്തിനായുള്ള പുതിയ പാതകൾ തേടുകയാണ് ഈ സർക്കാർ. തുടർച്ചയായ രണ്ട് സർക്കാരുകളും തുടരുന്ന ജനക്ഷേമ പ്രവർത്തനങ്ങളുടെ പട്ടികയിൽ ഏറ്റവും തിളക്കമേറിയതാണ് അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി. ഇതിൽ റവന്യൂ വകുപ്പിനും നിർണ്ണായകമായ പങ്കുവഹിക്കാൻ കഴിഞ്ഞു എന്നത് അഭിമാനകരമായി കണക്കാക്കുന്നു.
ലോകത്തിന്റെ നെറുകയിൽ ഈ നേട്ടവും തങ്കലിപികളാൽ എഴുതിച്ചേർത്ത് പുതിയൊരു ചരിത്രം കൂടി രചിക്കും നമ്മൾ. ■

നിർമാല്യ ടി സുന്ദർ
ഐ പി ആർ ഡി

ആറര പതിറ്റാണ്ടിന്റെ കാത്തിരിപ്പ്. ഒടുവിൽ തോരാതെ മഴ പെയ്തൊരു പകലിൽ സ്വന്തം ഭൂമിയുടെ അവകാശികളായി അവർ പട്ടയം ഏറ്റുവാങ്ങി

# ഒളകരയിൽ മണ്ണിനവകാശം



ഒളകരയിൽ റവന്യുമന്ത്രി കെ.രാജൻ പട്ടയവിതരണം നിർവഹിക്കുന്നു

സ്വന്തമായി ഭൂമിയെന്ന അവകാശത്തിനു വേണ്ടിയുള്ള ഒരു ജനസമൂഹത്തിന്റെ ഏറെക്കാലത്തെ കാത്തിരിപ്പിന്റെ പരിസമാപ്തിയാണ് തൃശ്ശൂർ ഒളകരയിൽ നടന്നത്. നാടിന്റെ വികസനത്തിനൊപ്പം നിന്ന ജനത പിന്നീട് ഭൂമിയുടെ അവകാശത്തിനായി ദീർഘകാലം കാത്തിരിക്കേണ്ടിവന്നു. ഏറെ ദുരിതങ്ങൾ താണ്ടേണ്ടിയും വന്നു. പരാതികളും നിയമപോരാട്ടങ്ങളും ധാരാളമുണ്ടായി. ഒടുവിൽ, ഇതിലെ അനീതി തിരിച്ചറിഞ്ഞ് ചുവപ്പുനാടയുടെ കുരുക്കുകൾ ഒന്നൊന്നായഴിച്ച് ആ പച്ചമനുഷ്യരുടെ കണ്ണീരൊപ്പുകയായിരുന്നു സർക്കാർ. ആറര പതിറ്റാണ്ടിന്റെ കാത്തിരിപ്പ്. ഒടുവിൽ തോരാതെ മഴ പെയ്തൊരു പകലിൽ സ്വന്തം ഭൂമിയുടെ അവകാശികളായി അവർ മന്ത്രിയിൽനിന്ന് പട്ടയം ഏറ്റുവാങ്ങി.

> ഒളകര ഉന്നതിയിലെ ആദിവാസി കുടുംബങ്ങൾക്ക് ഓരോരുത്തർക്കും 1.5 ഏക്കർ വീതം ഭൂമി കൈമാറി. ഭരണകൂടവും സർക്കാരും ജനങ്ങളെ ചേർത്തുപിടിച്ച നിമിഷം

2016ൽ ആദ്യമായി നിയമസഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കുമ്പോൾ പ്രചാരണത്തിന്റെ ഭാഗമായാണ് ഒളകരയിലെ വനഗ്രാമത്തിലേക്ക് ആദ്യമായി ചെല്ലുന്നത്. അന്ന് അവിടത്തുകാരെല്ലാം കടുത്ത പ്രതിഷേധത്തിലായിരുന്നു. വർഷങ്ങളുടെ പോരാട്ടങ്ങൾ നടത്തിയിട്ടും ആർക്കും വനാവകാശ രേഖ കിട്ടിയില്ലെന്നതാണ് പ്രശ്നം. ആർക്കും വോട്ട് ചെയ്യില്ലെന്ന് അസന്ദിഗ്ധമായി അവർ പ്രഖ്യാപിച്ചു. വോട്ടെടുപ്പ് ദിവസവും അവർ നിലപാടിൽ നിന്ന് പിന്മാറിയില്ല. അത് മനസ്സിനെ അലട്ടിയ ഒന്നായിരുന്നു.

വിജയിച്ചശേഷം മണ്ഡലം സന്ദർശിക്കുന്നതിന്റെ ഭാഗമായി ഒളകരക്കാരെ കണ്ട് പ്രശ്നപരിഹാരം വാഗ്ദാനം ചെയ്തു. അവർക്ക് കൊടുത്ത ആ വാക്ക് പാലിക്കപ്പെട്ടത് ഏറെ സന്തോഷം ലഭിച്ച സന്ദർഭമാണ്.



കെ. രാജൻ
റവന്യൂ വകുപ്പ് മന്ത്രി

ഇപ്പോൾ ഒളകരയിലൂടെ വഴിനടക്കുമ്പോൾ സൂര്യോദയത്തിലേക്ക് കടന്നുചെല്ലുന്ന പ്രതീതിയാണ്. എല്ലാം നേടിയതിന്റെ സന്തോഷമാണ് അവിടുത്തെ ആളുകളിൽ. സ്വന്തമായ ഭൂമിക്ക് അവകാശരേഖ ലഭിച്ചതിന്റെ സന്തോഷം. അതിനുപിന്നിലുള്ളതോ ഈ സർക്കാരിന്റെ നീതിബോധവും. പീച്ചി ഡാം നിർമ്മാണത്തിനായി കുടിയൊഴിക്കപ്പെട്ട ജനസമൂഹമാണ് ഒളകര ഉന്നതിയിലെ താമസക്കാർ. നീതി നിഷേധിക്കപ്പെട്ട സമൂഹത്തിന് വർഷങ്ങൾക്കിപ്പുറം നീതി ലഭിച്ച കഥ വെറുംകഥയല്ല. മാനവികതയുടെ പുതിയ മുഖമായി മാറിയ സർക്കാരിന്റെ നേട്ടമാണത്. എല്ലാവരും ഭൂമിയുടെ അവകാശികൾ ആവണമെന്ന സംസ്ഥാന സർക്കാരിന്റെ ദൃഢനിശ്ചയമാണ് പ്രശ്നപരിഹാരത്തിന് വഴിവെച്ചത്.

ഒളകര നിവാസികൾക്കായി വനാവകാശ നിയമം നടപ്പാക്കുക മാത്രമല്ല സർക്കാർ ചെയ്തത്. ആഴത്തിലുള്ള മനുഷ്യസ്നേഹത്തിലൂടെ ഓരോ ഉന്നതി നിവാസിയുടെയും ഉള്ളിൽ പ്രതീക്ഷയുടെയും പ്രത്യാശയുടെയും വെളിച്ചം സർക്കാർ തെളിയിച്ചു. ഒളകര ഉന്നതിയിലെ ആദിവാസി കുടുംബങ്ങൾക്ക് ഓരോരുത്തർക്കും 1.5 ഏക്കർ വീതം ഭൂമി കൈമാറി. ഭരണകൂടവും സർക്കാരും ജനങ്ങളെ ചേർത്തുപിടിച്ച നിമിഷം.

## ചരിത്രം തിരുത്തിയ നിമിഷം

പീച്ചി ഡാമിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് 1957 കാലഘട്ടത്തിൽ വനത്തിൽ താമസിച്ചിരുന്ന പട്ടികവർഗ മലയൻ വിഭാഗത്തിലുള്ളവരെ കുടിയൊഴിപ്പിക്കുകയും അവർ കുടുംബത്തോടൊപ്പം മറ്റിടങ്ങളിൽ താമസിക്കുകയും ചെയ്തു. താമരവെള്ളച്ചാൽ, മണിയൻകിണർ എന്നിവിടങ്ങളിൽ എത്തിയവർക്ക് വനാവകാശ നിയമപ്രകാരം നേരത്തേതന്നെ രേഖകൾ ലഭിച്ചിരുന്നു. എന്നാൽ ഒളകരയിൽ താമസിച്ചിരുന്ന ഈ കുടുംബങ്ങൾക്ക് നീതി ലഭിച്ചില്ല. നിരവധി പരിശ്രമങ്ങൾ ഉണ്ടായിട്ടും പരിഹാരമായില്ല. അവസാനം 2016ൽ ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വന്നതോടുകൂടി അന്ന് എംഎൽഎ ആയിരുന്ന കെ.രാജന്റെ നേതൃത്വത്തിൽ വനം, റവന്യൂ വകുപ്പ് മന്ത്രിമാരും ജില്ലാ കളക്ടറും യോഗങ്ങൾ നടത്തുകയും വകുപ്പിന്റെ സംയുക്ത പരിശോധന നടത്തി സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തിരുന്നു.

2017 മുതൽ 2024 വരെയുള്ള വർഷങ്ങളിൽ വിവിധതലത്തിലുള്ള കമ്മിറ്റികൾ മുഖേന വിശദമായ പഠനങ്ങളും പരിശോധനകളും നടന്നു. 2021ൽ ഒളകര നിവാസികൾക്ക് ഓരോ കുടുംബത്തിനും ഒരേക്കർ ഭൂമി വീതം നൽകാമെന്ന് തീരുമാനമായെങ്കിലും വീണ്ടും ചില പ്രശ്നങ്ങൾ വന്നു. പിന്നീട് ഹൈക്കോടതി നിർദേശങ്ങൾ, വിവിധ നടപടികൾ, സർവെ പരിശോധന എന്നിവയെ അടിസ്ഥാനമാക്കി 2024 ജൂലൈ 15ന് ജില്ലാതല യോഗത്തിൽ ഓരോ കുടുംബത്തിനും 1.5 ഏക്കർ ഭൂമി നൽകാൻ തീരുമാനിച്ചു. അങ്ങനെ വർഷങ്ങളായി കാത്തിരുന്നവർക്ക് 2025 മാർച്ച് 22നാണ് മന്ത്രിമാരായ കെ.രാജനും എ.കെ.ശശീന്ദ്രനും ചേർന്ന് ചീഫ് സെക്രട്ടറി ശാരദാ മുരളീധരന്റെയും ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യന്റെയും സാന്നിധ്യത്തിൽ വനാവകാശ രേഖ കൈമാറിയത്. ■



കാലങ്ങളായി ഒരു കുടുംബം പോലെ താമസിച്ചിരുന്ന വരാണ് ഞങ്ങൾ. ഞങ്ങൾക്ക് ഭൂമി ലഭ്യമാക്കിയതിന് സർക്കാരിന് നന്ദി.


ഊര് മൂപ്പത്തി മാധവി



ഭൂമി സ്വന്തം ഇല്ലാതെ നടന്ന നാളിന് ഇന്ന് പരിഹാരമായി.. ഞങ്ങളുടെ മക്കൾക്ക് വീട് വെയ്ക്കാനും ജീവിക്കാനും ഭൂമിയായി. ഏറെ സന്തോഷം

അനിത തങ്കപ്പൻ

**അനുഷ പോൾ**
മാധ്യമപ്രവർത്തക



# തിളങ്ങുന്ന കേരളം

**വ്യത്യസ്തമായ സാഹചര്യങ്ങളിൽനിന്ന് ജീവിതം മനോഹരമായി തിരിച്ചുപിടിച്ചവർ. അവരുടെ പുഞ്ചിരികളിലാണ് കേരളം തിളങ്ങുന്നത്**

കടുത്ത മാനസിക സമ്മർദങ്ങളിലും വിഷാദത്തിലും കഴിഞ്ഞിരുന്ന തിരുവനന്തപുരം പുല്ലമ്പാറ സ്വദേശി സരസുവിന്റെ ജീവിതം മാറ്റിമറിച്ചത് രണ്ട് സർക്കാർ പദ്ധതികളാണ്. അറുപത് വയസ്സുകഴിഞ്ഞ സരസു ഒറ്റപ്പെടലിന്റെ കാണാക്കയത്തിലായിരുന്നു. ഭർത്താവും മകനും നഷ്ടപ്പെട്ടതിന്റെ വേദന, കടുത്ത ദാരിദ്ര്യം, ശാരീരികവും മാനസികവുമായ പ്രതിസന്ധികൾ, വേദന കൾ പങ്കുവെക്കാൻ പോലും ആരുമില്ലാത്ത അവസ്ഥ. ഈ സമയത്താണ് പഞ്ചായത്തിൽ നിന്ന് ആളുകൾ വരുന്നതും ഡിജിറ്റൽ സാക്ഷരതായജ്ഞത്തിൽ പങ്കാളിയാകുന്നതും. സരസുവിന്റെ പ്രയാസങ്ങൾ തിരിച്ചറിഞ്ഞ അധികൃതർ അവരെ അതിദാരിദ്ര്യ പട്ടികയിൽ ഉൾപ്പെടുത്തുകയും ആവശ്യമായ പിന്തുണ നൽകുകയും കൂടി ചെയ്തു.

കഥയുടെ ബാക്കി ഭാഗത്ത്, സരസു ഒറ്റപ്പെട്ട തുരുത്തോ വേദനകളുടെ കടലോ അല്ല. അതിദാരിദ്ര്യത്തിൽ നിന്ന് സർക്കാർ കൈപിടിച്ചുയർത്തിയോടെ ജീവിക്കാനുള്ള ധൈര്യം കൈവന്നു. സ്മാർട്ട് ഫോൺ ഉപയോഗിക്കാൻ പഠിച്ചതോടെ ഡിജിറ്റൽ ബാങ്കിങ് ഉൾപ്പെടെ എല്ലാ ഇ-സേവനങ്ങളും കൈപ്പിടിയിലൊതുക്കി. ജീവിതം സുഗമമായി. ഒരിക്കൽ മൗനിയായിരുന്ന സരസുവിന്റെ ലോകത്ത് ഇന്നൊരു യൂട്യൂബ് ചാനൽ തന്നെയുണ്ട്



മിണ്ടാനും പറയാനുമായി. സരസുവിന്റെ ലോകം എന്ന യൂട്യൂബ് ചാനലിന് ധാരാളം ഫോളോവർമാരുമുണ്ട്.

അതിദാരിദ്ര്യം തുടച്ചുനീക്കിയാൽ, ഒന്നു കൈപിടിച്ചു കയറ്റിയാൽ ജീവിതം തന്നെ തിരിച്ചുപിടിക്കാമെന്നതിന് സരസു ഒരു ഉദാഹരണം മാത്രമാണ്. തൃശ്ശൂരിലെ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന പതിമൂന്നുകാരിക്കും അത്താണിയായത് അതിദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയാണ്. ഇന്നവൾ മികച്ച ചികിത്സ ലഭിച്ച്, മെച്ചപ്പെട്ട അവസ്ഥയിൽ സുരക്ഷിതമായ ഒരു സർക്കാർ സ്ഥാപനത്തിലാണ്. കൊച്ചി കോർപ്പറേഷൻ പരിധിയിലെ തകർന്നു വീഴാറായ കൂരയിൽ, പ്രായമായ അമ്മയ്ക്കൊപ്പം കഴിയുന്ന മേരിക്ക് ആകെ ആശ്രയം അമ്മയ്ക്ക് കിട്ടുന്ന വാർധക്യ പെൻഷനാണ്. ഇവിടെ ആദ്യസഹായമായെത്തിയത് ഭക്ഷ്യകിറ്റുകളാണ്. ഒടുവിൽ വരുമാനമുണ്ടാക്കാനുള്ള സാഹചര്യംവരെ ഒരുങ്ങി. ഇങ്ങനെ 64006 കഥകളുണ്ട് കേരളത്തിൽ. വ്യത്യസ്തമായ സാഹചര്യങ്ങളിൽനിന്ന് ജീവിതം മനോഹരമായി തിരിച്ചുപിടിച്ചവർ. അവരുടെ പുഞ്ചിരികളിലാണ് കേരളം തിളങ്ങുന്നത്.


## സമൂഹപങ്കാളിത്തത്തിന് പ്രാധാന്യം

കഴിഞ്ഞ നാല് പതിറ്റാണ്ടിനിടെ കേരളം ദാരിദ്ര്യനിർമ്മാർജ്ജനത്തിൽ ശ്രദ്ധേയമായ മുന്നേറ്റം കൈവരിച്ചു. 1973-74-ൽ 59.8% ആയിരുന്ന ദാരിദ്ര്യനിരക്ക്, 1993-94 ആയപ്പോഴേക്കും 25.4% ആയും, 2011-12-ൽ 11.3% ആയും കുറഞ്ഞു. ഈ നേട്ടങ്ങൾ ദാരിദ്ര്യസൂചികകളിൽ കേരളത്തെ മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെക്കാൾ ഏറെ മുന്നിലെത്തിച്ചു.

ഈ പുരോഗതിക്കിടയിലും ജനസംഖ്യയുടെ ഒരു ചെറിയ വിഭാഗം അതിതീവ്രമായ ദാരിദ്ര്യത്തിൽ തുടർന്നു. 'ആശ്രയ', 'അഗതിരഹിത കേരളം' പോലുള്ള നിരവധി ക്ഷേമ പദ്ധതികൾ നിലവിലുണ്ടായിരുന്നിട്ടും അവ സമൂഹത്തിലെ ഏറ്റവും ദുർബലമായ വിഭാഗങ്ങളിലേക്ക് പൂർണ്ണമായി എത്തിച്ചേർന്നിരുന്നില്ല. നിലവിലുള്ള സർക്കാർ സഹായങ്ങളിൽ നിന്ന് ഒഴിവാക്കപ്പെട്ട വ്യക്തികളെയും കുടുംബങ്ങളെയും കണ്ടെത്തി സഹായിക്കുന്നതിന്, അതിദാരിദ്ര്യം എന്താണെന്ന് വ്യക്തമായി നിർവചിക്കേണ്ടതിന്റെ ആവശ്യകത ഉയർന്നു.

വ്യക്തികളെയും കുടുംബങ്ങളെയും ദുരിതത്തിലാക്കുന്ന മോശം ആരോഗ്യം, ഭക്ഷ്യദൗർലഭ്യം, ഭൂരാഹിത്യം, പാർപ്പിടമില്ലായ്മ, സ്ഥിര വരുമാനമില്ലായ്മ, അംഗവൈകല്യം, വാർധക്യം എന്നിവയെല്ലാം ദാരിദ്ര്യത്തിന്റെ പ്രധാന കാരണങ്ങളാണ്. പലപ്പോഴും വിവിധ സാഹചര്യങ്ങൾ ഒരുമിച്ച് ചേർന്നാണ് ഈ അവസ്ഥയെ കൂടുതൽ രൂക്ഷമാക്കുന്നത്.

പട്ടികജാതി, പട്ടികവർഗ, മത്സ്യത്തൊഴിലാളി വിഭാഗങ്ങളെപ്പോലുള്ള പാർശ്വവത്കരിക്കപ്പെട്ട സമൂഹങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ വാസസ്ഥലങ്ങളുടെ വിദൂരത, താഴ്ന്ന വിദ്യാഭ്യാസനിലവാരം, പോഷകാഹാരക്കുറവ്, വൈദ്യുതി, കുടിവെള്ളം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം എന്നിവയെല്ലാം അവരുടെ ദുർബലതയും സാമൂഹികമായ ഒറ്റപ്പെടലും വർധിപ്പിച്ചു.




പ്രാദേശിക, വാർഡ് തലങ്ങളിൽ പൊതുജന പങ്കാളിത്തത്തോടെ നടത്തിയ സർവേകളിലൂടെയാണ് അതീവ ദാരിദ്ര്യത്തിലുള്ള കുടുംബങ്ങളുടെ പ്രാഥമിക പട്ടിക തയ്യാറാക്കിയത്. സമൂഹപങ്കാളിത്തത്തിന് നൽകിയ അസാധാരണമായ പ്രാധാന്യമാണ് ഈ പ്രവർത്തനത്തെ വേറിട്ടുനിർത്തിയത്.

മുൻകാലങ്ങളിൽ കുടുംബശ്രീ യൂണിറ്റുകൾ വഴി നടത്തിയിരുന്ന പ്രവർത്തനങ്ങളിൽ നിന്ന് വ്യത്യസ്തമായി, ജനകീയാസൂത്രണത്തിന്റെ വിപുലമായ രൂപമാണ് ഇവിടെ ആവിഷ്കരിച്ചത്. പഞ്ചായത്ത് തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു. ഓരോ വാർഡിലും വിവിധ സാമൂഹ്യ-രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, കുടുംബശ്രീ യൂണിറ്റുകൾ, നഗരങ്ങളിലെ എൻ.ജി.ഒ-കൾ സ്വയംസഹായ സംഘങ്ങൾ, യുവജന-വനിതാ സംഘടനകൾ എന്നിവയടങ്ങിയ ടീമുകൾ രൂപീകരിച്ചു.

കേരളത്തിന്റെ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി കാണിച്ചുതരുന്നത്, ആഴത്തിൽ വേരൂന്നിയ സാമൂഹിക പ്രശ്നങ്ങളെ ദാനധർമ്മങ്ങളിലൂടെയല്ല, മറിച്ച് അവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ളതും ജനങ്ങളിൽ കേന്ദ്രീകരിക്കുന്നതുമായ ഭരണത്തിലൂടെയാണ് പരിഹരിക്കേണ്ടത് എന്നാണ്. ഈ സമീപനം, ദാരിദ്ര്യത്തെ ആരോഗ്യം, പാർപ്പിടം, ഉപജീവനമാർഗ്ഗം, അന്തസ്സ്, പൊതുസേവനങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള പ്രശ്നമായി കൈകാര്യം ചെയ്തു.

സരസുവിന്റെ ഡിജിറ്റൽ ലോകത്തേക്കുള്ള യാത്ര, മേരിയുടെ സ്വയംപര്യാപ്തതയിലേക്കുള്ള പാത, ദുർബലരായ കുട്ടികൾക്ക് നൽകിയ സംരക്ഷണം എന്നിയൊന്നും ഒറ്റപ്പെട്ട സംഭവങ്ങളല്ല, വലിയൊരു പ്രതിജ്ഞാബദ്ധതയുടെ പ്രതിഫലനങ്ങളാണ്. കേരളം അതിന്റെ 69-ാം വാർഷികം ആഘോഷിക്കുമ്പോൾ ഇന്ത്യയിൽ അതിദരിദ്രരില്ലാത്ത ആദ്യ സംസ്ഥാനമെന്ന ലക്ഷ്യത്തിലേക്ക് കുതിക്കുകയാണ് നാം. ■

**സജിനാ സത്താർ**
**അസിസ്റ്റന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്**



## സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത നേടിയ രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളം

# കേരളം ഡിജിറ്റലായ കഥ

സമൂഹത്തിന്റെ സർവതോന്മുഖമായ വികസനത്തിന് കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. വിദ്യാഭ്യാസം, ആരോഗ്യപരിചരണം, ലിംഗസമത്വം, സാമൂഹ്യനീതി എന്നിവയിലൊക്കെ കേരളം ദേശീയ തലത്തിൽ മുൻനിരയിൽ നിലകൊള്ളുന്നു. ലോകാരോഗ്യ സംഘടനയും യുനിസെഫും അടക്കമുള്ള അന്താരാഷ്ട്ര സംഘടനകൾ കേരള മോഡൽ വികസനത്തെ അഭിനന്ദിച്ചിട്ടുണ്ട്. ജനസംഖ്യാ നിയന്ത്രണം, സാക്ഷരത, കുട്ടികളുടെയും സ്ത്രീകളുടെയും സുരക്ഷ എന്നിവയിൽ കേരളം കൈവരിച്ച നേട്ടങ്ങളും കേരളത്തിലെ വികേന്ദ്രീകൃത ആസൂത്രണത്തിന്റെ മാതൃകയും മറ്റ് സംസ്ഥാനങ്ങൾ പല ഘട്ടങ്ങളിലായി പഠന വിധേയമാക്കിയിട്ടുണ്ട്. ആ കൂട്ടത്തിലേക്ക് ഇനി ഡിജിറ്റൽ സാക്ഷരതയും. കേരളം ആദ്യം നടപ്പിലാക്കും, രാജ്യം അത് മാതൃകയാക്കും എന്ന പ്രശസ്ത മാധ്യമപ്രവർത്തകന്റെ വാക്കുകൾ യാഥാർഥ്യമാകുന്ന മറ്റൊരു കേരളാ സ്‌റ്റോറിക്കാണ് ഡിജികേരളത്തിലൂടെ നാം സാക്ഷ്യം വഹിക്കുന്നത്.

സാങ്കേതികതയിൽ ഉണ്ടാവുന്ന മുന്നേറ്റങ്ങൾ പലപ്പോഴും ഏറ്റവും അവസാനം എത്തുന്നത് സ്ത്രീകളിലാണ്. സമൂഹത്തിൽ അവർ നേരിടുന്ന പിന്നാക്കാവസ്ഥയുടെ ബാക്കിപത്രമാണ് അത്. അവരുടെ നിരക്ഷരതയും വിവരസാങ്കേതിക വിദ്യാവബോധത്തിന്റെ അഭാവവും കാരണം പലപ്പോഴും സ്ത്രീകൾ ചൂഷണം ചെയ്യപ്പെടുന്നു. കോവിഡ് മഹാമാരി നമ്മുടെയൊക്കെ ലോകം വീടിനുള്ളിൽ ചുരുക്കിയ സമയത്ത് സാങ്കേതികവിദ്യയുടെ പ്രാധാന്യം നമുക്ക് കൃത്യമായി മനസ്സിലാവുകയും ചെയ്തു. ഇത് എല്ലാ വിഭാഗം ജനങ്ങളിലേക്കും എത്തിക്കുന്നതിനുള്ള ബൃഹത് പദ്ധതിയാണ് ഡിജി കേരളം.





ഡിജികേരളം ഉദ്ഘാടന ചടങ്ങിൽ മുഖ്യമന്ത്രിക്കൊപ്പം സെൽഫിയെടുക്കുന്ന ഡിജിറ്റൽ പഠിതാവ്

## ഡിജി കേരളം കണക്കുകൾ

സർവേ ചെയ്ത കുടുംബങ്ങൾ: **83,45,879**

സർവേ ചെയ്ത വ്യക്തികൾ: **1,50,82,536**

ആകെ കണ്ടെത്തിയ പഠിതാക്കൾ: **21,88,398**
(സ്ത്രീകൾ: 1381166,
പുരുഷന്മാർ: 805588
ട്രാൻസ്ജെൻഡർ: 1644)

ആകെ കണ്ടെത്തിയ പഠിതാക്കളിൽ 14 വയസ്സിനും 65 വയസ്സിനും ഇടയിൽ പ്രായം ഉള്ളവർ: **16,62,765**

ആകെ പരിശീലനം ലഭിച്ചവർ: **21,87,966**

മൂല്യനിർണ്ണയത്തിൽ വിജയിച്ച് സാക്ഷ്യപത്രം നേടിയവർ: **21,87,667**

വിജയ നിരക്ക് : **99.98%**

### ആദ്യ ചുവടുവയ്പ്

തിരുവനന്തപുരത്തെ പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതയ്ക്കായി ഡിജി പുല്ലമ്പാറ എന്ന പദ്ധതി നടപ്പാക്കിയതാണ് തുടക്കം. നിലവിലുണ്ടായിരുന്ന പദ്ധതികളിൽ നിന്നുള്ള മാറിനടത്തം കൂടിയായിരുന്നു അത്. ഡിജിറ്റൽ സാക്ഷരത എന്ന ആശയം അടിസ്ഥാനമാക്കി 'ഡിജിറ്റൽ ഇന്ത്യ' പദ്ധതിയിൻ കീഴിൽ 'ദേശീയ ഡിജിറ്റൽ സാക്ഷരത മിഷൻ' വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നുണ്ട്. അക്ഷയ കേന്ദ്രങ്ങൾ മുഖേന ഒരു കുടുംബത്തിലെ ഒരാൾക്ക് വീതം ഡിജിറ്റൽ സാക്ഷരത നൽകുന്ന പദ്ധതിയാണ് പ്രധാനമായും ഏറ്റെടുത്തത്. എന്നാൽ ഒരു പഞ്ചായത്തിലെയോ ഗ്രാമത്തിലെയോ മുഴുവൻ ആളുകൾക്കും ഡിജിറ്റൽ സാക്ഷരത നൽകുന്ന പദ്ധതി രാജ്യത്ത് എവിടെയും ഉണ്ടായിട്ടില്ല. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുമായി സഹകരിച്ച് കേരള സംസ്ഥാന ഐ.ടി. മിഷൻ ഒരു കുടുംബത്തിലെ ഒരാൾക്ക് വീതം ഡിജിറ്റൽ സാക്ഷരത നൽകുന്ന പദ്ധതി ആരംഭിച്ചിരുന്നു.

ദേശീയ ഡിജിറ്റൽ സാക്ഷരതാ മിഷന്റെ മാനദണ്ഡം അനുസരിച്ച് 14 വയസ്സ് മുതൽ 60 വയസ്സ് വരെയുള്ളവർക്കാണ് ഡിജിറ്റൽ സാക്ഷരതാപരിശീലനം നൽകുന്നത്. എന്നാൽ ഡിജി പുല്ലമ്പാറ പദ്ധതിയിൽ 14 വയസ്സ് മുതൽ 65 വയസ്സ് വരെയുള്ളവരെ പരിശീലിപ്പിക്കുവാൻ തീരുമാനിച്ചു. പഠിതാക്കൾക്കുള്ള പരിശീലന മോഡ്യൂൾ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവകലാശാല അംഗീകരിച്ചു നല്കി. വോളന്റിയർമാർ



വീടുകൾ കയറിയും, തൊഴിലുറപ്പ് പദ്ധതിയുടെ സൈറ്റുകളിൽ ഒഴിവ് സമയങ്ങളിലും, പഠിതാക്കളുടെ കൂട്ടായ്മകൾ ഉണ്ടാകാനിടയുള്ള മറ്റ് ഇടങ്ങളിലും വച്ചാണ് പരിശീലനം നല്കിയത്.

## ഡിജി കേരളത്തിന്റെ തുടക്കം

ഡിജി പുല്ലമ്പാറ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ പദ്ധതിയുടെ ഉജ്ജ്വല വിജയം മറ്റ് തദ്ദേശ സ്ഥാപനങ്ങൾക്കും ഇതേ മാതൃക സ്വീകരിക്കുന്നതിന് പ്രചോദനമായി. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ കേരളമൊട്ടാകെ ഏറ്റെടുത്ത് നടത്താൻ സർക്കാർ തീരുമാനിച്ചു. തൽഫലമായി 'ഡിജി കേരളം' എന്ന പേരിൽ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ പദ്ധതിക്ക് തുടക്കം കുറിച്ചു.

## ഡിജി കേരളം അവലംബിച്ച രീതികൾ

കേരളത്തിലാകമാനം 2,57,000 വോളന്റിയർമാർ പദ്ധതിയുടെ ഭാഗമായി. മൂന്ന് ഘട്ടങ്ങളിലായാണ് പദ്ധതി നിർവഹണം പൂർത്തിയായത്. ആദ്യ ഘട്ടത്തിൽ സൂക്ഷ്മമായ ഡാറ്റാ ശേഖരണത്തോടെ അടിസ്ഥാന ഡിജിറ്റൽ സാക്ഷരത ഇല്ലാത്തവരെ തിരിച്ചറിഞ്ഞു. സംസ്ഥാനത്ത് ആകെയുള്ള 1.5 കോടി വീടുകളിൽ ആൾതാമസം ഇല്ലാത്തവ ഒഴികെ 83,45,879 കുടുംബങ്ങളിലായി 1,50,82,536 വ്യക്തികളിൽ നടത്തിയ വിവരശേഖരണം വഴി ഡിജിറ്റൽ സാക്ഷരതയില്ലാത്ത 21,88,398 പൗരന്മാരെ തിരിച്ചറിഞ്ഞു. രണ്ടാം ഘട്ടത്തിൽ സ്മാർട്ട്ഫോൺ പ്രവർത്തനത്തെ സംബന്ധിച്ച പരിശീലനം നൽകിക്കൊണ്ട് അടിസ്ഥാന ഡിജിറ്റൽ സാക്ഷരത ഉറപ്പാക്കി. 21,87,966 പേർക്കാണ് പരിശീലനം നൽകിയത്. കുടുംബശ്രീപ്രവർത്തകർ,കോളേജ്‌വിദ്യാർഥികൾ, കേരള സ്റ്റേറ്റ് സാക്ഷരതാമിഷൻ പ്രേരക്മാർ, ലൈബ്രറി കൗൺസിൽ അംഗങ്ങൾ, എൻഎസ്എസ്, എൻസിസി കേഡറ്റുകൾ, യുവജന സംഘടനകളിലെ അംഗങ്ങൾ എന്നിവരുൾപ്പെടെ 2,57,000-ത്തിലധികം സന്നദ്ധപ്രവർത്തകർ പദ്ധതിയുടെ വിവരശേഖരണം, പരിശീലനം എന്നിവയിൽ പങ്കാളികളായി.

14 വയസ്സിന് മുകളിലുള്ള എല്ലാ പൗരന്മാർക്കും ഡിജിറ്റൽ സാക്ഷരത ഉറപ്പാക്കുന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കിയത്. ഒരു കുടുംബത്തിലെ ഒരു വ്യക്തിയ്ക്ക് മാത്രം പരിശീലനം നൽകുന്ന, മുമ്പ് നടപ്പിലാക്കിയ പദ്ധതികളിൽനിന്ന് വിഭിന്നമായി മുഴുവൻ പൗരന്മാരുടെയും ഡിജിറ്റൽ സാക്ഷരത ഈ പദ്ധതി വഴി ഉറപ്പാക്കി. വോളന്റിയർമാർക്ക് പരിശീലനം നൽകി, അവർ മുഖേനയാണ് പരിശീലനം നൽകിയത്. പരിശീലനം ആവശ്യമുള്ള 21,88,398 പേരിൽ 21,87,966 (99.98%) പഠിതാക്കളും പരിശീലനം പൂർത്തിയാക്കി. ശാസ്ത്രീയമായി തയ്യാറാക്കിയ മോഡ്യൂളുകൾ ഉപയോഗിച്ചാണ് പഠിതാക്കൾക്ക് ക്ലാസ്സുകളെടുത്തത്.

പരിശീലനം പൂർത്തിയാക്കിയവരെ മൂല്യനിർണ്ണയ പ്രക്രിയയ്ക്ക് വിധേയരാക്കുകയും മൂല്യനിർണ്ണയത്തിൽ പരാജയപ്പെട്ടവർക്ക് വീണ്ടും പരിശീലനം നൽകുകയും അവരെ ഒരിക്കൽ കൂടി മൂല്യനിർണ്ണയത്തിന് വിധേയരാക്കുകയും ചെയ്തു. 14 വയസ്സുമുതൽ 65 വരെ പ്രായമുള്ള എല്ലാവരെയും നിർബന്ധിത മൂല്യനിർണ്ണയത്തിന്റെ ഭാഗമാക്കി. പരിശീലനം പൂർത്തിയാക്കിയ 21,87,966 പഠിതാക്കളിൽ 21,87,667 പേരും മൂല്യനിർണ്ണയത്തിൽ വിജയിച്ച് ഡിജിറ്റൽ സാക്ഷരത കൈവരിച്ചു.

'ഡിജി കേരളം' പദ്ധതിയുടെ സുതാര്യത ഉറപ്പാക്കുന്നതിനായി മൂന്ന് തലങ്ങളിൽ സൂപ്പർചെക്ക് നടത്തി. ഇവാല്യവേഷൻ പൂർത്തിയാക്കിയ പഠിതാക്കളിൽ അഞ്ച് ശതമാനം ജില്ലാ തലത്തിലും ഒരു ശതമാനം സംസ്ഥാന തലത്തിലും തദ്ദേശ സ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥർ മുഖേന സൂപ്പർചെക്ക് നടത്തി. ഇതിന് പുറമേ ഇവാല്യവേഷൻ പൂർത്തിയാക്കിയ ആകെ പഠിതാക്കളിൽ രണ്ടുശതമാനം പേരെ സാമ്പത്തിക സ്ഥിതിവിവര വകുപ്പ് മുഖേനയും സൂപ്പർ ചെക്ക് നടത്തി.

കുടുംബശ്രീ പ്രവർത്തകർ, ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾ, സാക്ഷരതാ മിഷൻ പ്രേരക്മാർ, എസ്.സി.-എസ്.റ്റി. പ്രൊമോട്ടർമാർ, തൊഴിലുറപ്പ് പദ്ധതി മേറ്റുമാർ, എൻഎസ്എസ്, എൻസിസി, എൻവൈകെ, സന്നദ്ധസേനാ വോളന്റിയർമാർ, ലൈബ്രറി കൗൺസിൽ, യുവജനക്ഷേമ ബോർഡ്, സന്നദ്ധ സംഘടനകൾ, യുവതീയുവാക്കൾ, വിദ്യാർത്ഥികൾ എന്നിവരിൽപ്പെട്ട



ഡിജിറ്റൽ സാക്ഷരരായ വോളന്റിയർ എന്നിവരെ ഉപയോഗിച്ചാണ് വിവരശേഖരണവും പരിശീലനവും മൂല്യനിർണ്ണയവും നടത്തിയത്. പദ്ധതി പ്രവർത്തനങ്ങൾക്കായി ഒരു വെബ് പോർട്ടലും മൊബൈൽ ആപ്ലിക്കേഷനും സജ്ജീകരിച്ചിരുന്നു.

പദ്ധതിയുടെ വിജയത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും വിവിധ വകുപ്പുകളുടെയും പൊതുസമൂഹത്തിന്റെയും പരിപൂർണ്ണ സഹകരണവും ലഭിച്ചു.

## തുടർപ്രവർത്തനം

കേരളത്തിലെ എല്ലാ പൗരന്മാർക്കും ഡിജിറ്റൽ സാക്ഷരത നൽകുന്ന പദ്ധതി പ്രവർത്തനങ്ങളുടെ ആദ്യഘട്ടം മാത്രമേ പൂർത്തിയാകുന്നുള്ളൂ. രണ്ടാംഘട്ടം എന്ന നിലയിൽ ഡിജിറ്റൽ സാക്ഷരത എന്നതിലുപരി ഡിജിറ്റൽ വിദ്യാഭ്യാസം നൽകുന്നതിനും പദ്ധതിയുണ്ട്. ഓൺലൈൻ ബാങ്കിങ് ഉൾപ്പെടെ സൈബർ ഇടങ്ങളിൽ ശ്രദ്ധ ചെലുത്തേണ്ട

> കേരളത്തിലാകമാനം 2,57,000 വോളന്റിയർമാർ പദ്ധതിയുടെ ഭാഗമായി. മൂന്ന് ഘട്ടങ്ങളിലായാണ് പദ്ധതി നിർവഹണം പൂർത്തിയായത്



കാര്യങ്ങളിൽ അവബോധം വളർത്തൽ, പരസഹായമില്ലാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കെ-സ്മാർട്ട് പോലുള്ള പോർട്ടലുകൾ ഉപയോഗിക്കാൻ പഠിക്കൽ, തുടങ്ങി ഡിജിറ്റലായ എല്ലാ സേവനങ്ങളും ഓരോ പൗരനും ഉപയോഗിക്കാവുന്ന തരത്തിലും യുവതീയുവാക്കൾക്ക് ഭാവിജീവിതത്തിന് സഹായകമാകുന്ന തരത്തിലും പ്രായവും വിദ്യാഭ്യാസവും അടിസ്ഥാനമാക്കി കൂടുതൽ ആഴത്തിലുള്ള പരിശീലനം നൽകാനാണ് സർക്കാർ രണ്ടാം ഘട്ടത്തിൽ ലക്ഷ്യമിടുന്നത്.

> ഡിജി കേരളം 2.0-ന്റെ ഭാഗമായി 'സീറോ സൈബർ ക്രൈം കേരളം' എന്ന പേരിൽ ക്യാമ്പയിൻ നടത്തും

1. തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേനയുള്ള സേവനങ്ങൾ നൽകുന്ന കെ-സ്മാർട്ടിൽ സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും ഐഡി നൽകുന്നതിനും എല്ലാ സേവനങ്ങളും ഓരോ കുടുംബവും മറ്റുള്ളവരുടെ സഹായമില്ലാതെ ഓൺലൈനായി അനുഭവവേദ്യമാക്കുന്നതിനും നടപടി സ്വീകരിക്കും. തുടർന്ന് ഇത് സംസ്ഥാന സർക്കാർ നൽകുന്ന എല്ലാ സേവനങ്ങളിലേക്കും വ്യാപിപ്പിക്കും.

2. ഡിജി കേരളം 2.0-ന്റെ ഭാഗമായി 'സീറോ സൈബർ ക്രൈം കേരളം' എന്ന പേരിൽ ക്യാമ്പയിൻ നടത്തും. കേരളത്തിലുടനീളം 10 ലക്ഷം ഡിജിറ്റൽ വോളന്റിയർമാരെ കണ്ടെത്തുകയും വിവിധ സർക്കാർ വകുപ്പുകൾ, കോളേജുകൾ, സ്കൂളുകൾ, സ്വകാര്യ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ സൈബർ സുരക്ഷയെയും ഡിജിറ്റൽ തട്ടിപ്പുകളെയും കുറിച്ചുള്ള ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുകയാണ് പ്രധാന ലക്ഷ്യം. ഓരോ ക്ലാസ്സും 2 മണിക്കൂർ ദൈർഘ്യമുള്ള സെമിനാർ, വെബിനാർ ആയി സംഘടിപ്പിച്ച ശേഷം, 15 മിനിറ്റുള്ള 20 ചോദ്യങ്ങളടങ്ങിയ പരീക്ഷ നടത്തും. വിജയിക്കുന്നവർക്ക് ഡിജി കേരളം 2.0ന്റെ പേരിലുള്ള ഡിജിറ്റൽ സർട്ടിഫിക്കറ്റ് നൽകും. സൈബർ വിദഗ്ധരുടെ സഹായത്തോടെ നിലവിൽ അറിഞ്ഞിരിക്കേണ്ട വിവിധ പ്രശ്നങ്ങൾ, അവയുടെ പരിഹാരങ്ങൾ എന്നിവയിൽ അവബോധം നൽകുന്നതിനനുയോജ്യമായ രീതിയിൽ പാഠ്യപദ്ധതി തയ്യാറാക്കും. പരിശീലനം ലഭിച്ചവരുടെ വിവരങ്ങൾ ശാസ്ത്രീയമായി ഡാറ്റാബേസിലൂടെ സൂക്ഷിക്കുകയും ഭരണസംവിധാനങ്ങൾക്കായി ലഭ്യമാക്കുകയും ചെയ്യും. ഇതിന്റെ പ്രചാരണർഥം മാരത്തോൺ, ഹാക്കത്തോൺ, കായിക മത്സരങ്ങൾ, ഹോർഡിങ്സ്, പത്ര-ദൃശ്യ മാധ്യമങ്ങളിൽ പരസ്യങ്ങൾ, ഷോർട് ഫിലിം ഫെസ്റ്റിവൽ തുടങ്ങിയവ സംഘടിപ്പിക്കും.

3. DEED - Digitalisation of Every Essential Document എന്ന പേരിൽ പൗരന്മാരുടെ എല്ലാ സർട്ടിഫിക്കറ്റുകളും മറ്റ് പ്രധാനപ്പെട്ട രേഖകളും ഡിജിലോക്കറുമായി ബന്ധിപ്പിക്കുകയും 'പേപ്പർരഹിത സേവനം' എന്ന വിശാലമായ കാഴ്ചപ്പാട് നടപ്പാക്കുകയും ചെയ്യും.■

# പാട്ടിന് കൂട്ട് മുതൽ ബിസിനസ് പാർട്ട്ണർ വരെ

നൂറ്റിയഞ്ച് വയസ്സുണ്ട് എറണാകുളം പെരുമ്പാവൂർ ആശമണ്ണൂർ മഠത്തിക്കുടിയിൽ എം.എ.അബ്ദുള്ളയ്ക്ക്. വലിയ സാമൂഹിക അസമത്വങ്ങളും ജാതി വിവേചനങ്ങളും നില നിന്നിരുന്ന കാലത്തായിരുന്നു ജനിച്ചത്. വിദ്യാലയങ്ങളും ആശുപത്രികളും വൈദ്യുതിയും ഫോൺ സേവനങ്ങളും ഗതാഗത സൗകര്യങ്ങളും വിരളമായ കാലമായിരുന്നു അത്. നാട് എത്രയോ വളർന്നെന്നും മാറ്റങ്ങൾ എല്ലായിടത്തും പ്രകടമാണെന്നും അബ്ദുള്ള പറയുന്നു. 'ഇപ്പോൾ വ്യക്തിജീവിതത്തിലും സർക്കാർ ഇടപെടൽ കാണാം. ഫോൺ ഉപയോഗിക്കാൻപോലും അറിയാതിരുന്ന ഞങ്ങളുടെ തലമുറ ഇപ്പോൾ എല്ലാ സേവനങ്ങളും മൊബൈൽ വഴി നേടുന്നു. പഞ്ചായത്തിൽനിന്നും ആളുകൾ വന്നാണ് മൊബൈൽ ഫോൺ ഉപയോഗിക്കാൻ പഠിപ്പിച്ചത്. ഇപ്പോൾ ഓൺലൈനായാണ് ഖുറാൻ വായിക്കുന്നത്. മുമ്പ് മകന്റെ സഹായം വേണ്ടിയിരുന്ന കാര്യങ്ങളെല്ലാം സ്വയം ചെയ്യുന്നു.' സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത എന്ന ലക്ഷ്യവുമായി സർക്കാർ നടപ്പിലാക്കിയ ഡിജി കേരള പദ്ധതിയുടെ ഗുണഭോക്താക്കളുടെ അനുഭവസാക്ഷ്യമാണിത്.



പെരുമ്പാവൂരിലെ 105 വയസ്സുള്ള എം.എം. അബ്ദുള്ള മൊബൈൽ ഫോണുമായി

103 വയസ്സുള്ള പുല്ലമ്പാറ പഞ്ചായത്തിലെ കരുണാകര പണിക്കരും 75 വയസ്സുകാരിയായ ആർ.സരസ്വതി അമ്മയും ഇങ്ങനെ പഞ്ചായത്ത് ഇടപെടലിലാണ് ഡിജിറ്റൽ ലോകത്തേക്ക് കടന്നത്. കരുണാകര പണിക്കരുടെ മകൻ രാജൻ മൊബൈൽ ഫോൺ വഴി കൃഷി പാഠം പദ്ധതി മനസ്സിലാക്കി, അതുവഴിയാണ് ഇപ്പോൾ കൃഷി ചെയ്യുന്നത്. 'മുമ്പ് ഇടനിലക്കാർ വഴി മാത്രമാണ് സാധനങ്ങൾ വിൽക്കാൻ കഴിഞ്ഞിരുന്നത്. ഇപ്പോൾ ഓരോ സുഗന്ധവ്യഞ്ജനത്തിന്റെയും പടം വില സഹിതം വാട്ട്സാപ്പിൽ ഇടും. ആവശ്യക്കാർ ഓർഡർ തരുന്നതനുസരിച്ച് അയച്ചുകൊടുക്കും. സാധനത്തിന്റെ വില ഓൺലൈൻ പെയ്മെന്റ് ആയി കിട്ടും. ചെറുപ്പക്കാർക്ക് വേണ്ടി മാത്രമാണ് സ്മാർട്ട്ഫോൺ എന്നായിരുന്നു എന്റെ വിചാരം. ഇന്നിപ്പോൾ അതെന്റെ ബിസിനസ് പാർട്ട്നർ ആണ്' - 56 വയസ്സുള്ള മേരിക്കുട്ടി ജോസഫ് സന്തോഷവും അഭിമാനവും പങ്കുവയ്ക്കുന്നു. 82 വയസ്സുള്ള ലക്ഷ്മിയമ്മ പറഞ്ഞത്, 'മുമ്പ് കറന്റ് ബില്ലടയ്ക്കാൻ മകനെ കാത്തിരിക്കണമായിരുന്നു. ചിലപ്പോളൊക്കെ അത് വൈകുകയും ചെയ്തിരുന്നു. ഇപ്പോൾ ഞാൻതന്നെ മൊബൈൽ ആപ്പ് വഴി ബില്ലടയ്ക്കുന്നു. അത്തരം കാര്യങ്ങൾ ചെയ്യുന്നതിൽ ഞാനിപ്പോൾ നിസ്സഹായയല്ല.' ആലപ്പുഴ ജില്ലയിലെ തേയില കച്ചവടക്കാരനായ സജീവിന്റെ അനുഭവം ഇതിലും രസകരമാണ്- "ഞാൻ ചെയ്യുന്നതിനെക്കാൾ കൂടുതൽ ജോലി ഇപ്പോൾ ചെയ്യുന്നത് എന്റെ മൊബൈലിലെ പെയ്മെന്റ് വാലറ്റ് ആണ്.'

ഡിജിറ്റൽ പഠിതാക്കളുടേതുപോലെ രസകരമാണ് പഠിപ്പിക്കാനെത്തിയ കോ-ഓർഡിനേറ്റർമാരുടെ അനുഭവങ്ങളും. ഡിജി കേരളയുടെ പൈലറ്റ് പ്രൊജക്ടായ ഡിജി പുല്ലമ്പാറയിലെ കോർഡിനേറ്റർമാർക്ക് പ്രതിസന്ധികളിൽ ആശ്രയിക്കാൻ മുൻഗാമികളുമുണ്ടായിരുന്നില്ല. ഡിജി പുല്ലമ്പാറയുടെ ഗ്രാമപഞ്ചായത്ത് തല കോ-ഓർഡിനേറ്റർ ഷംനാദ് പുല്ലമ്പാറ പറയുന്നു, 'ആദ്യം ജനങ്ങളിലേക്ക് ചെല്ലുമ്പോൾ എനിക്ക് ഇത്രയും പ്രായമായി, എന്തിനാ ഞങ്ങളെ ഇത് പഠിപ്പിക്കുന്നത്, ഇനി എന്താ ഇതിന്റെ ഉപയോഗം എന്ന രൂപത്തിലായിരുന്നു ചർച്ച. നെഗറ്റീവ് ആയിരുന്നു ആദ്യ പ്രതികരണങ്ങൾ. പക്ഷെ ഞങ്ങളുടെ പ്രചരണവും പ്രവർത്തനവും വഴി ഇതൊക്കെ മാറി. ഈ നാട്ടിലെ ജനങ്ങൾ രാഷ്ട്രീയ ഭേദമന്യേ ഇത് ഏറ്റെടുക്കുകയും ഏറ്റവും വലിയ പദ്ധതിയായി മാറുകയും ചെയ്തു.'

### പുല്ലമ്പാറയിലെ 'കുട്ടികൾ'

പുല്ലമ്പാറയിലെ തന്നെ ബേബി ഗിരിജ വാട്ട്സാപ്പ് ഉപയോഗിക്കുന്നത് പഠിക്കാനായാണ് ഡിജിറ്റൽ പഠനത്തിന് തയ്യാറായത്. പിന്നീട് വാട്ട്സാപ്പ് മെസേജുകൾക്ക് പുറമെ കോളുകൾ വിളിക്കാനും വീഡിയോ കോൾ വിളിക്കാനും പഠിച്ചു. അതോടൊപ്പം കൂടെയുള്ളവർക്കെല്ലാം പറഞ്ഞുകൊടുക്കാനും കഴിഞ്ഞു. അങ്ങനെ പഠിതാവിൽനിന്ന് അധ്യാപനത്തിലേക്ക് കടന്നു. 'പണം കൈമാറുന്ന ആപ്പുകൾ പഠിച്ചത് വലിയ



103 വയസ്സുള്ള പുല്ലമ്പാറ കരുണാകര പണിക്കരെ മൊബൈൽ ഫോൺ ഉപയോഗം പഠിപ്പിക്കുന്ന മകൻ രാജൻ

സഹായമായി. പണം കൈയിൽ കൊണ്ടുനടക്കണ്ട. ചില്ലറയില്ലെന്ന പേടി വേണ്ട. സാധനങ്ങൾ വാങ്ങുമ്പോൾ കൃത്യം തുക സ്കാൻ ചെയ്ത് കൊടുക്കാൻ കഴിയും. മീൻ വാങ്ങുന്നതുവരെ ഇപ്പോൾ സ്കാനർ ഉപയോഗിച്ചാണ്"- ബേബി ഗിരിജ പറയുന്നു.

പള്ളിച്ചൽ പഞ്ചായത്തിലെ പുഷ്പകല ഡിജിറ്റൽ സാക്ഷരത ലഭിച്ച ശേഷം കൃഷി ആവശ്യങ്ങൾക്കായി കിസാന്റെ കതിർ ആപ്പ് ഉപയോഗിക്കുമ്പോൾ പാട്ടുപാടാൻ ഇഷ്ടമുള്ള വയനാട്ടിലെ മറിയാമ്മ ജോസഫ് യൂട്യൂബ് വഴി കരോക്കെ വെച്ച് പാട്ടുപാടി പഠിക്കുകയാണ്. തൊഴിലുറപ്പ് പദ്ധതിയുടെ ജോലികൾ കഴിഞ്ഞു വന്നശേഷം അടുത്ത ദിവസത്തെ കുറിച്ചുള്ള ഗ്രൂപ്പ് ചർച്ചയൊക്കെ ഇപ്പോൾ സ്മാർട്ട്ഫോൺ ഉപയോഗിച്ചാണെന്നും അവർ പറയുന്നു.

## ഇടമലക്കുടിയിലും മാറ്റം

ഡിജി കേരളം പദ്ധതി ഏറ്റവും ബുദ്ധിമുട്ടി പൂർത്തിയാക്കിയ ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ രാമകൃഷ്ണൻ പറയുന്നത് ഒരു നാടിനുതന്നെ ഉണ്ടായ മാറ്റമാണ്. "ഡിജിറ്റൽ സാക്ഷരത ഇടമലക്കുടി നിവാസികൾക്ക് ഏറെ ഉപകാരപ്രദമായിട്ടുണ്ട്. പണ്ടുകാലത്തൊക്കെ ഒരു വിവരം അറിയിക്കണമെങ്കിൽ കുടികളിൽനിന്ന് കുടികളിലേക്ക് ആളെ വിടണമായിരുന്നു. ഇപ്പോൾ അങ്ങനെയല്ല. മൊബൈൽ ഫോൺ ഉപയോഗം വർധിക്കുകയും മൊബൈൽ ടവർ വരികയും ചെയ്തതുകൊണ്ട് ഞങ്ങൾക്ക് ജീവിതം കുറച്ചുകൂടി സുഖകരമായി.' ഇടമലക്കുടിയിലെ തന്നെ അനുശേഖറും ഈ മാറ്റം ശരിവെക്കുന്നു.

വനാശ്രിതയായ പഠിതാവാണ് നാരായണി. അവരിപ്പോൾ ടിവി കാണുന്നതും സിനിമ കാണുന്നതും ഫോണിലാണ്. ഇതൊക്കെ അന്യമായ ജീവിതമായിരുന്നു അവരുടേത്. കുട്ടികൾ ഗെയിം ഒക്കെ പഠിപ്പിച്ചതോടെ കളിക്കാനും തുടങ്ങിയതായി പറഞ്ഞ് നാരായണി ചിരിക്കുന്നു. വനാശ്രിതനായ പഠിതാവായ മാധവനും സമാനമായ അഭിപ്രായമാണ്. വാട്ട്സാപ്പും യൂട്യൂബും ഗെയിമും ഒക്കെ ജീവിതം കളറാക്കി. ഏറ്റവും സന്തോഷം മോളുടെ വീഡിയോ കോളാണെന്നും ചിരിച്ചുകൊണ്ട് മാധവൻ പറയുന്നു. വനാശ്രിതയായ മറ്റൊരു പഠിതാവ് വേശുവിന്റെ ആശയവിനിമയങ്ങളെല്ലാം ഇപ്പോൾ ഫോൺ വഴിയാണ്. പണിസ്ഥലത്തുനിന്ന് മേസ്തിരിമാർ വിളിക്കുന്നതിന് മറുപടി പറയാൻ ഫോണുണ്ടെന്ന അഭിമാനം അവർ പങ്കുവെക്കുന്നു.



വാർധക്യത്തിന്റെ ഏകാന്തതയ്ക്ക് കൂട്ടാണ് ആന്റണി ഫിലിപ്പിന് സ്മാർട്ട് ഫോൺ. 'കുട്ടികളോ മരുമക്കളോ പുറത്തായിരിക്കുമ്പോൾ വലിയ പ്രയോജനമാണ്. അവരെ നേരിൽ കണ്ട് സംസാരിക്കുമ്പോളുള്ള സന്തോഷം!' ആന്റണിയുടെ കണ്ണുനിറയുന്നു.

തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളായ ഒരുകൂട്ടം അമ്മമാർ തേമ്പാമൂട് എടിഎം മ്മിന് മുന്നിൽ വരിവരിയായി നിന്നിരുന്നത് അവരുടെ അക്കൗണ്ട് ബാലൻസ് പരിശോധിക്കാനാണ്. ഇന്നത് പഴങ്കഥയാണ്. ബാങ്കിൽ പോകാതെ, ആരെയും ആശ്രയിക്കാതെ, സ്മാർട്ട് ഫോൺ ഉപയോഗിച്ച് സ്വന്തം അക്കൗണ്ടിൽ വന്ന തുക അറിയുകയും സ്വന്തം ഇഷ്ടപ്രകാരം ചെലവഴിക്കുയുമാണവർ. ഈ സ്വയം പര്യാപ്തതയിലേക്ക് അവരെ നയിച്ച നിശ്ശബ്ദ വിപ്ലവത്തിന്റെ പേരാണ് ഡിജി കേരള.■

## കേരളസ്റ്റോറി
# കുരുന്നുചിരികൾ നിറയുന്ന കേരളം



കേരളത്തിലെ ശിശുമരണനിരക്ക് 5 ആയി കുറഞ്ഞിരിക്കുന്നു. ഇന്ത്യയിലെ ഏറ്റവും കുറഞ്ഞ ശിശുമരണ നിരക്കാണിത്. ദേശീയ ശരാശരി 25 ആണ്.

അമേരിക്കൻ ഐക്യനാടുകളുടെ ശിശു മരണ നിരക്ക് 5.6 ആണ്. അതായത് യു എസിന്റെ ശിശുമരണനിരക്കിനേക്കാൾ കേരളത്തിലെ ശിശു മരണ നിരക്ക് കുറഞ്ഞിരിക്കുന്നു.

കഴിഞ്ഞ ദിവസം പുറത്തിറങ്ങിയ സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് ആണ് ഏറ്റവും പുതിയ കണക്കുകൾ പുറത്തു വിട്ടത്.

രാജ്യത്ത് ഗ്രാമീണ നഗര മേഖലകളിൽ ശിശുമരണ നിരക്കിൽ വലിയ അന്തരമുണ്ട്. രാജ്യത്തെ ശരാശരി ഗ്രാമീണ മേഖലയിൽ 28 ഉം നഗരമേഖലയിൽ 19 തുമാണ് എന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു .എന്നാൽ കേരളത്തിൽ ഇരുമേഖലകളിലും ഒരേപോലെ മരണ നിരക്ക് കുറക്കാൻ കഴിഞ്ഞു. കേരളത്തിന്റെ നിരക്കിൽ ഗ്രാമ,നഗര വ്യത്യാസമില്ല. ഗ്രാമ,നഗര വ്യത്യാസമില്ലാതെ ഒരേ പോലെ ആരോഗ്യ സേവനങ്ങൾ ഇവിടെ ലഭിക്കുന്നു.

## അഭിമാനസ്ഥാപനം
# ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി

പകർച്ചവ്യാധി പ്രതിരോധത്തിലുള്ള കേരളത്തിന്റെ പ്രവർത്തനങ്ങൾക്ക് ശക്തി പകരുന്ന അഭിമാന സ്ഥാപനമാണ് തിരുവനന്തപുരം തോന്നയ്ക്കലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി. നിപ വൈറസ് ബാധയുണ്ടായിട്ടുള്ള മനുഷ്യരിലും മൃഗങ്ങളിലും അത് കണ്ടെത്താൻ കഴിയുന്ന സ്യൂഡോവൈറസ് പരിശോധനാസംവിധാനം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി



# ഇഷ്ടസിനിമകളും സീരീസുകളും ആസ്വദിക്കാൻ കെ ഫോൺ ഒടിടി




സംസ്ഥാന സർക്കാരിന്റെ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സേവനമായ കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് ലിമിറ്റഡ് (കെ-ഫോൺ) വഴി ഒടിടി സേവനങ്ങൾ ലഭിക്കുന്നു.  ആമസോൺ പ്രൈം, ജിയോ ഹോട്ട്സ്റ്റാർ, സോണി ലൈവ് അടക്കമുള്ള 29 ഓളം ഒടിടി പ്ലാറ്റ്ഫോമുകളും 350ലധികം പ്രമുഖ ലൈവ് ടെലിവിഷൻ ചാനലുകളും ലഭിക്കും. പ്ലേബോക്സ് എന്ന അഗ്രിഗേറ്റർ പ്ലാറ്റ്ഫോമുമായി സഹകരിച്ചുകൊണ്ടാണ് കെ-ഫോൺ ഒടിടി സേവനം ആരംഭിക്കുന്നത്.

കുറഞ്ഞ നിരക്കിൽ, ഗുണമേൻമയുള്ള അതിവേഗ ഇന്റർനെറ്റ് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച കെ-ഫോൺ പദ്ധതി ഒരു ലക്ഷം വരിക്കാരെന്ന നേട്ടം കൈവരിച്ചു.

കെഫോൺ ഒടിടി പാക്കേജ് മാസനിരക്കുകൾക്ക് www.kfon.in

വികസിപ്പിച്ചെടുത്തു. മനുഷ്യർക്കും വവ്വാലുകൾക്കും ഇടയിൽ ഇടനിലക്കാരായി നിന്ന് മനുഷ്യരിലേക്ക് രോഗം സംക്രമിപ്പിക്കുന്ന മൃഗങ്ങൾ ഉണ്ടെങ്കിൽ അവയെ കണ്ടെത്താൻ സ്യൂഡോവൈറസ് പരിശോധന വ്യാപകമായി ഉപയോഗിക്കാൻ കഴിയും. ഈ വർഷം പാലക്കാട്, മലപ്പുറം ജില്ലകളിൽ നിപ ബാധയുണ്ടായ പശ്ചാത്തലത്തിൽ മേൽപ്പറഞ്ഞ പരിശോധനകൾ IAV യിൽ നടക്കുകയാണ്. അതുപോലെ നിപ സമ്പർക്ക പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് രോഗലക്ഷണങ്ങൾ പ്രകടമാകാതെ അണുബാധ ഉണ്ടായിട്ടുണ്ടോ എന്നറിയാനും ഈ സങ്കേതം ഉപകരിക്കും.

സ്യൂഡോവൈറസ് ഉപയോഗിച്ചുള്ള പരിശോധനകളും എലിസ പരിശോധനയും വൈറസിനെതിരെ ശരീരം പ്രതിപ്രവർത്തിക്കുമ്പോൾ ഉണ്ടാകുന്ന ആന്റിബോഡികളെ ആണ് ടെസ്റ്റ് ചെയ്യുന്നത്. കോഴിക്കോട്, മഞ്ചേരി മെഡിക്കൽ കോളേജുകളിലെ വി ആർ ഡി എൽ ലാബുകളോടും ആലപ്പുഴ, പൂനെ എന്നിവിടങ്ങളിലെ NIV ലാബുകളോടുമൊപ്പം നിപ രോഗം കണ്ടെത്താൻ ആർ ടി പി സി ആർ പരിശോധന തുടർച്ചയായി നടത്തിക്കൊണ്ടിരിക്കുന്ന സ്ഥാപനമാണ് IAV.

നിപയുടെ മാത്രമല്ല കേരളത്തിന് എക്കാലവും ഭീഷണിയായ ഡെങ്കിപ്പനിയുടെ നാല് വൈറസ് വകഭേദങ്ങളുടെയും റാബിസ് വൈറസിന്റെയും ഒക്കെ സ്യൂഡോ വൈറസുകളെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ് വൈറോളജി രൂപപ്പെടുത്തിയിട്ടുണ്ട്.

## അന്തർദേശീയ അംഗീകാരം



കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ജേർണൽ "ഹയർ എജ്യുക്കേഷൻ ഫോർ ദ ഫ്യൂച്ചർ" ഹ്യൂമാനിറ്റീസ് ആൻഡ് സോഷ്യൽ സയൻസസ് വിഭാഗത്തിൽ രാജ്യത്ത് ഒന്നാമതെത്തി. അക്കാദമിക പ്രസിദ്ധീകരണങ്ങളെ വിലയിരുത്തുന്ന സ്കോപസ് അന്താരാഷ്ട്ര റാങ്കിങിലാണ് ഉന്നത വിദ്യാഭ്യാസ കൗൺസിൽ സേജ് പബ്ലിഷറുമായി ചേർന്നു പ്രസിദ്ധീകരിക്കുന്ന ജേർണലിന്റെ സുവർണ്ണ നേട്ടം. സ്കോപസ് അന്താരാഷ്ട്ര റാങ്കിങിന്റെ 'ക്യൂ വൺ' പട്ടികയിലുൾപ്പെടുത്തിയ ജേർണലിന്  അന്തർ വൈജ്ഞാനിക മേഖലയിലെ ഹൈ ഇമ്പാക്ട് ഫാക്ടർ ജേർണലുകളിൽ ലോകത്തു മൂന്നാം സ്ഥാനമുണ്ട്.

കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആദ്യ വൈസ് ചെയർമാൻ ഡോ. കെ. എൻ. പണിക്കർ 2010 ൽ "ജേർണൽ ഓഫ് കൺവെർജെൻസ് സ്റ്റഡീസ്" എന്ന പേരിൽ ആരംഭിച്ച ഈ ജേർണലിന്റെ മാർഗദർശക സമിതിയിൽ നോം ചോംസ്കി, റോമിലാ ഥാപർ, ടെറി ഈഗിൾടൺ, റോജർ വൈ. ചെൻ തുടങ്ങി വിഖ്യാതരായ അക്കാദമിക വിദഗ്ധരാണുള്ളത്.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ കോവിഡ് വ്യാധിയുടെ പ്രതിഫലനം, ദേശീയ വിദ്യാഭ്യാസ നയം എന്നീ വിഷയങ്ങളിൽ ജേർണൽ പുറത്തിറക്കിയ രണ്ടു പ്രത്യേക പതിപ്പുകൾ രാജ്യാന്തര ശ്രദ്ധ പിടിച്ചു പറ്റി.

**ഓർമ്മ**

# കഥയുടെ കാരൂർ കാലം

### കാരൂർ നീലകണ്ഠപ്പിള്ളയുടെ 50-ാം ചരമവാർഷികം (1898 ഫെബ്രുവരി 22-1975 സെപ്റ്റംബർ 30)

കേരളം മറികടന്ന ദാരിദ്ര്യത്തിന്റെ ഭീഷണമായ ഒരു ഭൂതകാലത്തെ ഓർമ്മിപ്പിക്കുന്നതാണ് കാരൂരിന്റെ പൊതിച്ചോറ് എന്ന കഥ. പട്ടിണി കാരണം കുട്ടികളുടെ പൊതിച്ചോറ് മോഷ്ടിച്ച വിശപ്പടക്കേണ്ടി വന്ന അധ്യാപകന്റെ ദയനീയാവസ്ഥ ഇന്ന് വിശ്വസിക്കാനാകണമെന്നില്ല. അന്തസ്സും ആദരവും കല്പിക്കാത്ത, തുച്ഛമായ ശമ്പളത്തിൽ അധ്യാപകർക്ക് ജോലി ചെയ്യേണ്ടിവന്ന, കേരളപ്പിറവിക്കു മുമ്പുള്ള കാലമാണ് പശ്ചാത്തലം. അധ്യാപകജീവിതം കേന്ദ്രമാക്കി അദ്ദേഹം വേറെയും കഥകൾ എഴുതിയിട്ടുണ്ട്. എന്നാൽ അതിനപ്പുറം വിശാലമാണ് ആ കഥാലോകം. മനുഷ്യമനസ്സിന്റെ ആഴങ്ങളും ആകുതലതകളും നന്മകളും സ്നേഹത്തിനായുള്ള കാത്തിരിപ്പുമൊക്കെ തെളിയുന്ന കാരൂർ കഥാലോകവുമുണ്ട്. മരപ്പാവകളും പൂവമ്പഴവും ഉതുപ്പാന്റെ കിണറും മറ്റും ഉദാഹരണങ്ങൾ. തൊങ്ങലുകളില്ലാത്ത, ലളിതമായ ഭാഷ ആ കഥകളുടെ സവിശേഷതയായി. "കാരൂർ കഥകളുടെ മഹത്വത്തിന്റെ കാരണം അവയിൽ കാണുന്ന അച്ചടക്കമാണ് . ആവശ്യത്തിലേറെ തന്റെ വാക്കുകൾ കഥയുടെ ഫ്രെയിം വർക്കിനകത്തിരുന്ന് കലപില കൂട്ടരുത് എന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു." എം. ടി. വാസുദേവൻ നായർ കാരൂർ കഥപറച്ചിലിനെ ഇങ്ങനെ സംഗ്രഹിച്ചു..

1898 ഫെബ്രുവരി 22ന് ഏറ്റുമാനൂരിൽ ജനിച്ചു. ഏഴാംക്ലാസ് പാസായശേഷം സർക്കാർ സ്കൂളിൽ അധ്യാപകനായി ഔദ്യോഗിക ജീവിതമാരംഭിച്ചു. 1945ൽ സാഹിത്യപ്രവർത്തക സഹകരണസംഘം സ്ഥാപിക്കുന്നതിൽ നേതൃത്വം വഹിച്ചു. 1965 വരെ സംഘത്തിന്റെ സെക്രട്ടറിയായിരുന്നു.

**പ്രധാനകൃതികൾ:** പൂവമ്പഴം, മരപ്പാവകൾ, പിശാചിന്റെ കുപ്പായം, കാരൂർകഥകൾ, ഒരുപിടി മണ്ണ്, മീൻകാരി, തെരഞ്ഞെടുത്ത കഥകൾ (രണ്ടു ഭാഗങ്ങൾ), കാരൂരിന്റെ ബാലകഥകൾ, ബാലചന്ദ്രൻ

1975 സെപ്തംബർ 30ന് അന്തരിച്ചു.

തകഴിയും ബഷീറും പൊൻകുന്നം വർക്കിയുമൊക്കെ അടങ്ങുന്ന മഹത്തായ ഒരു സാഹിത്യകാലത്തിൽ കാരൂരിന്റെ എണ്ണം പറഞ്ഞ രചനകളും ഉൾപ്പെടുന്നു.



## കണക്കും കാര്യവും

പട്ടിക വിഭാഗങ്ങളിൽ പ്പെട്ട **1104** വിദ്യാർഥികൾക്ക് ഇതുവരെ വിദേശപഠന സൗകര്യം ലഭ്യമാക്കി. ഇവർക്ക് സ്കോളർ ഷിപ്പിനായി **213.86** കോടി രൂപ ചെലവിട്ടു.



2025-26 വർഷത്തെ ഉന്നതി സ്കോളർഷിപ്പ് വിതരണം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു

# ആധികാരിക വാർത്തകൾ, അറിയിപ്പുകൾ റിസൾട്ടുകൾ ഇനി വിരൽത്തുമ്പിൽ




Available on the App Store

GET IT ON Google Play

# PRD LIVE App
# പി.ആർ.ഡി ലൈവ്

**OFFICIAL MOBILE APP FROM**
**INFORMATION PUBLIC RELATIONS DEPARTMENT, KERALA**

/Keralainformation /iprdkerala Prdlive App

കേരള സർക്കാർ
ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്

Date of Publication: **01.09.2025** KERMAL2014/58028 Price: **12.00** Reg. No. KL/TV(N)/660/2022-2024




Printed and Published by T V Subhash IAS, Director, Information Public Relations Department of behalf of Government of Kerala
and Printed at Akshra Offset, Thiruvananthapuram, Kerala. Published from Information Public Relations Department, Govt. of Kerala
Government Secretariat, Thiruvananthapuram 695001. Editor: TV Subhash IAS